**പതിനഞ്ചാം കേരള നിയമസഭ**

**എസ്റ്റിമേറ്റ്സ് കമ്മിറ്റി**

**(2023-26)**

# ഇരുപത്തിയെട്ടാമത് റിപ്പോർട്ട്

**[പരിസ്ഥിതി വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]**

[2026 ഫെബ്രുവരി മാസം 24 -ാം തീയതി സഭയിൽ സമർപ്പിച്ചത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2026

പതിനഞ്ചാം കേരള നിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി

(2023-26)

ഇരുപത്തിയെട്ടാമത് റിപ്പോർട്ട്

[പരിസ്ഥിതി വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]

<u>**ഉള്ളടക്കം**</u>


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം | : | 95 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-26)

## ഘടന

**ചെയർപേഴ്സൺ**

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ

**അംഗങ്ങൾ**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി.പി. ചിത്തരഞ്ജൻ

ശ്രീ. ജി.എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം.എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി.ടി.എ. റഹീം

ശ്രീ. എൻ. ഷംസുദ്ദീൻ

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി - ഇൻ - ചാർജ്ജ്

ശ്രീ. സന്തോഷ്കുമാർ ആർ.എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ്കുമാർ എം.കെ., അണ്ടർ സെക്രട്ടറി

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-26) യുടെ ചെയർപേഴ്സണായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പരിസ്ഥിതി സംരക്ഷണത്തിന്റെ അനിവാര്യത മുൻനിർത്തി ആയതിന്റെ സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട്, ധനാഭ്യർത്ഥന നം. XVII - മേജർ ഹെഡ് 3435- 'ഇക്കോളജിയും എൻവയോൺമെന്റും' എന്നതിന് കീഴിലുള്ള പരിസ്ഥിതി വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് പഠനം നടത്താൻ സമിതി തീരുമാനിക്കുകയും ആയതിലേക്കായി റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. പരിസ്ഥിതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും ആയതിന്മേൽ ചോദ്യാവലി തയ്യാറാക്കി 09.11.2023 -ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു . സമിതി നടത്തിയ തെളിവെടുപ്പിന്റെയും വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ സമിതിയുടെ നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി 23 -ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**കെ.കെ. ശൈലജ ടീച്ചർ,**
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 24

## റിപ്പോർട്ട്

ഭൂമിയിൽ ജീവജാലങ്ങളുടെ ആവിർഭാവത്തെയും, നിലനിൽപ്പിനെയും അവയുടെ വികാസ പരിണാമങ്ങളെയും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ സ്വാധീനിക്കുന്ന വിവിധ ഘടകങ്ങളുടെ സമാഹാരമാണ് പരിസ്ഥിതി . പരിസ്ഥിതിയിലെ ഘടകങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ട് നിൽക്കുന്നതാകയാൽ പാരസ്പര്യ അനുരൂപങ്ങളെപ്പറ്റിയുള്ള ശരിയായ അറിവ് പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് അനിവാര്യമാകുന്നു . സ്വയം നവീകരിക്കുവാനുള്ള ഭൂമിയുടെ കഴിവിനെ നിലനിർത്തിക്കൊണ്ടുള്ള പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അതിനുതകും വിധമുള്ള പരിസ്ഥിതി സംരക്ഷണം നടത്തുന്നതിനാണ് ആധുനിക സമൂഹം കൂടുതൽ ഊന്നൽ നൽകുന്നത് . പരിസ്ഥിതിയെ സംരക്ഷിക്കുന്നതും പുനസ്ഥാപിക്കുന്നതും ആയതിനായുള്ള ഗവേഷണങ്ങൾ നടത്തുന്നതും ഈ ദിശയിലേക്കുള്ള മാർഗ്ഗദർശകമായ പ്രവർത്തനങ്ങളാകുന്നു.

2) പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം വരുത്തുന്ന പ്രവർത്തനങ്ങൾ കാലാവസ്ഥാ വ്യതിയാനം പോലുള്ള ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാനിടയാകുമെന്നത് വർത്തമാനകാല യാഥാർത്ഥ്യമാണ്. വിവിധങ്ങളായ കാലാവസ്ഥാ വ്യതിയാന പ്രതിഭാസങ്ങൾ, ഭൂമി എന്ന ജീവഗ്രഹത്തിന്റെ നിലനിൽപ്പിന് വലിയ ഭീഷണിയാകുന്നതും ജീവാന്തരീക്ഷവും ജീവിവർഗ്ഗങ്ങളുടെ സുസ്ഥിര നിലനിൽപ്പും അതിജീവനവും അപകടത്തിലാക്കുന്നുവെന്നതും ലോകം ആശങ്കയോടെ വീക്ഷിക്കുകയും പരിഹാര മാർഗ്ഗങ്ങൾ തേടുകയും ആയവ പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന കാലഘട്ടത്തിലൂടെയാണ് മാനവരാശി കടന്നു പോയിക്കൊണ്ടിരിക്കുന്നത്.

3) ആഗോളതലത്തിൽ ഹരിത ചിന്തകളും പ്രവർത്തനങ്ങളും വളരെയധികം പ്രാമുഖ്യം നേടുന്ന സാഹചര്യത്തിലാണ് നാമിന്നുള്ളത്. വർദ്ധിച്ചു വരുന്ന വിവിധങ്ങളായ പരിസ്ഥിതി പ്രശ്നങ്ങളെ നേരിടാൻ മറ്റു രാജ്യങ്ങളിലെന്ന പോലെ നമ്മുടെ രാജ്യത്തും പ്രത്യേക നയരൂപീകരണം നടത്തുകയും വനം-പരിസ്ഥിതി വകുപ്പ് നിലവിൽ വരികയുമുണ്ടായി. പരിസ്ഥിതി സംരക്ഷണത്തിന്റെ അനിവാര്യത ഉൾക്കൊണ്ടു കൊണ്ട് 1986 -ൽ പരിസ്ഥിതി സംരക്ഷണ നിയമം നിലവിൽ വന്നു. കൂടാതെ പരിസ്ഥിതി സംരക്ഷണം കൂടി ലക്ഷ്യമിട്ടു കൊണ്ടുള്ള വന സംരക്ഷണ നിയമം, തീരദേശ പരിപാലന നിയമം തുടങ്ങിയ പ്രത്യേക നിയമങ്ങളും ചട്ടങ്ങളും പ്രാബല്യത്തിൽ കൊണ്ടുവന്നു.

4) കഴിഞ്ഞ അഞ്ചു ദശാബ്ദങ്ങളായി ഭൗമോപരിതല താപനില വർദ്ധിക്കുന്നതായി ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ സൂചിപ്പിക്കുന്നു . ആഗോള തലത്തിലുള്ള താപനില വർദ്ധന പ്രാദേശിക തലത്തിലും പ്രതിഫലിക്കുമെന്നത് നിസ്തർക്കമാണ്. സുസ്ഥിരമായ ഋതു ചംക്രമണമുണ്ടായിരുന്ന കേരളവും കാലാവസ്ഥാ വ്യതിയാനത്തിന്റെ തീവ്ര ഫലങ്ങൾ അനുഭവിക്കുന്ന രീതിയിലേക്ക് മാറിക്കൊണ്ടിരിക്കുന്നുവെന്നത് ആശങ്കപ്പെടുത്തുന്നതാണ്. മഴക്കാലത്ത് മേഘ വിസ്ഫോടനം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, പ്രളയം എന്നിവയും വേനൽക്കാലത്ത് ഉഷ്ണ തരംഗം , സൂര്യതാപം തുടങ്ങിയവയും അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ തോതിലുണ്ടാകുന്ന വർദ്ധനയും സൂചിപ്പിക്കുന്നത് ഋതുഭേദമനുസരിച്ച് കാലാവസ്ഥയ്ക്ക് സംഭവിച്ച് കൊണ്ടിരിക്കുന്ന വ്യതിയാനത്തിന്റെ പ്രതിഫലനങ്ങളാണെന്ന് മനസ്സിലാക്കാവുന്നതാണ്. ഇത്തരം പ്രതിഭാസങ്ങൾ കരയിലും വെള്ളത്തിലുമുള്ള ജീവ ആവാസ വ്യവസ്ഥയെ സാരമായി ബാധിക്കുകയും കുടിവെള്ള ക്ഷാമത്തിലെന്നപോലെ തന്നെ വെള്ളപ്പൊക്കത്തിനും , വരൾച്ചക്കും, മണ്ണിലെ ഈർപ്പത്തിന്റെ അളവ് കുറയുകവഴി മണ്ണിലെ ഫലഭൂയിഷ്ഠത കുറഞ്ഞു പോകുന്നതിനും ജീവിവർഗ്ഗങ്ങളുടെ നാശത്തിനും കാർഷികോൽപാദനത്തിന്റെ

തകർച്ചയ്ക്ക് ആക്കം കൂട്ടുകയും ചെയ്യും.

5) റോഡ്, കെട്ടിട നിർമ്മാണം, പാറ, മണ്ണ്, ഖനനം, പരിസ്ഥിതിലോല മേഖലകളിലെ പ്രവർത്തനങ്ങൾ , മരം മുറിക്കൽ തുടങ്ങിയവ കൃത്യമായി നിയന്ത്രിക്കേണ്ടതും ശാസ്ത്രീയ മാറ്റങ്ങൾ വരുത്തേണ്ടതും അനിവാര്യമാണ്. അടിക്കടി കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം കാലാവസ്ഥ പ്രവചനങ്ങളിലും വ്യത്യാസമുണ്ടാക്കാറുണ്ട്. ആയതിനാൽ കൃത്യമായ മുന്നൊരുക്കങ്ങൾ സ്വീകരിക്കുന്നത് ഭാവിയിൽ ഉണ്ടായേക്കാവുന്ന ദുരന്തങ്ങളുടെ തീവ്രത ലഘൂകരിക്കുന്നതിന് സഹായകമാകും. ഇതിനായി കാലാവസ്ഥപരമായ മാറ്റങ്ങൾ കൃത്യമായി പഠിച്ച് താൽക്കാലിക, ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിച്ച് സമയബന്ധിതമായി നടപ്പാക്കേണ്ടത് അനിവാര്യമാകുന്നു.

6) പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് പഠനം നടത്തുവാൻ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-16) തീരുമാനിക്കുകയുണ്ടായി. തുടർന്ന് ധനാഭ്യർത്ഥന നം.XVII (വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം) -മേജർഹെഡ് 3435 -എക്കോളജിയും എൻവയോൺമെന്റുമായി ബന്ധപ്പെട്ട പ്രാഥമിക വിവരങ്ങൾ വകുപ്പിൽ നിന്നും ശേഖരിക്കുകയുണ്ടായി. വകുപ്പിൽ നിന്നും ലഭ്യമായ വിവരങ്ങളും അവ പരിഗണിച്ച വേളയിൽ സമിതി ആവശ്യപ്പെട്ട അധികവിവരങ്ങളും സമിതി അപഗ്രഥിക്കുകയും ഇതുമായി ബന്ധപ്പെട്ട് 09.11.2023 -ൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയുമുണ്ടായി. പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച ബഡ്ജറ്റ് വിഹിത വിനിയോഗം വിലയിരുത്തുന്നതിനും ഇതു സംബന്ധിച്ച കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും നൽകുന്നതിനായി എസ്റ്റിമേറ്റ്സ് കമ്മിറ്റി നടത്തിയ പഠനങ്ങളുടെയും തെളിവെടുപ്പിന്റെയും വകുപ്പിൽ നിന്നും സമിതിക്ക് ലഭ്യമാക്കിയ മറുപടികളുടെയും മറ്റ് അനുബന്ധ രേഖകളുടെ വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

## പരിസ്ഥിതി വകുപ്പ്

**ഘടന**

7) പരിസ്ഥിതി വകുപ്പിനു കീഴിൽ **പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പു ഡയറക്ടറേറ്റും**, ഭരണനിയന്ത്രണത്തിൽ - **സംസ്ഥാന ജൈവവൈവിധ്യ ബോർഡും, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും** പ്രവർത്തിച്ചു വരുന്നു. കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രത്തിന്റെ ബഡ്ജറ്റ് ശീർഷകം 20.01.2020 മുതൽ ശാസ്ത്രസാങ്കേതിക വകുപ്പിൻ കീഴിലാണ്.

8) സ.ഉ. (കൈ) നമ്പർ 06/10/പരി. തീയതി 18.10.2010 -ലെ ഉത്തരവ് പ്രകാരമാണ് പരിസ്ഥിതി വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന എൻവയോൺ മെന്റ് മാനേജ്മെന്റ് ഏജൻസി കേരള (EMAK) -യെ പുനഃനാമകരണം ചെയ്ത് ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് & ക്ലൈമറ്റ് ചേഞ്ച് ആയി രൂപീകരിച്ചത്.

9) പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഏജൻ സികളെ സഹകരിപ്പിച്ചുകൊണ്ട് പ്രവർത്തനപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ പരിസ്ഥിതിവകുപ്പിനെ സഹായിക്കുക എന്ന ഉദ്യമത്തോടെ 2010-ൽ നിലവിൽ വന്ന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടേറ്റിന്റെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

i. സംസ്ഥാനത്തെ മറ്റ് ഏജൻസികളുമായി സഹകരിച്ച് പരിസ്ഥിതി സൗഹൃദ വികസന പദ്ധതികൾ സംസ്ഥാനതലത്തിൽ നടപ്പിലാക്കുക.

ii. പ്ലാൻ, നോൺ പ്ലാൻ , കേന്ദ്രവിഹിതം എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് സംസ്ഥാനതലത്തിൽ വികസനപദ്ധതികൾ നടപ്പിലാക്കുക.

iii. കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട നാഷണൽ ആക്ഷൻ പ്ലാൻ

തയ്യാറാക്കുക.

iv. സംസ്ഥാനത്ത് രൂപീകൃതമാകുന്ന പരിസ്ഥിതി സംബന്ധിയായ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ഭരണപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുക.

v. 1986 -ലെ പരിസ്ഥിതി (പരിപാലനം) ചട്ടം പ്രകാരമുള്ള പരാതികളിൽ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കുക.

vi. സർക്കാർ നടപ്പിലാക്കുന്ന വികസനപദ്ധതികളിൽ പ്ലാനിംഗ് ലവലിൽ ത്തന്നെ പരിസ്ഥിതി ആഘാതം വിലയിരുത്തുക.

vii. സർക്കാർ, സർക്കാരേതര സംഘടനകൾ സമർപ്പിക്കുന്ന പരിസ്ഥിതി സംബന്ധിയായ പ്രൊപ്പോസലുകൾ വിലയിരുത്തുക.

viii. തദ്ദേശീയ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പരിസ്ഥിതി സാങ്കേതിക വിദ്യകളിൽ ഭാഗഭാക്കാവുകയും , അവശ്യം വേണ്ട വിവരങ്ങൾ നല്കുകയും ചെയ്യുക.

ix. മറ്റ് വകുപ്പുകളുമായി സഹകരിച്ച് പരിസ്ഥിതി അവബോധം, കാലാവസ്ഥാ വ്യതിയാനം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന നോഡൽ ഡിപ്പാർ ട്ട്മെന്റായി പ്രവർത്തിക്കുക.

x. ഇതുകൂടാതെ അതത് വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പിലാക്കുകയും, നടപ്പിലാക്കുന്നവ വിലയിരുത്തുകയും, പരിസ്ഥിതി സംബന്ധിയായ വിഷയങ്ങളിൽ അനുയോജ്യമായ ദേശീയ, തദ്ദേശീയ ഏജൻസികൾ / വകുപ്പുകൾ മുഖേന പഠനങ്ങൾ നടത്തുകയും പദ്ധതിവിഹിതം നടപ്പാക്കുകയും ചെയ്യുന്നുണ്ട്. 2011 നവംബർ മുതൽ 2015 ഡിസംബർ വരെയുള്ള കാലയളവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം രൂപീകരിച്ച പരിസ്ഥിതി

ആഘാത നിർണ്ണയ അതോറിറ്റിയുടെ സെക്രട്ടേറിയറ്റായി പ്രവർത്തിച്ചിരുന്നു. പാരിസ്ഥിതികാനുമതിയ്ക്കായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അജണ്ടാനോട്ട് തയ്യാറാക്കുക, മീറ്റിംഗുകൾ സംഘടിപ്പിക്കുക , മിനിറ്റ്സ്, അപ്രൈസൽ റിപ്പോർട്ട് തുടങ്ങി എല്ലാ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യുക.

xi. 2010 -ലെ കേന്ദ്ര തണ്ണീർത്തട സംരക്ഷണ ചട്ടപ്രകാരമുള്ള വെറ്റ് ലാന്റ് നോഡൽ ഏജൻസി ആയതിനാൽ തണ്ണീർത്തടാനുമതിയ്ക്കായുള്ള അപേക്ഷകൾ വിലയിരുത്തി ശിപാർശ സഹിതം സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകുക.

10) പരിസ്ഥിതി വകുപ്പിന്റെ ശീർഷകങ്ങളിൽപ്പെടുന്ന പദ്ധതികളുടെ തിരഞ്ഞെടുപ്പിനും പദ്ധതി നടത്തിപ്പ് വിലയിരുത്തലിനുമുള്ള സമിതികളിൽ സംസ്ഥാന ആസൂത്രണ ബോർഡ്, പൊതുവിദ്യാഭ്യാസ, ഉന്നത വിദ്യാഭ്യാസ വകുപ്പുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ ഉണ്ട്. പരിസ്ഥിതി വകുപ്പിന്റെ "പരിസ്ഥിതി അവബോധനവും വിദ്യാഭ്യാസവും" പ്ലാൻ ശീർഷകത്തിനു കീഴിൽ നടപ്പിലാക്കി വരുന്ന "ഭൂമിത്രസേന ക്ലബ്ബുകൾ" എന്ന പദ്ധതി സംസ്ഥാന പൊതുവിദ്യാഭ്യാസ, ഉന്നതവിദ്യാഭ്യാസ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ 'കാലാവസ്ഥ അനുരൂപ കൃഷിരീതികൾ' എന്ന പ്ലാൻ ശീർഷകത്തിന് കീഴിൽ കാലാവസ്ഥ വ്യതിയാനത്തിന് അനുരൂപമായ കൃഷിരീതികൾ വികസിപ്പിക്കുന്നതിനും , കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കുന്ന വിളയിനങ്ങളുടെ സംരക്ഷണത്തിനും ഉതകുന്ന 9 ഗവേഷണ പദ്ധതികൾ കേരള കാർഷിക സർവ്വകലാശാലകളുടെയും സംസ്ഥാന കൃഷി വകുപ്പിന്റെയും സഹകരണത്തോടെ നടപ്പിലാക്കിയും വരുന്നുണ്ട്.

## പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്

11) പരിസ്ഥിതി വകുപ്പിന് കീഴിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനവും ആയവയുടെ ബഡ്ജറ്റ് വിഹിത വിനിയോഗ വിവരവും സമിതി പരിശോധിച്ചു.

### I. 3435-60-800-99 (പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ)

12) പരിസ്ഥിതി സംരക്ഷണ വിഷയങ്ങളിന്മേൽ ഗവേഷണവും വികസനവും പ്രോത്സാഹിക്കുകയും മുൻഗണന നിശ്ചയിക്കുകയും ചെയ്യുക, പ്രകൃതി വിഭവ സംരക്ഷണത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നീ പ്രവർത്തനങ്ങൾക്കും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള ഭരണപരമായ ചെലവുകൾക്കും ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രസ്തുത ശീർഷകത്തിൽ നിന്നും തുക വിനിയോഗിച്ചു. 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരുന്ന 60 ലക്ഷം രൂപയിൽ 30.85 ലക്ഷം രൂപ ചെലവഴിച്ച് 51.42% പദ്ധതി നേട്ടം കൈവരിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരുന്ന 50 ലക്ഷം രൂപയിൽ 43.39 ലക്ഷം രൂപ ചെലവഴിച്ച് 86.79% പദ്ധതി നേട്ടം കൈവരിച്ചു. 2022-23 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരുന്ന 50 ലക്ഷം രൂപയിൽ 26.34 ലക്ഷം രൂപ ചെലവഴിച്ച് 52.68% പദ്ധതി നേട്ടം കൈവരിച്ചു.

### II. 3435-03-003-98 (പരിസ്ഥിതി അവബോധവും വിദ്യാഭ്യാസവും)

#### പ്രാഥമിക പരിസ്ഥിതി സംരക്ഷണം (PEC)

13) പരിസ്ഥിതിസൗഹൃദ വികസനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക

എന്നാണ് 'പരിസ്ഥിതി അവബോധവും വിദ്യാഭ്യാസവും' എന്ന ഹെഡിൽ നടപ്പാക്കുന്ന പ്രാഥമിക പരിസ്ഥിതി സംരക്ഷണം (PEC) എന്ന പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്ത് തലത്തിൽ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിനായി ജലസ്രോതസുകൾ പരിപോഷിപ്പിക്കുക / വൃത്തിയാക്കുക, ഖരമാലിന്യ സംസ്കരണമാർഗ്ഗങ്ങൾ അവലംബിച്ച് നടപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് സാമ്പത്തിക സഹായം അനുവദിച്ചത്.

14) 2014-15 വർഷത്തിൽ 'പാരിസ്ഥിതിക അവബോധവും വിദ്യാഭ്യാസവും' എന്ന ശീർഷകത്തിൽ അനുവദിച്ച 230 ലക്ഷം രൂപയിൽ 199.74 ലക്ഷം രൂപ ചെലവഴിച്ച് 86.84% നേട്ടം കൈവരിച്ചിരുന്നു. എന്നാൽ 2015-16 വർഷത്തിൽ ടി ഹെഡിൽ 100 ലക്ഷം രൂപയാണ് അനുവദിച്ചത്. 2014-15 സാമ്പത്തിക വർഷത്തിൽ PEAP, PEC എന്നീ രണ്ട് പുതിയ പദ്ധതികൾക്കായി 185 ലക്ഷം അനുവദിച്ചിരുന്നു. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ PEAP എന്ന പദ്ധതിയില്ലാതെയും, PEC യുടെ തുടർ പ്രവർത്തനങ്ങൾക്കുമായാണ് തുക അനുവദിച്ചത്.

1. **പാരിസ്ഥിതികം :** പരിസ്ഥിതി അവബോധവും വിദ്യാഭ്യാസവും എന്ന ഹെഡിലെ ഒരു സംസ്ഥാനതല അവബോധപരിപാടിയായിട്ടാണ് 2012-13 വർഷത്തിൽ 'പാരിസ്ഥിതികം' എന്ന പദ്ധതി ആവിഷ്കരിച്ചത് . അവബോധത്തിനുപുറമെ പ്രവർത്തന പദ്ധതിക്കും (Action oriented) ഈ പദ്ധതി മുഖേന പ്രാധാന്യം നൽകുന്നുണ്ട്. കർമ്മ പരിപാടികൾക്ക് പ്രാമുഖ്യം നൽകി അതിലൂടെ പരിസ്ഥിതി അവബോധനം ഉറപ്പാക്കുന്ന പദ്ധതികളാണ് നടപ്പിലാക്കേണ്ടത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണം സ്ഥാപനങ്ങൾ, സർക്കാർ സർക്കാരേതര സംഘടനകൾ , ശാസ്ത്രസ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. അതത് വർഷത്തെ തീമിനെ അടിസ്ഥാനമാക്കി ലഭിക്കുന്ന പ്രൊപ്പോസലുകൾ വിലയിരുത്തി അതിൽനിന്നും

അനുയോജ്യമായവ തിരഞ്ഞെടുത്താണ് സാമ്പത്തികസഹായം അനുവദിക്കുന്നത്. പദ്ധതിയുടെ നേട്ടങ്ങൾ പ്രത്യക്ഷത്തിൽത്തന്നെ സമൂഹത്തിന് ലഭിക്കുന്ന തരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

മാലിന്യ നിർമാർജ്ജനം ഉൾപ്പെടെയുള്ള പാരിസ്ഥിതിക വിഷയങ്ങളിൽ സമൂഹത്തിൽ പരിസ്ഥിതി അവബോധം സൃഷ്ടിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്ക് 'പാരിസ്ഥിതികം' എന്ന പദ്ധതി വഴി സാമ്പത്തിക സഹായം അനുവദിച്ചു. സംസ്ഥാനത്തൊമ്പാടുമായി നിരവധി അവബോധന പരിപാടികൾ ഭൂമിത്രസേന ക്ലബ്ബുകൾ/സർക്കാർ, സർക്കാരിതര സംഘടനകൾ/മറ്റ് സ്ഥാപനങ്ങൾ എന്നിവ വഴി സംഘടിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

**2. ഭൂമിത്രസേന ക്ലബ്ബുകൾ :** പരിസ്ഥിതി അവബോധവും, വിദ്യാഭ്യാസവും എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന ഒരു പദ്ധതിയാണിത് . 2009-10 വർഷത്തിലാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. വളർന്നുവരുന്ന തലമുറയിൽ പരിസ്ഥിതി അവബോധം വളർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ചാണ് ഈ ക്ലബ്ബുകൾ പ്രവർത്തിക്കുന്നത്. പരിസ്ഥിതിസൗഹൃദ പ്രവർത്തനങ്ങൾ നടപ്പാക്കുക, പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുക, പരിസ്ഥിതി പ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുകയും, അവയുടെ സന്ദേശം സമൂഹത്തെ അറിയിക്കുകയും ചെയ്യുക , ക്ലബ്ബുകളുടെ പ്രവർത്തനപരിധിയിൽ ആ പ്രദേശത്തുണ്ടാകുന്ന പരിസ്ഥിതി വിധ്വംസക പ്രവർത്തനങ്ങൾ ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിവരം അറിയിക്കുക എന്നിവയാണ് ഭൂമിത്രസേന ക്ലബ്ബുകൾ നടത്തിവരുന്നത്.

15) 'പരിസ്ഥിതി അവബോധനവും വിദ്യാഭ്യാസവും' പ്ലാൻ ശീർഷകത്തിനു കീഴിൽ സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലുമായി

പ്രവർത്തിക്കുന്ന നാന്നൂറിൽ പരം ഭൂമിത്രസേന ക്ലബ്ബുകൾ ഉറവിടത്തിൽ തന്നെ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്ന വിധത്തിലുള്ള മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട് . കൂടാതെ "പരിസ്ഥിതി അവബോധനവും വിദ്യാഭ്യാസവും " പ്ലാൻ ശീർഷകത്തിന് കീഴിൽ ശാസ്ത്രീയ മാലിന്യസംസ്കരണ രീതികളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാനത്തെ പ്രധാനപ്പെട്ട വിദ്യാഭ്യാസ , ഗവേഷണ സ്ഥാപനങ്ങൾക്കും സർക്കാരിതര അംഗീകൃത സംഘടനകൾക്കും ധനസഹായം അനുവദിച്ചുവരുന്നുമുണ്ട്. സംസ്ഥാനത്ത് മൂന്ന് സോണുകളിലായി 426 ഭൂമിത്രസേന ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്.

16) 2020-21 സാമ്പത്തിക വർഷത്തിൽ 4.30 ലക്ഷം രൂപ ഭൂമിത്രസേന ക്ലബ്ബുകൾക്കു ആവർത്തന മൂലധനം നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതമായി 150 ലക്ഷം രൂപ ഉണ്ടായിരുന്നു. പ്രസ്തുത തുകയിൽ നിന്ന് 65.65 ലക്ഷം രൂപ ചെലവഴിച്ച് 43.76% പദ്ധതി നേട്ടം കൈവരിച്ചു.

17) 2021-22 സാമ്പത്തിക വർഷത്തിൽ 14.1974 ലക്ഷം രൂപ ഭൂമിത്രസേന ക്ലബ്ബുകൾക്കു ആവർത്തന മൂലധനം നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതമായി 150 ലക്ഷം രൂപ ഉണ്ടായിരുന്നു. ഇതിൽ നിന്നും പുന:ക്രമീകരിച്ച 22 ലക്ഷം രൂപയൊഴിച്ചുള്ള തുകയായ 128 ലക്ഷത്തിൽ 46.95 ലക്ഷം രൂപ ചെലവഴിച്ച് 36.68% പദ്ധതി നേട്ടം കൈവരിച്ചു. കോവിഡ് സാഹചര്യത്തിലുണ്ടായിരുന്ന പരിമിതികൾ മൂലം പല ഭൂമിത്രസേന ക്ലബ്ബുകൾക്കും നേരിട്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ സാധിക്കാതിരുന്നത് കാരണമാണ് താരതമ്യേന കുറഞ്ഞ പദ്ധതി ചെലവ് വന്നത്.

18) 2022-23 സാമ്പത്തിക വർഷത്തിൽ 6.729 ലക്ഷം രൂപ ഭൂമിത്രസേന

ക്ലബ്ബുകൾക്ക ആവർത്തന മൂലധനം നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതമായി 150 ലക്ഷം രൂപ ഉണ്ടായിരുന്നു. പ്രസ്തുത തുകയിൽ നിന്ന് 34.89 ലക്ഷം രൂപ ചെലവഴിച്ച് 23.26% പദ്ധതി നേട്ടം കൈവരിച്ചു.

### III. 3435-03-103-99 (പരിസ്ഥിതി ഗവേഷണവും വികസനവും)

19) ചെലവ് കുറഞ്ഞ മാലിന്യ സംസ്കരണ രീതികൾ , ഗുണനിലവാര നിരീക്ഷണം, തുടങ്ങി പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ഗവേഷണ പരിപാടികൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 'സുസ്ഥിര ജീവിതം ഊർജ്ജസംരക്ഷണത്തിലൂടെ' എന്ന മുദ്രാവാക്യം അടിസ്ഥാനമാക്കി പരിസ്ഥിതി സംരക്ഷണ പദ്ധതികൾ സർക്കാരിതര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തിലൂടെ നടപ്പിലാക്കി. പുതുതായി അനുവദിച്ച ഗവേഷണ പദ്ധതികൾക്കും കൂടാതെ നിലവിൽ തുടർന്നുവരുന്ന ഗവേഷണ പദ്ധതികൾക്കുമായി ധനസഹായം നൽകിയിട്ടുണ്ട്. പരിസ്ഥിതി ഗവേഷണവും വികസനവും പദ്ധതി പ്രകാരം 14 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും 14 ഗവേഷണ പ്രോജക്ടുകൾ നടപ്പിലാക്കിവരുകയും ചെയ്യുന്നു.

20) ഹരിത സാങ്കേതിക വിദ്യകളുടെ വികസനം , ഉൽപ്പന്നങ്ങളുടെയും പ്രക്രിയകളുടെയും ഹരിതവൽക്കരണം, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് കേരളത്തിലെ കാർഷിക മേഖലയുടെ ഉൽപ്പാദനക്ഷമത സോണിംഗും വിള അനുയോജ്യത വിലയിരുത്തലും സംഭരണവും ഭക്ഷ്യ സംസ്കരണവും ഉൾപ്പടെ കാർഷിക മേഖലയിൽ ഊർജ-കാര്യക്ഷമമായ സാങ്കേതിക വിദ്യകളുടെ വികസനം, കാലാവസ്ഥാ അനുരൂപ മൃഗസംരക്ഷണം, മത്സ്യബന്ധന രീതികളുടെ വികസനം, കാലാവസ്ഥാ വ്യതിയാനം മൂലം സംസ്ഥാനത്തു പുതുതായി റിപ്പോർട്ട്

ചെയ്യപ്പെടുന്ന രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ഗവേഷണങ്ങൾ , കേരളത്തിലെ കാലാവസ്ഥാ വ്യതിയാന ഹോട്ട്സ്പോട്ട് പ്രദേശങ്ങളിലെ സൂക്ഷ്മ കാലാവസ്ഥാ പഠനം, കേരളത്തിലെ പ്രധാനപ്പെട്ട ആവാസവ്യവസ്ഥകൾ നൽകുന്ന പാരിസ്ഥിതിക സേവനങ്ങളുടെ മൂല്യനിർണ്ണയം തുടങ്ങിയ വിഷയങ്ങളിൽ രണ്ടു മുതൽ മൂന്ന് വർഷം വരെ ദൈർഘ്യമുള്ള ഗവേഷണ പദ്ധതികൾ സംസ്ഥാനത്തെ പ്രധാനപ്പെട്ട വിദ്യാഭ്യാസ , ഗവേഷണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ എന്നിവ 2023-24 സാമ്പത്തിക വർഷത്തിൽ നടന്നു വരുന്നു.

21) കൂടാതെ "പരിസ്ഥിതിപോഷിണി" എന്ന പേരിൽ ഗവേഷണ വിദ്യാർത്ഥികൾക്കുള്ള ഫെല്ലോഷിപ്പ്, ബിരുദാനന്തര ബിരുദം, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി "വിദ്യാപോഷിണി" ഫെല്ലോഷിപ്പും ഈ പ്ലാൻ ശീർഷകത്തിന് കീഴിൽ നടപ്പാക്കി വരുന്നുണ്ട്. കൂടാതെ ഈ ശീർഷകത്തിന് കീഴിൽ വിദൂരസംവേദനവും ഭൗമവിവരവ്യവസ്ഥയും പ്രയോജനപ്പെടുത്തി പാരിസ്ഥിതിക മൂല്യങ്ങൾ ഉറപ്പാക്കി പരിസ്ഥിതി പരിരക്ഷണം ആസൂത്രണം ചെയ്യുന്നതിനായി ഒരു ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം ലബോറട്ടറിയും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിച്ചു വരുന്നു.

22) 2020-21 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതമായി 200 ലക്ഷം രൂപ ഉണ്ടായിരുന്നു. പ്രസ്തുത തുകയിൽ നിന്ന് 144.62 ലക്ഷം രൂപ ചെലവഴിച്ച് 72.31% നേട്ടം കൈവരിച്ചു.

23) 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരുന്ന 200 ലക്ഷം രൂപയിൽ 68 ലക്ഷം രൂപ ചെലവഴിച്ച് 34% നേട്ടം കൈവരിച്ചു.

24) 2022-23 സാമ്പത്തിക വർഷത്തിൽ തുടർന്നുവരുന്ന ഗവേഷണ പദ്ധതികൾക്കായി 37.2629 ലക്ഷം രൂപ തുടർധനസഹായം നൽകിയിട്ടുണ്ട്. തെരഞ്ഞെടുത്ത ഗവേഷക വിദ്യാർത്ഥികൾക്ക് പരിസ്ഥിതി പോഷിണി

ഫെല്ലോഷിപ്പായി 9.304 ലക്ഷം രൂപ നൽകിയിട്ടുണ്ട്. GIS ലാബിന്റെ പ്രവർത്തനങ്ങൾക്കായി 9.02796 ലക്ഷം രൂപ ചെലവഴിച്ചു.

25) 2022-23 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരുന്ന 200 ലക്ഷം രൂപയിൽ 55.59 ലക്ഷം രൂപ ചെലവഴിച്ച് 27.80% നേട്ടം കൈവരിച്ചു.

## IV. 3435-04-104-99 (പാരിസ്ഥിതിക ആഘാതം വിലയിരുത്തൽ)

26) പരിസ്ഥിതിയും വികസനവും പരസ്പര പൂരകങ്ങൾ ആകയാൽ രണ്ടും കോർത്തിണക്കി കൊണ്ടുള്ള സുസ്ഥിര വികസനത്തിനാണ് പ്രാധാന്യം നൽകുന്നത്. അതിനാൽ വികസന പദ്ധതികളിൽ ഒഴിച്ചുകൂടാൻ ആവാത്ത ഉപാധിയാണ് പരിസ്ഥിതി ആഘാതം വിലയിരുത്തൽ. 2011 നവംബറിലെ കേന്ദ്രഗവൺമെന്റ് വിജ്ഞാപനപ്രകാരം രൂപീകൃതമായിട്ടുള്ള പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയും, വിദഗ്ദ്ധ വിലയിരുത്തൽ സമിതിയും 2012 ജനുവരിയിൽ പ്രവർത്തനമാരംഭിച്ചു.

27) കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയത്തിന്റെ 2006-ലെ EIA [Environmental Impact Assessment] വിജ്ഞാപനത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടുവരുന്ന പദ്ധതികൾക്ക് /പ്രവൃത്തികൾക്ക് ആവശ്യം വേണ്ടുന്ന പാരിസ്ഥിതികാനുമതി അനുവദിയ്ക്കുക എന്നുള്ളതാണ് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള ചുമതല . പാരിസ്ഥിതികാനുമതിയ്ക്കായി ലഭ്യമാകുന്ന അപേക്ഷകളിന്മേൽ യഥാവിധി ലഭ്യമാക്കേണ്ടുന്ന രേഖകൾ എല്ലാം പരിശോധിച്ച് സ്ഥലപരിശോധന നടത്തി സംസ്ഥാന വിദഗ്ദ വിലയിരുത്തൽ സമിതി നൽകുന്ന ശിപാർശയുടെ അടിസ്ഥാനത്തിലാണ് പാരിസ്ഥിതികാനുമതി നൽകുന്നത്/നിരാകരിക്കുന്നത് സംബന്ധിച്ച തീരുമാനം അതോറിറ്റി സ്വീകരിക്കുന്നത്.

28) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള "State Environmental Impact Assessment Authority"-യുടെയും വിദഗ്ധ വിലയിരുത്തൽ സമിതിയായ " State Expert Appraisal Authority"-യുടെയും പ്രവർത്തനത്തിന് വേണ്ടിയാണ് ഈ ഫണ്ട് ഉപയോഗിക്കുന്നത്.

29) 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 120 ലക്ഷം രൂപയിൽ മുഴുവൻ തുകയും ചെലവഴിച്ച് 100% പദ്ധതി നേട്ടം കൈവരിച്ചു.

30) 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 160 ലക്ഷം രൂപയിൽ 140 ലക്ഷം രൂപ ചെലവഴിച്ച് 87.50% പദ്ധതി നേട്ടം കൈവരിച്ചു.

31) 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 160 ലക്ഷം രൂപയിൽ മുഴുവൻ തുകയും ചെലവഴിച്ച് 100% പദ്ധതി നേട്ടം കൈവരിച്ചു.

32) പരിസ്ഥിതി വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സമിതി പരിശോധിക്കുകയും ദേശീയ ഹരിത ട്രൈബ്യൂണലിന്റെ നിർദ്ദേശപ്രകാരം നിലവിൽ സംസ്ഥാനതല അതോറിറ്റികൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂവെന്നും , നിലവിൽ ലാറ്ററൈറ്റ് ക്വാറികൾക്ക് സ്ഥലപരിശോധന നടത്താതെ അപേക്ഷ ലഭിച്ചാലുടൻ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും സംസ്ഥാനതലത്തിൽ ഇതുസംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകളുടെ എണ്ണത്തിൽ ജില്ലാതലത്തെ അപേക്ഷിച്ച് കുറവുവന്നിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. വലിയ രീതിയിലുള്ള പാരിസ്ഥിതികാഘാതങ്ങൾ സൃഷ്ടിക്കാത്ത ചെറിയ സംരംഭങ്ങളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്താതിരിക്കാൻ സാധിക്കുമോയെന്നത് പരിശോധിക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

**V. <u>3435-04-104-98 (കാലാവസ്ഥ വ്യതിയാനം)</u>**

33) കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച പദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി പരിശോധിച്ചു.

34) കേരള സെക്രട്ടേറിയറ്റിലെ കാർബൺ ഫൂട്ട് പ്രിന്റ് സ്റ്റഡി , കേരള തീരത്തെ സമുദ്ര ജല നിരപ്പ് ഉയരുന്നതിന്റെ പ്രഭാവത്തെക്കുറിച്ചുള്ള പഠനം , കേരളത്തിലെ തീരദേശ ആവാസ വ്യവസ്ഥയിലെ കാർബണിന്റെ സംഭരണശേഷിയും, വ്യതിയാനവും ഹരിത ഗൃഹ വാതകങ്ങളുടെ നിർ ഗ്ഗമനത്തെയും കുറിച്ചുള്ള പഠനം, പരിസ്ഥിതി പ്രാധാന്യമുള്ള വിഷയങ്ങളിൽ സ്റ്റുഡന്റ് പ്രോജക്റ്റുകൾക്ക് ധനസഹായം തുടങ്ങി കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച് പ്രധാന പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്.

35) കാലാവസ്ഥ വ്യതിയാനത്തിന്റെ വിപത്തുകൾ മനസ്സിലാക്കി വിപത്തുകളോട് സമരസപ്പട്ട് മുന്നോട്ട് പോകുന്നതിനായി ആവിഷ്കരിച്ച സംസ്ഥാന സർക്കാരിന്റെ കാലാവസ്ഥ വ്യതിയാന കർമ്മ പദ്ധതി കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ചിട്ടിട്ടുണ്ട്. ആയതിൽ പ്രതിപാദിച്ചിരിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിനും കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച പ്രവർ ത്തനങ്ങൾക്കുമായി തുക ചെലവഴിച്ചു.

36) 2020-21 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതമായി 150 ലക്ഷം രൂപ ഉണ്ടായിരുന്നു. പ്രസ്തുത തുകയിൽ നിന്ന് 88.10 ലക്ഷം രൂപ ചെലവഴിച്ച് 58.73% പദ്ധതി നേട്ടം കൈവരിച്ചു.

37) 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 145 ലക്ഷം രൂപയിൽ നിന്ന് 20.05 ലക്ഷം രൂപ ചെലവഴിച്ചു.

38) 2022-23 സാമ്പത്തിക വർഷത്തിൽ 175 ലക്ഷം രൂപയുടെ ബജറ്റ് വിഹിതമാണ് ഉണ്ടായിരുന്നത്. ആയതിൽ 32.12% ചെലവഴിച്ചു.

39) കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ നേരിടാൻ പ്രധാന മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് പുതുക്കിയ സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതിക്ക് (SAPCC 2.0) ഡയറക്ടറേറ്റ് രൂപം നൽകിയിട്ടുണ്ട്.

40) മേൽ പറഞ്ഞവ കൂടാതെ 'കാലാവസ്ഥാ വ്യതിയാനം' ശീർഷകത്തിൽ കീഴിൽ ഉജ്ജ്വൽ പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പും നൽകി വരുന്നു. നിലവിൽ രണ്ട് ഫെല്ലോഷിപ്പുകൾ ഈ ശീർഷകത്തിൽ കീഴിൽ അനുവദിച്ചിട്ടുണ്ട്.

41) കേരള സംസ്ഥാന കാലാവസ്ഥ വ്യതിയാന കർമ്മ പരിപ്രേക്ഷ്യം (State Action Plan on Climate Change) എന്ന നയരേഖയിൽ പ്രതിപാദിച്ചിട്ടുള്ള വനം വകുപ്പുമായി ബന്ധപ്പെട്ടിട്ടുള്ള വിവിധ പദ്ധതികൾ, ഈ നയരേഖയ്ക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

42) കേരള സംസ്ഥാന കാലാവസ്ഥ വ്യതിയാന കർമ്മ പരിപ്രേക്ഷ്യം (State Action Plan on Climate Change) ന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത് അതത് മേഖലകളിലെ വകുപ്പ് /ഏജൻസി മുഖേന ആണ്. പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിന്റെ ഭാഗമായുള്ള 'ക്ലൈമറ്റ് ചേഞ്ച് സെൽ' ആണ് ഈ വകുപ്പുകളുമായി ഏകോപനം നടത്തുക.

43) European Union ഉം MoEFCC [ Ministry of Environment, Forest and Climate Change] യും ചേർന്നുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിൽ നടത്തുന്ന Strategic Partnership for the Implementation of Paris Agreement (SPIPA) യുടെ ഭാഗമായി SAPCC (State Action Plan on Climate Change) റിവിഷന് വേണ്ട സാങ്കേതിക സഹായം GIZ India നൽകിയിട്ടുണ്ട്. കൂടാതെ Deutsche Gesellschaft fur Internationale Zusammenarbeit (GIZ) GmbH-യും MoEFCC, Government of India- യും ചേർന്നുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന Indo

German Technical Cooperation Project on “Circular Economy Solutions Preventing Marine Litter in Ecosystems” എന്ന പദ്ധതി നിലവിൽ തിരുവനന്തപുരം കോർപ്പറേഷനിൽ നടപ്പിലാക്കി വരുന്നുണ്ട്.

44) 'സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓഫ് ക്ലൈമറ്റ് ചെയ്ഞ്ച്' പരിഷ്കരിക്കുന്നതിന്റെ ഭാഗമായി എല്ലാ വകുപ്പുകളുമായും കൂടിയാലോചിച്ച് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ പരിഷ്കരിച്ചിട്ടുണ്ടെന്നും ആയത് 2030 വരെയുള്ള ബൃഹത് പദ്ധതിയാണെന്നും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി ആയത് സമർപ്പിച്ചിട്ടുണ്ടെന്നും അംഗീകാരം ലഭിച്ചാൽ അന്താരാഷ്ട്ര ഏജൻസി അടക്കമുള്ളവരിൽ നിന്നും ധനസഹായം സ്വീകരിക്കാൻ സാധിക്കുമെന്നുമുള്ള വിവരം സമിതി പരിശോധിച്ചു. വിവിധ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് പ്രോജക്റ്റ് പ്രൊപ്പോസൽ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നതായും സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്ത് പ്രകൃതി സംരക്ഷണത്തിനായുള്ള വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന് സമിതി വിലയിരുത്തുന്നു. കേരളത്തിന്റെ കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ വെള്ളപ്പൊക്കം , വേനൽക്കാലത്തെ ജലദൗർലഭ്യം , മണ്ണിടിച്ചിൽ തുടങ്ങിയവയ്ക്ക് പരിഹാരം കാണുന്നതിന് സമഗ്രമായൊരു പദ്ധതി തയ്യാറാക്കി പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

45) കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം നിലവിൽ ശാസ്ത്രസാങ്കേതിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതിനാൽ പരിസ്ഥിതി, ശാസ്ത്രസാങ്കേതിക വകുപ്പുകൾ തമ്മിൽ പ്രവർത്തനങ്ങളിൽ ശരിയായ ഏകോപനം സാധ്യമാക്കേണ്ടതുണ്ടെന്നും കേരളത്തിലെ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന പ്രതിരോധ പദ്ധതികളിൽ ഐക്യരാഷ്ട്രസഭയുടെ സഹായം, നെതർ ലാൻഡ് മോഡൽ പ്രളയ അതിജീവന പദ്ധതി എന്നിവ സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നും സമിതി **നിർദ്ദേശിക്കുന്നു.** അതിൽ ജലസേചന വകുപ്പ്

ഉൾപ്പെടെയുള്ള വകുപ്പുകളുടെ പ്രവർത്തനങ്ങളിൽ പരിസ്ഥിതി വകുപ്പ് സമഗ്രമായ മേൽനോട്ടം വഹിച്ചുകൊണ്ട് പാരിസ്ഥിതിക ആഘാതം ചെറുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് സമിതി **ആവശ്യപ്പെടുന്നു.**

## VI. 3435-03-102-87 (കേരള തീരദേശ പരിപാലനം അതോറിറ്റി)

46) കേരള തീരദേശ പരിപാലന അതോറിറ്റി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ, കേരള സംയോജിത തീരദേശ പരിപാലനകേന്ദ്രം - പദ്ധതി കേന്ദ്രസർക്കാർ ഉപേക്ഷിച്ചത് എന്നിവ സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി പരിശോധിച്ചു.

47) 2011 സി.ആർ.ഇസഡ് [Coastal Regulation Zone] വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സി.ആർ.ഇസഡ് മേഖലയിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ നിർമ്മാണ/പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്ന നടപടിയാണ് കേരള തീരദേശ പരിപാലന അതോറിറ്റിയിൽ സ്വീകരിച്ചു വരുന്നത്. നിലവിൽ 2019 സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2019 കേരള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്ന നടപടി പുരോഗമിച്ചു വരുന്നു . ടി വിജ്ഞാപനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം (MoEF&CC) അംഗീകരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുന്നത് വരെ 2011 സി.ആർ.ഇസഡ് വിജ്ഞാപന പ്രകാരമുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നത്.

48) അതോറിറ്റിയുടെ ദൈനംദിന ചെലവുകൾക്ക് പുറമെ ജില്ലാ തല കമ്മിറ്റികളുടെ ശക്തിപ്പെടുത്തലിനു വേണ്ടിയും സുപ്രീംകോടതി, ഹൈക്കോടതി, ദേശീയ ഹരിത ട്രൈബ്യൂണൽ എന്നിവയിലെ സ്റ്റാന്റിംഗ് കൗൺസിലിന്റെ ഫീസും കേരള തീരദേശ പരിപാലന അതോറിറ്റിയുടെ മീറ്റിംഗുകൾക്കും സ്ഥല പരിശോധന നടത്തുന്നതിനു വേണ്ടിയും തീരദേശ പ്രദേശത്തിന്റെ

പുനരുദ്ധാരണത്തിനും സംരക്ഷണത്തിനും വേണ്ട കർമ്മ പദ്ധതികൾക്കും മറ്റ് ഭരണപരമായ ചെലവുകൾക്കും വേണ്ടിയാണ് ഈ ഫണ്ട് ഉപയോഗിച്ചത്.

49) 2020-21 സാമ്പത്തിക വർഷത്തിൽ 110 ലക്ഷം രൂപയുടെ ബജറ്റ് വിഹിതമാണ് ഉണ്ടായിരുന്നത്. ആയതിൽ 102.80 ലക്ഷവും ചെലവഴിച്ച് 93.45% പദ്ധതി നേട്ടം കൈവരിച്ചു.

50) 2021-22 സാമ്പത്തിക വർഷത്തിൽ 110 ലക്ഷം രൂപയുടെ ബജറ്റ് വിഹിതമാണ് ഉണ്ടായിരുന്നത്. ആയതിൽ 52 ലക്ഷ രൂപ ചെലവഴിച്ച് 47.27% പദ്ധതി നേട്ടം കൈവരിച്ചു.

51) 2022-23 സാമ്പത്തിക വർഷത്തിൽ 110 ലക്ഷം രൂപയുടെ ബജറ്റ് വിഹിതമാണ് ഉണ്ടായിരുന്നത്. ആയതിൽ 50 ലക്ഷവും ചെലവഴിച്ച് 45.45% പദ്ധതി നേട്ടം കൈവരിച്ചു.

## VII. 3435-03-103-97 (കാലാവസ്ഥ അനുരൂപ കൃഷിരീതി)

52) കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്തെ കാർഷിക മേഖലയിൽ സൃഷ്ടിക്കുന്ന ആഘാതം ലഘൂകരിക്കുന്നതിനുതകുന്ന പദ്ധതികളാണ് 'കാലാവസ്ഥ അനുരൂപ കൃഷിരീതികൾ' എന്ന ശീർഷകത്തിൽ കീഴിൽ നടന്നു വരുന്നത്.

53) "കാലാവസ്ഥ അനുരൂപ കൃഷിരീതികൾ " പ്ലാൻ ശീർഷകത്തിന് കീഴിൽ നിലവിലുള്ള പദ്ധതികൾ കൂടാതെ മൺറോതുരുത്തിന്റെ സമഗ്ര പുനഃരുജ്ജീവനത്തിനായി തുരുത്തിലെ സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കാലാവസ്ഥ അനുരൂപ സംയോജിത-കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു മാതൃകാ അതിജീവന കാർഷിക പദ്ധതി മൺറോതുരുത്ത് ദ്വീപിൽ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്, അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം മുഖേന നടപ്പിലാക്കി വരുന്നുണ്ട്. കാലാവസ്ഥ വ്യതിയാനത്തിന്റെ

പരിണിതഫലായി മൺറോതുരുത്ത് ദ്വീപിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിസ്ഥിതി മാറ്റങ്ങളും വേലിയേറ്റ പ്രളയവും ഭൂനിരപ്പിലുണ്ടാകുന്ന വ്യതിയാനവും അതുവഴി ജീവനോപാധികളിൽ വരുന്ന തകർച്ചയും വിലയിരുത്തി പ്രതിരോധ മാർഗ്ഗങ്ങൾ നടപ്പാക്കുന്ന പദ്ധതിയാണിത് . ഇത് കൂടാതെ കാലാവസ്ഥ വ്യതിയാനത്തിന് അനുരൂപമായ കൃഷിരീതികൾ വികസിപ്പിക്കുന്നതിനും , കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കുന്ന വിളയിനങ്ങളുടെ സംരക്ഷണത്തിനും ഉതകുന്ന ഗവേഷണ പദ്ധതികൾ കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നുമുണ്ട്.

54) 2020-21 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച 75 ലക്ഷം രൂപയുടെ ബജറ്റ് വിഹിതത്തിൽ 68.79 ലക്ഷം രൂപ ചെലവഴിച്ച് 91.73% പദ്ധതി നേട്ടം കൈവരിച്ചു.

55) 2021-22 സാമ്പത്തിക വർഷത്തിൽ 75 ലക്ഷം രൂപയുടെ ബജറ്റ് വിഹിതമാണ് ഉണ്ടായിരുന്നത്. ആയതിൽ 46.85 ലക്ഷം രൂപ ചെലവഴിച്ച് 62.47% പദ്ധതി നേട്ടം കൈവരിച്ചു.

56) 2022-23 സാമ്പത്തിക വർഷത്തിൽ 30 ലക്ഷം രൂപയുടെ ബജറ്റ് വിഹിതമാണ് ഉണ്ടായിരുന്നത്. ആയതിൽ 29.94 ലക്ഷം രൂപ ചെലവഴിച്ച് 99.80% പദ്ധതി നേട്ടം കൈവരിച്ചു.

## VIII. 3435-60-800-95 (കേരള സംയോജിത തീരദേശ പരിപാലന കേന്ദ്രം) (90% CSS)

57) 2020-21 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ സംസ്ഥാനത്തിന്റെ ബജറ്റ് വിഹിതമായി 2000 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ പദ്ധതി നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ ടി ശീർഷകത്തിൽ

പദ്ധതിയിനത്തിൽ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല.

58) 2021-22 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ സംസ്ഥാനത്തിന്റെ ബജറ്റ് വിഹിതമായി 100 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും ടി പദ്ധതിയ്ക്കായി കേന്ദ്രവിഹിതം ഒന്നും തന്നെ ലഭിച്ചിരുന്നില്ല. ആയതിനാൽ പദ്ധതിയിനത്തിൽ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല.

59) 2022-23 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ കീഴിൽ സംസ്ഥാനത്തിന്റെ ബജറ്റ് വിഹിതമായി 20 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും ടി പദ്ധതിയ്ക്കായി കേന്ദ്രവിഹിതം ഒന്നും തന്നെ ലഭിച്ചിരുന്നില്ല. ആയതിനാൽ പദ്ധതിയിനത്തിൽ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല.

**സംസ്ഥാന തണ്ണീർത്തട അതോറിറ്റി**

60) വൈവിധ്യമാർന്ന തണ്ണീർത്തടങ്ങളുടെ നാശോന്മുഖമമായ അവസ്ഥയാണ് പല പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാകുന്നത്. തടാകങ്ങളുടെ സംരക്ഷണത്തിനും കണ്ടൽ ആവാസവ്യവസ്ഥയുടെ പുനരുജ്ജീവനത്തിനും വേണ്ടി വിവിധ കർമ്മപദ്ധതികൾ നടപ്പാക്കുന്നതും തണ്ണീർ ത്തടജൈവവ്യവസ്ഥകളായ തീരദേശ ആവാസവ്യവസ്ഥ, കണ്ടൽക്കാടുകൾ, ചതുപ്പുകൾ എന്നിവയുടെ നില മെച്ചപ്പെടുത്തുന്നതിലേക്കായി പ്രത്യേക തണ്ണീർ ത്തട പ്രദേശങ്ങളുടെ പരിപാലനത്തിനായുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതും സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ പ്പെടുന്നു. തണ്ണീർത്തടങ്ങളുടെ സംരക്ഷണ പരിപാലന നടപടികളിൽ സംസ്ഥാന തണ്ണീർത്തട അതോറിറ്റി ക്രിയാത്മകമായി ഇടപെടുന്നുണ്ട്.

61) 2010 -ലെ കേന്ദ്ര തണ്ണീർത്തട സംരക്ഷണ ചട്ടപ്രകാരമുള്ള വെറ്റ് ലാന്റ് നോഡൽ ഏജൻസി ആയതിനാൽ തണ്ണീർത്തടാനുമതിയ്ക്കായുള്ള അപേക്ഷകൾ വിലയിരുത്തി ശിപാർശ സഹിതം സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകുന്നുണ്ട്.

62) തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ, 2017 പ്രകാരം വിജ്ഞാപനത്തിനായി തെരഞ്ഞെടുത്ത സംസ്ഥാനത്തെ 40 തണ്ണീർ ത്തടങ്ങളിൽ ആദ്യത്തെ 20 എണ്ണത്തിന്റെ വിജ്ഞാപന നടപടികൾ ദ്രുതഗതിയിൽ പൂർത്തിയായി വരുന്നുണ്ട്. സംസ്ഥാന തണ്ണീർത്തട അതോറിറ്റി തണ്ണീർത്തടങ്ങളുടെ സമഗ്ര പരിപാലന കർമ്മ പരിപ്രേഷ്യം തയ്യാറാക്കുമ്പോഴും പരിഷ്കരിക്കുമ്പോഴുമെല്ലാം ബന്ധപ്പെട്ട വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തവും സംഭാവനകളും പല ഘട്ടങ്ങളിലായി ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ റാംസാർ തണ്ണീർത്തടങ്ങളുടെ സമഗ്ര പരിപാലന കർമ്മ പരിപ്രേഷ്യം തയ്യാറാക്കുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കി വരുകയും ചെയ്യുന്നുണ്ട്.

63) തണ്ണീർത്തടങ്ങൾ, പുഴകൾ, കായൽ, കടൽപ്രദേശങ്ങൾ എന്നിവയിലെ ആവാസസംരക്ഷണം ലക്ഷ്യമിട്ട് , ശാസ്താംകോട്ട കായൽ , അഷ്ടമുടി കായൽ, വേമ്പനാട് കായൽ എന്നിവയെ റാംസാർ തണ്ണീർത്തടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇവയുടെ സംരക്ഷണത്തിനും തദ്ദേശീയരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനും National Plan for Conservation of Aquatic Eco-systems (എൻ.പി.സി.എ) എന്ന പദ്ധതിയിലൂടെ കേന്ദ്ര ഫണ്ട് ലഭ്യമാക്കി വിനിയോഗിക്കുന്നുണ്ടെന്നുമുള്ള വിവരം സമിതി പരിശോധിച്ചു.

## IX. 3435-03-101-87 (കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി) (60% CSS)

64) കേരളത്തിലെ റാംസാർ നദീതടങ്ങളായ വേമ്പനാട് , അഷ്ടമുടി, ശാസ്താംകോട്ട എന്നിവയുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി തയ്യാറാക്കിയ കർമ്മപരിപ്രേക്ഷ്യം നടപ്പാക്കുക, കേരളസംസ്ഥാന തണ്ണീർത്തട

അതോറിറ്റിയുടെ ദൈനംദിന പ്രവർത്തികൾക്കും മൺട്രോത്തുരുത്തിന്റെ പുന:രുജ്ജീവനത്തിനുമായുള്ള പ്രത്യേക സാമ്പത്തിക സഹായം , തണ്ണീർ ത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ഉള്ള അവബോധ പ്രവർ ത്തനങ്ങൾ, ഹൗസ്ബോട്ടുകളുടെ സംവഹനശേഷിപഠനം, മൂന്ന് റാംസാർ തണ്ണീർ ത്തടങ്ങൾക്ക് ചുറ്റുവട്ടത്തും നാമ ദിശാ സൂചക ഫലകങ്ങൾ സ്ഥാപിക്കൽ , തുരുത്തിന്റെ ഡോക്യുമെന്ററി നിർമ്മാണം എന്നീ പ്രവർത്തനങ്ങൾക്കായാണ് ഫണ്ട് തുക ചെലവഴിക്കുന്നത്.

65) 2020-21 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി അനുവദിച്ചിരുന്ന 89.58 ലക്ഷം രൂപയിൽ 75.30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

66) 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതിയിൽ അനുവദിച്ചിരുന്ന 10 ലക്ഷം രൂപയിൽ നിന്നും അംഗീകരിച്ച കർമ്മപരിപ്രേഷ്യം പ്രകാരം ശാസ്താംകോട്ട തണ്ണീർത്തടത്തിലെ കളകളെ നീക്കം ചെയ്യുന്നതിനായി 60,000 രൂപ വിനിയോഗിച്ചു.

67) ശാസ്താംകോട്ട മത്സ്യവൈവിധ്യത്തിന്റെ തൽസ്ഥിതി കണക്കെടുപ്പ് , തടാകത്തിന്റെ ആഴത്തെ കുറിച്ചുള്ള പഠനം, വാർഷിക നീർപക്ഷി കണക്കെടുപ്പ്, ലോക തണ്ണീർത്തട ദിനാചരണം, സുസ്ഥിര കക്കകൃഷിക്കുള്ള പദ്ധതി നടപ്പിലാക്കൽ, തുടർച്ചയായ തണ്ണീർത്തട ജല ഗുണനിലവാര പരിശോധന, വെറ്റ് ലാൻഡ് വെബ് പോർട്ടൽ തുടങ്ങിയവയ്ക്കായി ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 100 ലക്ഷം രൂപയിൽ 50.119 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

68) സംസ്ഥാന തണ്ണീർത്തട അതോറിറ്റിക്ക് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം മുഖേന അന്താരാഷ്ട്ര ഏജൻസിയായ

ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റിയുടെ ഫണ്ട് ശാസ്താംകോട്ട തടാകത്തിനായി ലഭിച്ചിട്ടുണ്ടെന്നും തണ്ണീർത്തടത്തിന്റെ സമഗ്ര പരിപാലന കർമ്മ പരിപ്രേഷ്യം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. തുടർന്നും അന്താരാഷ്ട്ര ഏജൻസികളുടെ ഫണ്ടുകൾ ലഭ്യമാക്കുന്നതിനാവശ്യമായ ഇത്തരം കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് പ്രൊപ്പോസലുകൾ നൽകണമെന്നും സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനാവശ്യമായ കർമ്മപരിപ്രേക്ഷ്യം തയ്യാറാക്കി നടപ്പാക്കണമെന്നും സമിതി **ശിപാർശ** ചെയ്യുന്നു.

## IX. 3435-03-101-87 (സംരക്ഷണ പരിപാടികൾ)

69) സംസ്ഥാന ഫണ്ട് മാത്രം ഉപയോഗിച്ചു കൊണ്ടുള്ള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ പദ്ധതിയാണിത്. വൈവിധ്യമാർന്ന തണ്ണീർത്തടങ്ങളുടെ നാശോന്മുഖമമായ അവസ്ഥയാണ് പല പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാകുന്നത്. തടാകങ്ങളുടെ സംരക്ഷണത്തിനും കണ്ടൽ ആവാസവ്യവസ്ഥയുടെ പുനരുജ്ജീവനത്തിനും വേണ്ടി വിവിധ കർമ്മപദ്ധതികൾ നടപ്പാക്കുന്നതും തണ്ണീർത്തടജൈവവ്യവസ്ഥകളായ തീരദേശ ആവാസവ്യവസ്ഥ, കണ്ടൽക്കാടുകൾ, ചതുപ്പുകൾ എന്നിവയുടെ നിലം മെച്ചപ്പെടുത്തുന്നതിലേക്കായി പ്രത്യേക തണ്ണീർത്തട പ്രദേശങ്ങളുടെ പരിപാലനത്തിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതും സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽപ്പെട്ടതാണ്. കേരളത്തിലെ റാംസാർ നദീതടങ്ങളായ വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട എന്നിവയുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി തയ്യാറാക്കിയ കർമ്മപരിപ്രേക്ഷ്യം നടപ്പാക്കുക, കേരളസംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ ദൈനംദിന പ്രവർത്തികൾക്കും മൺറോതുരുത്തിന്റെ

പുനഃരുജ്ജീവനത്തിനുമായുള്ള പ്രത്യേക സാമ്പത്തിക സഹായം , തണ്ണീർ ത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ഉള്ള അവബോധ പ്രവർ ത്തനങ്ങൾ, ഹൗസ്ബോട്ടുകളുടെ സംവഹനശേഷിപഠനം, മൂന്ന് റാംസാർ തണ്ണീർ ത്തടങ്ങൾക്ക് ചുറ്റുവട്ടത്തും നാമ ദിശാ സൂചക ഫലകങ്ങൾ സ്ഥാപിക്കൽ , തുരുത്തിന്റെ ഡോക്യുമെന്ററി നിർമ്മാണം എന്നീ പ്രവർത്തനങ്ങൾക്കായാണ് ഫണ്ട് തുക ചെലവഴിക്കുന്നത്.

70) 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി വകയിരുത്തിയ 1888 ലക്ഷം രൂപയ്ക്കു ഭരണാനുമതി ലഭിച്ചിരുന്നില്ല. എന്നാൽ റീവാലിഡേറ്റ് ചെയ്ത പദ്ധതിയിനത്തിൽ നീക്കിയിരുപ്പ് തുകയായ 292.55 ലക്ഷം രൂപയിൽ 90.23 ലക്ഷം രൂപ ചെലവഴിച്ച് 30.84% നേട്ടം കൈവരിച്ചിട്ടുണ്ട്.

71) അഷ്ടമുടി റംസാർ തണ്ണീർത്തടത്തിന്റെ അംഗീകരിച്ച പരിപാലന കർ മ്മ പരിപ്രേഷ്യം നടപ്പാക്കലിന്റെ ഭാഗമായി കാലാവസ്ഥാ അനുരൂപ കൃഷിയുമായി ബന്ധപ്പെട്ട് മൺറോതുരുത്തിൽ ഇരുന്നൂറോളം ചട്ടികൃഷി യൂണിറ്റുകൾ സ്ഥാപിക്കുകയും പുതുതായി ഇവ നടപ്പിലാക്കുന്നതിനായി കൃഷി ഓഫീസറിൽ നിന്നും പദ്ധതി രേഖ സ്വീകരിച്ച് അത് നടപ്പിലാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

72) 2021-22 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 75 ലക്ഷം രൂപയിൽ 56.344 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

73) 2022-23 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 170 ലക്ഷം രൂപയിൽ 53.114 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

74) കേരള നീർത്തട തണ്ണീർത്തട അതോറിറ്റി, കേരളത്തിലെ പ്രധാനപ്പെട്ട തണ്ണീർത്തടങ്ങളുടെ അതിർത്തി കൃത്യമായി വിജ്ഞാപനം ചെയ്യുന്ന ചുമതല നിർവ്വഹിക്കുന്നുണ്ടെന്നും 40 തണ്ണീർത്തടങ്ങൾ തെരഞ്ഞെടുത്തതിൽ 20

എണ്ണത്തിന്റെ വിജ്ഞാപനം അതോറിറ്റിയുടെ ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചുവെന്നും ബാക്കിയുള്ളവയുടെ വിജ്ഞാപനം ഉടനെയുണ്ടാകുമെന്നതും വിജ്ഞാപനം ചെയ്തുകഴിഞ്ഞാൽ മാലിന്യങ്ങൾ തണ്ണീർത്തടത്തിലേക്ക് കളയരുതെന്നും മാലിന്യങ്ങൾ തണ്ണീർത്തടങ്ങളിലേയ്ക്ക് ഒഴുകിയെത്തുന്നത് തടയാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി തണ്ണീർത്തടവുമായി അതിർത്തി പങ്കിടുന്ന തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തണ്ണീർത്തടങ്ങളുടെ അതിർത്തിയിൽ നിന്നും 50 മീറ്റർ വരെയുള്ള ഭാഗത്ത് കെട്ടിടങ്ങളും നിർമ്മാണപ്രവർത്തനങ്ങളും വ്യവസായങ്ങളും പാടില്ലെന്ന നിയന്ത്രണം ബാധകമാകുമെന്നുമുള്ള വിവരങ്ങളും ബയോഡൈവേഴ്സിറ്റി ബോർഡുമായി ബന്ധപ്പെട്ട് രണ്ട് മെമ്പർമാരെ ഓരോ വകുപ്പും നോഡൽ ഓഫീസറായി പേര് ചേർക്കുമെന്നും ഇതിനായുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നതും സമിതി പരിശോധിച്ചു. <u>പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പാക്കുന്നതിന് സാധ്യമായ നടപടികൾ സ്വീകരിക്കണമെന്നും തണ്ണീർത്തടങ്ങളുടെ മലിനീകരണം നിയന്ത്രിക്കുന്നത് സംബന്ധിച്ച സോഷ്യൽ ഓഡിറ്റ് നടത്തണമെന്നും സമിതി **ശിപാർശ** ചെയ്യുന്നു.</u>

## വകുപ്പിലെ മറ്റ് പദ്ധതികൾ

### 1. പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി (PEAP)

75) സംസ്ഥാന വനം വന്യജീവി വകുപ്പുമായി സഹകരിച്ചുള്ള ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കേരളമൊട്ടാകെ 10 ലക്ഷത്തിലധികം വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്ന പദ്ധതി നിലവിൽ തുടർന്നു വരുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. വനാതിർത്തികളിലെ പരിസ്ഥിതി സംരക്ഷണം, വന സംരക്ഷണം എന്നിവയ്ക്കായി വനമേഖലകളിലെ ആദിവാസി സമൂഹത്തിന്റെ സഹകരണം ഉറപ്പാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

കാനനസംഗമം തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ള പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി , പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ബഹുജന പങ്കാളിത്തം ഉറപ്പാക്കുമെന്നതിനാൽ ആയത് തുടർന്നും നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

**2. നീർത്തട ആവാസ വ്യവസ്ഥയുടെ പുനഃസ്ഥാപനം**

76) സംസ്ഥാനത്തെ വിവിധ ജില്ലകളിലെ കായലുകളുടെ ഗുണനിലവാരവും, പരിസ്ഥിതി ജൈവഘടകങ്ങൾ സംബന്ധിച്ച MAP തയ്യാറാക്കൽ തുടങ്ങിയ കായലുകൾ/ജലസ്രോതസ്സുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും, ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനുമുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ടും ആക്ഷൻ പ്ലാനും തയ്യാറാക്കുന്നതിനുള്ള പദ്ധതി നിലവിൽ തുടർന്ന് വരുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. നീർത്തട ആവാസ വ്യവസ്ഥയുടെ പുന:സ്ഥാപനത്തിനായി തദ്ദേശം, റവന്യൂ, ജലവിഭവം തുടങ്ങി ഇതുമായി ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി പ്രവർത്തനങ്ങൾ തുടരുന്നത് പരിശോധിക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

**3. നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ പദ്ധതി**

77) അതിവേഗം നടന്നുവരുന്ന നഗരവത്കരണം സൃഷ്ടിക്കുന്ന ആരോഗ്യ, മാലിന്യ, പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഒരു പരിഹാരം കാണാനും നഗരജീവിതം മെച്ചപ്പെടുത്താനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒറ്റത്തവണ കേന്ദ്രസഹായത്തിലൂടെ നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ, വിവിധ സർക്കാർ വകുപ്പുകൾ / ഏജൻസികൾ, NGO -കൾ, Residents അസോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി ഒരു പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം നഗരപരിധിയിലെ കുളങ്ങളുടെ നവീകരണം, മാലിന്യത്തിൽനിന്നും ഊർജ്ജം എന്ന ആശയത്തിൽ ഊന്നിയ പദ്ധതികൾ മട്ടുപ്പാവ് കൃഷി, മഴവെള്ളക്കൊയ്ത്ത്, ഹരിതവൽക്കരണം, മത്സ്യക്കൃഷി, കൂൺകൃഷി അവബോധ ക്ലാസുകൾ സംഘടിപ്പിക്കുക എന്നിവയിലൂടെ നടപ്പാക്കി വന്നതായി സമിതി മനസ്സിലാക്കുന്നു . നഗര

പരിസ്ഥിതി മെച്ചപ്പെടുത്തൽ പദ്ധതിയുടെ ഗുണഫലങ്ങൾ പരിശോധിച്ച് മറ്റ് നഗരപരിധികളിലും സമാനമായ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

**4. സംസ്ഥാന നദീജലപദ്ധതി**

78) തിരുവനന്തപുരം ജില്ലയിലെ വാമനപുരം നദിയുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും ജലത്തിന്റെ ഗുണനിലവാരം അനുയോജ്യമായ സ്റ്റാൻഡേർഡിൽ നിലനിർത്തുന്നതിനും വേണ്ടിയുള്ള കർമ്മ പദ്ധതി നടപ്പാക്കുന്നതിനായുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI) ന് ധനസഹായം നൽകിയിരുന്നതായും പദ്ധതി ലക്ഷ്യം കൈവരിച്ചതായും സമിതി മനസ്സിലാക്കുന്നു. ഇതുപോലെ കാട്ടാമ്പള്ളി, കടലുണ്ടി, കോട്ടൂളി, പൂക്കോട്, പരവൂർ തുടങ്ങി 8 കായലുകൾ/ജലസ്രോതസ്സുകളെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള വിശദാമായ പ്രോജക്ട് റിപ്പോർട്ടും ആക്ഷൻ പ്ലാനും തയ്യാറാക്കുന്നതിനുമുള്ള പദ്ധതിയിൽ തുക അനുവദിച്ച് പദ്ധതിനേട്ടം കൈവരിച്ചതായും സമിതി മനസ്സിലാക്കുന്നു. നദികളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും ഗുണനിലവാരം നിലനിർത്തുന്നതും സംബന്ധിച്ച മേൽനോട്ടം നിശ്ചിത കാലയളവിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഉറപ്പുവരുത്തണമെന്നും ഇതുപോലെ മറ്റു നദികളിലും സമാനമായ പ്രവർത്തനങ്ങൾ നടത്തണമെന്നും സമിതി **ശിപാർശ** ചെയ്യുന്നു.

**5. സംസ്ഥാന സമഗ്ര മാതൃക മാലിന്യ സംസ്കരണ പദ്ധതി**

79) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മാതൃകാ ഖരമാലിന്യ സംസ്കരണ പദ്ധതി സംബന്ധിച്ച് ശിൽപശാലകൾ സംഘടിപ്പിക്കുന്നതിന് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI) ന് ധനസഹായം നൽകിയിരുന്നതായും പദ്ധതി ലക്ഷ്യം കൈവരിച്ചതായും സമിതി മനസ്സിലാക്കുന്നു. യൂറോപ്യൻ Business &

Technology Centre (EBTC) യുമായി ചേർന്ന് കേരളത്തിന്റെ മാലിന്യസംസ്കരണ പദ്ധതികൾ സംബന്ധിച്ച വിശകലനം എന്ന വിഷയത്തിൽ ശിൽപ്പശാല സംഘടിപ്പിച്ചിരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. 2014-15 വർഷത്തിൽ 'അജൈവ മാലിന്യ സംസ്കരണ പദ്ധതി' തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു വാർഡിൽ നടപ്പാക്കുന്നതിനായി TBGRI യ്ക്ക് തുക അനുവദിച്ചിരുന്നതായും 2015-16 വർഷത്തിൽ അനുവദിച്ച തുക മുഴുവൻ തിരുവനന്തപുരം നഗരത്തിലെ ഖരമാലിന്യ സംസ്കരണത്തിനുതകുന്ന ഒരു സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുന്നതിനുള്ള പൈലറ്റ് പ്രോജക്ടിനായി NIIST യ്ക്ക് നൽകിയതായും പദ്ധതി വിജയകരമായി നടന്നുവരുന്നതായുമുള്ള വിവരം സമിതി പരിശോധിച്ചു.

80) പ്രസ്തുത മാതൃകയിലുള്ള പദ്ധതി പ്രവർത്തനങ്ങൾ നിലവിൽ തുടരുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ഖരമാലിന്യ സംസ്കരണം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത് പരിശോധിക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

81) കാലാവസ്ഥ വ്യതിയാനം - ആക്ഷൻ പ്ലാൻ , ജല ആവാസ വ്യവസ്ഥയുടെ സംരക്ഷണത്തിനുള്ള ദേശീയ പദ്ധതി , പ്രകൃതി വിഭവങ്ങളുടെയും ആവാസവ്യവസ്ഥകളുടെയും സംരക്ഷണം എന്നീ പദ്ധതികൾക്ക് തുക അനുവദിച്ചെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കാത്തതിനാൽ തുക വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ലായെന്നും തു ടർന്നുള്ള വാർഷിക പദ്ധതികളിൽ ബഡ്ജറ്റ് ശീർഷകം നിലവിലില്ലായെന്ന വിവരവും സമിതി പരിശോധിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയ ബന്ധിതമായി ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുകയും ഇത് സംബന്ധിച്ച് പ്രൊപ്പോസലുകൾ സമയബന്ധിതമായി സമർപ്പിച്ച് തുക വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കി പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കണമെന്ന് സമിതി **ശിപാർശ** ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ xvii -3435 – എക്കോളജിയും എൻവയോൺമെന്റും

## 3435-04-104-97- കാലാവസ്ഥാ വ്യതിയാനപഠന കേന്ദ്രം, കോട്ടയം

## ബഡ്ജറ്റ് വിഹിത വിനിയോഗവും പ്രവർത്തനങ്ങളും

82) പരിസ്ഥിതി വകുപ്പിന്റെ 21.02.2014 ലെ സ. ഉ. (കൈ) നം. 3/2014 പ്രകാരം, 'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേയ്ഞ്ച് സ്റ്റഡീസ്' (ഐ.സി.സി.എസ്.) (കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം) എന്ന സ്ഥാപനം കോട്ടയം കേന്ദ്രമാക്കി 01.08.2024 മുതൽ പ്രവർത്തനം ആരംഭിച്ചു. സ.ഉ.(കൈ) നം. 01/2020/പരി. തീയതി 20.01.2020 പ്രകാരം നിലവിൽ പ്രസ്തുത സ്ഥാപനം സയൻസ് & ടെക്നോളജി വകുപ്പിന്റെ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്.

**പ്രവർത്തന ലക്ഷ്യം**

83) ഗവൺമെന്റ് അംഗീകരിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം ഈ സ്ഥാപനം ഒരു പ്രൊഫഷണൽ ഇൻസ്റ്റിറ്റ്യൂട്ടായി നിലനിർത്തിക്കൊണ്ട് കാലാവസ്ഥാ വ്യതിയാനത്തെ പറ്റി സമഗ്ര പഠനവും ഗവേഷണവും, സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം മൂലം പരിസ്ഥിതിയിൽ ഉണ്ടാവുന്ന മാറ്റങ്ങളും ഭക്ഷ്യസുരക്ഷയിലും ഉൽപാദന മേഘലകളിലും തീരദേശ മേഖലയിലെ പാരിസ്ഥിത ആഘാതത്തെപ്പറ്റിയും പഠന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുക എന്നതാണ് മുഖ്യ പ്രവർത്തന ലക്ഷ്യം. കേന്ദ്ര ഗവൺമെന്റിൽ നിന്നും മറ്റ് ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്നും ലക്ഷ്യ സാക്ഷാത്ക്കാരത്തിന് ഉതകുന്ന പദ്ധതികൾ സമർപ്പിച്ച് പ്രോജക്റ്റ് ഫണ്ടുകൾ വാങ്ങി നടപ്പിലാക്കുക, ദേശീയ അന്തർദേശീയ സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തുക എന്നതും ഈ സ്ഥാപനത്തിന്റെ പ്രവർത്തന ലക്ഷ്യം ആണ്.

**ഭരണ സമിതികൾ**

84) സ്ഥാപനത്തിന്റെ നയരൂപീകരണത്തിനും മാനേജ്മെന്റിനുമായി

ബഹു. കേരള മുഖ്യമന്ത്രി അദ്ധ്യക്ഷനും ബഹുമാനപ്പെട്ട പരിസ്ഥിതി വകുപ്പ് മന്ത്രി ഉപാദ്ധ്യക്ഷനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും ഡയറക്ടർമാരും ഉൾപ്പെട്ട ഒരു ഗവേണിംഗ് ബോഡിയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണപരമായ കാര്യങ്ങൾ നിർ വഹിക്കുന്നതിനായി ബഹുമാനപ്പെട്ട പരിസ്ഥിതി വകുപ്പ് മന്ത്രി ചെയർമാനായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും ഡയറക്ടർമാരും ഉൾപ്പെട്ട ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

85) പ്രസ്തുത സ്ഥാപനം, Climate Change Disaster risk Reduction Training to functionaries of LSGD, Investigation non palaeo climate Records in the High ranges of Kerala തുടങ്ങിയ പരിസ്ഥിതി വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്നും UNEP ( United Nations Environment Programme) പോലുള്ള അന്താരാഷ്ട്ര തലത്തിലെ സംഘടനകളുമായി സഹകരിച്ച് കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച സെമിനാറുകൾ സംഘടിപ്പിക്കാറുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. കാലാവസ്ഥാ വ്യതിയാനപഠന കേന്ദ്രത്തിന് സ്ഥിരമായുള്ള ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ദൗത്യം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

## കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

86) 2002 -ലെ കേന്ദ്ര ജൈവവൈവിധ്യ നിയമവും 2008 -ലെ സംസ്ഥാന സർക്കാർ രൂപീകരിച്ച സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങളും പ്രകാരമാണ് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പ്രവർത്തിക്കുന്നത്. ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംസ്ഥാന സർക്കാരിനുവേണ്ട ഉപദേശം നൽകുക, ജൈവ സമ്പത്തിന്റെ വാണിജ്യ ഉപയോഗവുമായി ബന്ധപ്പെട്ട നേട്ടങ്ങൾ പ്രാദേശിക സമൂഹത്തിനുകൂടി ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുക, ജൈവസമ്പത്തിന്റെ വാണിജ്യ ഉപയോഗം, സർവ്വേ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഭാരതീയരായ വ്യക്തികൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ അനുമതി നൽകുക എന്നിവയ്ക്കൊപ്പം മേൽപ്പറഞ്ഞ നിയമവും ചട്ടങ്ങളും വിവക്ഷിക്കുന്ന മറ്റു പ്രവർത്തനങ്ങളും നടത്താൻ ചുമതലപ്പെട്ട സ്ഥാപനമാണ് ജൈവവൈവിധ്യ ബോർഡ്.

87) ഇത്തരം പ്രതിഭാസങ്ങൾ കരയിലും വെള്ളത്തിലുമുള്ള ജീവ ആവാസ വ്യവസ്ഥയെ സാരമായി ബാധിക്കുകയും കുടിവെള്ള ക്ഷാമത്തിലെന്നപോലെ തന്നെ വെള്ളപ്പൊക്കത്തിനും , വരൾച്ചക്കും, മണ്ണിലെ ഈർപ്പത്തിന്റെ അളവ് കുറയുകവഴി മണ്ണിലെ ഫലഭൂയിഷ്ടത കുറഞ്ഞു പോകുന്നതിനും ജീവിവർഗ്ഗങ്ങളുടെ നാശത്തിനും കാർഷികോൽപാദനത്തിന്റെ തകർച്ചയ്ക്ക് ആക്കം കൂട്ടുകയും ചെയ്യും.

88) ജൈവവൈവിധ്യം സംരക്ഷിക്കാനും വികസന ആവശ്യങ്ങൾ, ഉപജീവന മാർഗ്ഗം നിലനിർത്താനുമുള്ള ആവശ്യകത , കാലാവസ്ഥാവ്യതിയാനത്തിന്റെ ആഘാതങ്ങൾ ഉൾപ്പെടെയുള്ള പ്രതികൂല ഘടകങ്ങൾ എന്നിവ കണക്കിലെടുക്കുക എന്ന ലക്ഷ്യത്തോടെ GOI-GEF-UNDP യുടെ സാമ്പത്തിക പിന്തുണയോടെ ജൈവവൈവിധ്യ പ്രവർത്തന പദ്ധതിക്ക് അനുസൃതമായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സംസ്ഥാനത്തെ

പത്ത് വർഷത്തേയ്ക്കുള്ള ജൈവവൈവിധ്യ ആസൂത്രണ കർമ്മ പദ്ധതി (State Biodiversity Strategy and Action Plan- SBSAP) രൂപപ്പെടുത്തിയിട്ടുണ്ട്. വനവും, ജൈവവൈവിധ്യവും, കൃഷിയും മൃഗസംരക്ഷണവും, തീരദേശ ഉൾനാടൻ ജൈവവൈവിധ്യം, പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും, തദ്ദേശസ്വയംഭരണം, ആദിവാസി വികസനം എന്നിവയാണ് ഇതിൽ ഉൾ പ്പെടുന്ന പ്രധാനമേഖലകൾ . സമഗ്രമായ സ്ഥിതി വിവരകണക്കുകളുടേയും, വിശകലനങ്ങളുടേയും അടിസ്ഥാനത്തിൽ, വിവിധ മേഖലകളിലെ പരിചയ സമ്പന്നരായ വിദഗ്ധരുടെ സേവനമുപയോഗപ്പെടുത്തി തയ്യാറാക്കിയ ഈ കർമ്മ പദ്ധതി, നമ്മുടെ പ്രകൃതി സംരക്ഷണ-ജൈവവൈവിധ്യ പരിപാലന രംഗത്തിനും സുസ്ഥിര വികസനത്തിനും ഉറപ്പേകുന്നതാണ്. BMC (Biodiversity Management Committee) കൾ വഴി തദ്ദേശീയമായ പ്ലാനുകൾ (Local Biodiversity Strategy and Action Plan, LBSAP) നടപ്പിലാക്കാനും ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു.

89) ജൈവവൈവിധ്യത്തെ സംബന്ധിച്ച ലഘുലേഖകൾ , കൈപ്പുസ്തകങ്ങൾ, ഗ്രന്ഥങ്ങൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ തയ്യാറാക്കി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് കൂടാതെ പ്രദർശനപരിപാടികൾ , സെമിനാറുകൾ, ശിൽ പശാലകൾ, ബോധവൽക്കരണപരിപാടികൾ എന്നിവ സംഘടിപ്പിച്ച് ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ബോർഡ് പ്രവർത്തിച്ചുവരുന്നു. ജൈവവൈവിധ്യരംഗത്തെ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വർഷംതോറും അവാർഡുകളും നൽകിവരുന്നു.

## ജൈവവൈവിധ്യ ബോർഡിന്റെ ഘടന

പരിസ്ഥിതി വകുപ്പ്
കേരള സർക്കാർ
↓
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
↓
ചെയർമാൻ
↓
മെമ്പർ സെക്രട്ടറി
↓ ↓ ↓
അഡ്മിനിസ്ട്രേറ്റീവ് വിഭാഗം ടെക്നിക്കൽ വിഭാഗം സയന്റിഫിക് വിഭാഗം

## കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

**ബഡ്ജറ്റ് വിനിയോഗം** (തുക ലക്ഷത്തിൽ)

**2019-2021**

| വർഷം | പദ്ധതി | | | പദ്ധതിയേതരം (ശമ്പളം) | | | പദ്ധതിയേതരം (ശമ്പളേതരം) | | |
|---|---|---|---|---|---|---|---|---|---|
| | അനുവദിച്ച തുക | ലഭിച്ച തുക | ചെലവാക്കിയ തുക | അനുവദിച്ച തുക | ലഭിച്ച തുക | ചെലവാക്കിയ തുക | അനുവദിച്ച തുക | ലഭിച്ച തുക | ചെലവാക്കിയ തുക |
| 2019-20 | 1027.00 | 308.10 | 393.96 * | 89.94 | 59.20 | 56.75 | 18.00 | 13.70 | 13.70 |
| 2020-21 | 900.00 | 500.00 | 465.83 | 88.60 | 88.59 | 81.54 | 16.20 | 16.20 | 16.20 |
| 2021-22 | 800.00 | 290.00 | 290.00 | 72.0 | 72.0 | 72.0 | 16.20 | 13.0 | 13.0 |

* 1. 2019-20-ൽ പദ്ധതി ഇനത്തിൽ അധികമായി ചെലവായ തുക ബോർഡിന്റെ സംസ്ഥാന ജൈവവൈവിധ്യ ഫണ്ട്, മറ്റ് അനുബന്ധ ഫണ്ടുകൾ എന്നിവയിൽ നിന്നുമാണ് വിനിയോഗിക്കുന്നത്.

2. 2020-21-ൽ പദ്ധതിയേതര (ശമ്പളം)ത്തിൽ ലഭിച്ച തുകയിൽ Unspent balance ആയ 7,05,303 രൂപ 22.04.2021-ലെ ചെലാൻ നമ്പർ KL001 322146202122 പ്രകാരം റീഫണ്ട് ചെയ്തിട്ടുണ്ട്.

90) ബോർഡിന്റെ 2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിനിയോഗം സംബന്ധിച്ച വിശദമായ റിപ്പോർട്ട് **അനുബന്ധമായി** ചേർത്തിരിക്കുന്നു.

91) 'കേരള ബയോഡൈവേഴ്സിറ്റി പാർക്ക്' എന്ന പദ്ധതി കേരള ജൈവവൈവിധ്യ മ്യൂസിയം എന്ന പേരിൽ പുനർനാമകരണം ചെയ്ത് 2018 ജൂൺ 5-ന് തിരുവനന്തപുരത്തെ വള്ളക്കടവിൽ പ്രവർത്തനമാരംഭിച്ചു . ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ജൈവവിഭവങ്ങളുടെ സുസ്ഥിര ഉപയോഗത്തെക്കുറിച്ചും കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ മനസ്സിലാക്കാൻ ഉതകുന്ന വിധം ആധുനിക സാങ്കേതിക തികവോടെ മ്യൂസിയത്തിൽ സജ്ജമാക്കിയിട്ടുണ്ട്. അമേരിക്കയിലെ നാഷണൽ ഓഷ്യാനിക് & അറ്റ്മോസ്ഫിയറിക് അഡ്മിനിസ്ട്രേഷന്റെ (NOAA) സഹായത്തോടെ ആഗോള പരിസ്ഥിതിയുടെ വിസ്മയകരമായ പ്രതിഭാസങ്ങളെ ഹൈറെസലൂഷൻ വീഡിയോ വഴി ഗോളീയ പ്രതലത്തിൽ തത്സമയം അവതരിപ്പിക്കുന്ന സയൻസ് ഓൺ സ്ഫിയർ (SOS), സമ്പന്നമായ ജൈവവൈവിധ്യത്തെയും അതിനെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യത്തെ ക്കുറിച്ചുമുള്ള വീഡിയോകൾ , 50 പേർക്ക് ഒരേ സമയം കണ്ടാസ്വദിക്കാൻ ഉതകുന്ന രീതിയിലുള്ള 3D തീയേറ്റർ, സന്ദർ ശകർക്ക് സംവേദന സൗകര്യമൊരുക്കുന്ന ടച്ച് സ്ക്രീൻ കിയോസ്കുകൾ , ജൈവവൈവിധ്യത്തെ പറ്റിയുള്ള വിജ്ഞാനപ്രദമായ വിവരങ്ങൾ ലഭ്യമാക്കുന്ന പാനലുകൾ, വിവിധതരം ആവാസ വ്യവസ്ഥയുടെ മോഡലുകൾ, നാടൻ മത്സ്യ ഇനങ്ങളും, വിദേശ മത്സ്യ ഇനങ്ങളും അടങ്ങിയ അക്വാറിയം തുടങ്ങിയവ മ്യൂസിയത്തിൽ ക്രമീകരിച്ചിട്ടുണ്ട്. ജൈവവൈവിധ്യ മ്യൂസിയത്തിന് കൂടുതൽ പ്രചാരം ലഭിക്കുന്നതിന്റെ ഭാഗമായി ജൈവവൈവിധ്യ മ്യൂസിയത്തെക്കുറിച്ചുള്ള മലയാളം ബ്രോഷർ തയ്യാറാക്കുകയും, മ്യൂസിയത്തെ സംബന്ധിച്ച വിവരങ്ങളും , ഫോട്ടോകളും ടൂറിസം വെബ്സൈറ്റിൽ പ്രദർശിപ്പിക്കുകയും ചെയ്തു. കൂടാതെ മ്യൂസിയത്തിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി

പബ്ലിക്ക് അഡ്രസ് സിസ്റ്റം സ്ഥാപിക്കുകയും, മറ്റ് പ്രവർത്തനങ്ങളും ചെയ്തുവരുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ബയോ ഡൈവേഴ്സിറ്റി പാർക്കുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് സമിതി **ശിപാർശ** ചെയ്യുന്നു.

92) ദേശീയ ജൈവവൈവിധ്യ ഉദ്യാനവും പരമ്പരാഗത വിജ്ഞാനകേന്ദ്രവും മൂന്നാറിൽ KDH വില്ലേജിൽ സ്ഥാപിക്കുന്നതിന് പദ്ധതി രൂപരേഖ തയ്യാറാക്കിയിരുന്നുവെങ്കിലും നിർദ്ദിഷ്ടസ്ഥലത്തിന് ചുറ്റും നിലവിൽ ആറ് സംരക്ഷിത കേന്ദ്രങ്ങളുണ്ടെന്നും, അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നത് ടൂറിസത്തിന് സഹായകമാകുമെന്ന് വനംവകുപ്പ് അറിയിച്ചതിനെത്തുടർന്ന് ദേശീയ ജൈവവൈവിധ്യ ഉദ്യാനവും പരമ്പരാഗത വിജ്ഞാന കേന്ദ്രവും എന്ന പദ്ധതി ഉപേക്ഷിക്കുന്നതിന് തീരുമാനിച്ചുവെന്ന് സമിതി മനസ്സിലാക്കുന്നു. ജൈവവൈവിധ്യ സംരക്ഷണം , പരിസ്ഥിതി ബോധവൽക്കരണം, പരമ്പരാഗത അറിവുകളുടെ സംരക്ഷണം എന്നീ ഘടകങ്ങളുടെ പരിപാലനം ഭാവി തലമുറയുടെ വളർച്ചയ്ക്കും നിലനിൽപ്പിനും അനിവാര്യ ഘടകങ്ങൾ ആയതിനാൽ ദേശീയ ജൈവവൈവിധ്യ ഉദ്യാനവും പരമ്പരാഗത വിജ്ഞാനകേന്ദ്രവും സ്ഥാപിക്കുന്നതിന് അനുയോജ്യമായ മറ്റു പ്രദേശങ്ങൾ കണ്ടെത്തി ഇവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി **ശിപാർശ** ചെയ്യുന്നു.

93) പശ്ചിമഘട്ടത്തിലെ മലയോര , പർവ്വതപ്രദേശങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും , ഇതിനെ ആസ്പദമാക്കിയുള്ള ഒരു ബഹുമുഖ ഉപയോഗ ഭരണ നിർവ്വഹണ ചട്ടക്കൂട് ഉണ്ടാക്കുന്നതിനും വേണ്ടി കേന്ദ്രവനം പരിസ്ഥിതി, കാലാവസ്ഥ വ്യതിയാന മന്ത്രാലയവും, യു.എൻ.ഡി.പി. (UNDP) ഇന്ത്യയും ചേർന്ന് Global Environment

Facility – GEF പ്രോജക്ടിന്റെ ധനസഹായത്തോടെ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കേരളത്തിലെ ഇടുക്കി, എറണാകുളം തൃശ്ശൂർ എന്നീ മൂന്ന് ജില്ലകളിലെ തിരഞ്ഞെടുത്ത 11 ഗ്രാമപഞ്ചായത്തുകളിൽ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് പദ്ധതി 2021-2022 കാലഘട്ടത്തിൽ നടപ്പാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് പദ്ധതിയുടെ പുരോഗതി സംബന്ധിച്ച മേൽനോട്ടം ഉറപ്പാക്കണമെന്നും മറ്റു ജില്ലകളിലെ പഞ്ചായത്തുകളിലും സമാനമായ പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്നും സമിതി **നിർദ്ദേശിക്കുന്നു.**

94) ശാസ്താംകോട്ട കായൽ സംരക്ഷണത്തിന്റെ ഭാഗമായി നീർത്തട പ്രദേശത്ത് ഉൾപ്പെടുന്ന ശാസ്താംകോട്ട , പടിഞ്ഞാറേ കല്ലട , മൈനാഗപ്പള്ളി എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കായലിനോടു ചേർന്ന സ്ഥലത്ത് ജൈവവേലി നിർമ്മാണം, ഫല വൃക്ഷങ്ങളും മറ്റ് തനത് വൃക്ഷങ്ങളും നട്ടുപിടിപ്പിക്കൽ, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ എന്നിവ ശാസ്താംകോട്ട സംയുക്ത ജൈവ വൈവിധ്യ പരിപാലന സമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട് . ഈ കായൽ പ്രദേശത്തുള്ള ജൈവവൈവിധ്യത്തിന്റെ പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത് സമിതി പരിശോധിച്ചു . നിലവിൽ കേന്ദ്ര സർക്കാരിന്റെ അമൃത് ധാരോഹർ പദ്ധതിയുടെ ഭാഗമായി ശാസ്താംകോട്ട റാംസാർ സൈറ്റിന്റെ ജൈവവൈവിധ്യ വിവരങ്ങൾ ശാസ്താംകോട്ട കായലിന്റെ പരിധിയിൽ ഉൾപ്പെടുന്ന ശാസ്താംകോട്ട , മൈനാഗപ്പള്ളി, പടിഞ്ഞാറേകല്ലട എന്നീ ഗ്രാമ പഞ്ചായത്തുകളിലെ പി . ബി. ആറുകളിൽ ബന്ധപ്പെട്ട ബി .എം.സി.കൾ മുഖേന അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ശാസ്താംകോട്ട കായൽ സംരക്ഷണ പദ്ധതിയുടെ നേട്ടങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുള്ള മേൽനോട്ടവും തുടർ പ്രവർത്തനങ്ങളും

<u>ഉറപ്പാക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**</u>

95) കണ്ടൽവനങ്ങളുടെ സംരക്ഷണം നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ബി.എം.സി.-കൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ എറിയാട്, ആലപ്പാട്, മൺറോതുരുത്ത്, തെക്കുംഭാഗം, മാരാരിക്കുളം തെക്ക്, പോത്തൻകോട് ബ്ലോക്ക്, മുതുകുളം ബ്ലോക്ക് എന്നിവിടങ്ങളിൽ കണ്ടൽ വൽക്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു . മൺറോതുരുത്ത്, മുതുകുളം ബ്ലോക്ക് എന്നിവിടങ്ങളിൽ പദ്ധതിയുടെ ഭാഗമായി കണ്ടൽ നഴ്സറികൾ സ്ഥാപിക്കുകയും കൂടാതെ ക്ലാപ്പന ഗ്രാമപഞ്ചായത്തിൽ കണ്ടൽവനങ്ങളുടെ ഒരു നഴ്സറി സ്ഥാപിക്കുകയും ഇതിന്റെ തൈകൾ കൊല്ലം ആശ്രാമം ഭാഗത്ത് വച്ചുപിടിപ്പിക്കുകയും ചെയ്തുവെന്നുള്ള വിവരങ്ങൾ സമിതി പരിശോധിച്ചു. തീരശോഷണം തടയുന്നതിനും ജൈവ ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനും കാലാവസ്ഥാ വ്യതിയാന നിയന്ത്രണം, മത്സ്യ സമ്പത്തിന്റെ സംരക്ഷണം, ജലമാലിന്യ നിയന്ത്രണത്തിനും കണ്ടൽ വനങ്ങൾ (mangrove forests) പ്രധാന പങ്ക് വഹിക്കുന്നതിനാൽ <u>എവിടെയെല്ലാം കണ്ടൽ വനങ്ങൾ ഇനിയും വച്ചുപിടിപ്പിക്കേണ്ടതുണ്ടെന്ന് പരിശോധിച്ച് കണ്ടെത്തുന്നതിനും അവിടങ്ങളിൽ കണ്ടൽ വനങ്ങൾ വളർത്തുന്നത് നടപ്പിൽ വരുത്തുന്നതിനും അടിയന്തര നടപടി കൈക്കൊള്ളണമെന്ന് സമിതി **ശിപാർശ ചെയ്യുന്നു.**</u>

96) കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കേരള വനംവകുപ്പിന്റേയും ജൈവവൈവിധ്യ പരിപാലന സമിതികളുടേയും സഹകരണത്തോടെ ജില്ലകളിൽ സാമൂഹ്യ വനവൽക്കരണം നടത്തി വരുന്നുണ്ടെന്ന വിവരം സമിതി പരിശോധിച്ചു . സാമൂഹ്യ വനവൽക്കരണം കൊണ്ടുണ്ടായ ഗുണഫലങ്ങൾ എന്തെല്ലാമെന്ന് പരിശോധിക്കുകയും പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ യഥാവിധം കൈവരിക്കാനുതകുന്ന

പ്രവർത്തനങ്ങൾ കൈക്കൊള്ളണമെന്നും, പദ്ധതി നടത്തിപ്പ്, നട്ടുപിടിപ്പിച്ച വൃക്ഷങ്ങളുടെ സംരക്ഷണം എന്നിവ വർഷാവർഷം നിരീക്ഷിച്ച് നിലവിലുള്ള സാമൂഹ്യ വനവൽക്കരണ പദ്ധതി വിപുലമാക്കണമെന്നും സമിതി **ശിപാർശ** ചെയ്യുന്നു.

97) പ്രാദേശിക ജൈവൈവിധ്യത്തെക്കുറിച്ചുള്ള അറിവ്, ഉപയോഗം, ഉപയോഗരീതി, അവയുടെ ലഭ്യത എന്നിവ സംബന്ധിച്ച വിവരങ്ങളും പരമ്പരാഗത വിജ്ഞാനവും രേഖപ്പെടുത്തി സംരക്ഷിക്കുക എന്ന പ്രധാന ഉദ്ദേശലക്ഷ്യത്തോടെയാണ് ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതെന്നും 2008 -ലെ കേരള ബയോളജിക്കൽ ഡൈവേഴ്സിറ്റി റൂൾസിലെ ചട്ടം 20 (7) പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും അതത് ബി.എം.സി. കളുടെ മേൽനോട്ടത്തിൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കേണ്ടത് നിയമപരമായ ചുമതലയാണെന്നും സമിതി നിരീക്ഷിക്കുന്നു. 884 ഗ്രാമപഞ്ചായത്തുകളും 28 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ഉൾപ്പെടെ കേരളത്തിലെ 915 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ പദ്ധതി മുന്നേറിക്കൊണ്ടിരിക്കുന്നതായും ഇവയിൽ 854 പി.ബി.ആറുകൾ വിജയകരമായി പൂർത്തീകരിച്ചുവെന്നും വയനാട് ജില്ലയിൽ പി.ബി.ആർ. പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയതായും സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ പദ്ധതി നടപ്പാക്കണമെന്ന് സമിതി **ശിപാർശ** ചെയ്യുന്നു.

98) തണ്ണീർത്തടങ്ങൾ, പുഴകൾ, കായൽ, കടൽ പ്രദേശങ്ങൾ എന്നിവയിലെ ആവാസവ്യവസ്ഥയുടെ സംരക്ഷണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ബി.എം.സി.കൾ എന്നിവരുടെ മേൽ

നോട്ടത്തിൽ പ്രദേശികതലത്തിൽ നാശോന്മുഖമായിട്ടുള്ള ആവാസവ്യവസ്ഥകളുടെ പുനസ്ഥാപനം എന്ന പദ്ധതി സ്കീമിലുൾപ്പെടുത്തി 2022-2023 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബി.എം.സി.-കൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. തണ്ണീർത്തടങ്ങൾ, പുഴകൾ, കായൽ, കടൽ പ്രദേശങ്ങൾ എന്നിവയിലെ ആവാസവ്യവസ്ഥയുടെ സംരക്ഷണത്തിനായുള്ള പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ നിരന്തരമായി നിരീക്ഷിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കണമെന്ന് സമിതി **ശിപാർശ** ചെയ്യുന്നു.

99) ജൈവവൈവിധ്യ നിയമവും ചട്ടങ്ങളും പ്രാദേശികതലത്തിൽ നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി.-കൾ) രൂപീകരിച്ചിട്ടുണ്ടെന്നും ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റി (DBCC) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുൾപ്പെടെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകരിച്ചിട്ടുള്ള ബി .എം.സി.-കളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും , ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി 20.10.2022-ലെ സ .ഉ.(സാധാ)നം. 2550/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം, ജില്ലാ ആസൂത്രണ സമിതിയുടെ സബ് കമ്മിറ്റി എന്ന നിലയിൽ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സണിന്റെ അധ്യക്ഷതയിൽ ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റികളും (DBCC) എല്ലാ ജില്ലയിലും രൂപീകരിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ബി.എം.സി.കളുടെ പ്രവർത്തനം സംബന്ധിച്ച് വർഷാവർഷം സോഷ്യൽ ഓഡിറ്റ് നടത്തുന്നത് പരിസ്ഥിതി പരിപാലന പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾക്ക് സഹായകരമാകുമെന്ന് സമിതി വിലയിരുത്തുന്നു.

100) പമ്പാനദീതീര ജൈവവൈവിധ്യ പുനരുജ്ജീവന പദ്ധതിയ്ക്കായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി , 'പമ്പാനദീതീര ജൈവവൈവിധ്യ പുനരുജ്ജീവന പദ്ധതി ' തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പുഴയോര ജൈവവൈവിധ്യ സംരക്ഷണം തദ്ദേശസ്ഥാപനങ്ങൾ, ബി.എം.സി.-കൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വനം വകുപ്പ്, ഗവേഷണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രദേശവാസികൾ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള മാതൃകാ പദ്ധതിയായിട്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പത്തനംതിട്ട ജില്ലയിലെ 14 ഗ്രാമപഞ്ചായത്ത് ബി.എം.സി.-കളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ ഭാഗമായി 95 ഇനത്തിൽപ്പെട്ട 2,50,000 തൈകൾ നട്ടുപിടിപ്പിച്ചു . രണ്ടു ലക്ഷം രാമച്ചത്തിന്റെ നടീൽ വസ്തുക്കളും 50,000 പുഴയോര സസ്യങ്ങളുടെയും ഫലവർഗ്ഗ-ഔഷധസസ്യങ്ങളുടേയും തൈകൾ ഇതിലുൾപ്പെടുന്നുവെന്നും പദ്ധതിയിലുൾപ്പെട്ട 14 ബി.എം.സി.-കൾ തിരഞ്ഞെടുത്ത സ്ഥലത്ത്, തൊഴിലുറപ്പ് തൊഴിലാളികളുടെ സഹകരണത്തോടെ തൈകൾ നട്ട് പരിപാലനം നടത്തുന്നുവെന്ന വിവരവും സമിതി മനസ്സിലാക്കുന്നു. പമ്പാനദീതീര ജൈവവൈവിധ്യ പുനരുജ്ജീവനപദ്ധതി മറ്റു പ്രദേശങ്ങളിൽ കൂടി നടപ്പിലാക്കുന്നതിനായി ഇതിനുള്ള പ്രത്യേക പ്രോട്ടോക്കോൾ പ്രകാരമുള്ള സസ്യങ്ങൾ മാത്രമേ വളർത്താൻ പാടുള്ളൂവെന്ന നിബന്ധനയോടെ താത്പര്യമുള്ള ബി .എം.സി. കൾക്ക് അപേക്ഷിക്കാനായി താത്പര്യപത്രം ക്ഷണിക്കുന്നതാണെന്നും പ്രസ്തുത പദ്ധതിയ്ക്കായി പ്ലാൻ ഫണ്ടിൽ അനുവദിച്ചിട്ടുള്ള തുക മാത്രമേ ചെലവഴിക്കാൻ സാധിക്കുകയുള്ളൂവെന്നും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുക ചെലവാക്കാറുണ്ടെന്നുമുള്ള വിവരങ്ങൾ സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തെ മറ്റ് നദീതീരങ്ങളിലും ജൈവവൈവിധ്യ പുനരുജ്ജീവന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട കർമ്മ പരിപാടികൾ ആവിഷ്കരിക്കണമെന്ന്

<u>സമിതി **ശിപാർശ** ചെയ്യുന്നു.</u>

101) ജൈവവൈവിധ്യ സംരക്ഷണവും ജൈവ വിഭവങ്ങളുടെ സുസ്ഥിരോപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനും, ഏകോപനത്തിനും അനുബന്ധ വകുപ്പുകൾ, സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ തുടങ്ങിയവയുടെ കൂട്ടായ സഹകരണം അനിവാര്യമാണെന്നതിനാൽ 12.01.2023-ൽ, സംസ്ഥാനത്തെ 28 സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, അതോറിറ്റികൾ, ബോർഡുകൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് 'വിർച്വൽ ബയോഡൈവേഴ്സിറ്റി കേഡർ' സർക്കാർ രൂപീകരിച്ചിട്ടുണ്ടെന്നും സംസ്ഥാന ജൈവവൈവിധ്യ ബോർഡുമായി സഹകരിച്ച് സംസ്ഥാനത്തെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന്, പ്രസ്തുത വകുപ്പുകളിലും, സ്ഥാപനങ്ങളിലും നോഡൽ ഓഫീസർമാരെ നിയോഗിക്കുന്നതിനും നിഷ്കർഷിച്ചിട്ടുണ്ടെന്ന വിവരവും സമിതി മനസ്സിലാക്കുന്നു.

102) ജൈവവൈവിധ്യത്തെ അനുബന്ധ വകുപ്പുകളുടെ നയരൂപീകരണത്തിലും പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തുന്നതിന് വേണ്ടി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം, തദ്ദേശസ്വയംഭരണം, ജലവിഭവം, കൃഷി, വനം, മത്സ്യബന്ധനം, വിനോദസഞ്ചാരം, മൃഗസംരക്ഷണം, എന്നീ വകുപ്പികളിലെ സെക്രട്ടറിമാരും, ജൈവവൈവിധ്യ ബോർഡിന്റെ ചെയർമാനും അംഗങ്ങളായിട്ടുള്ള സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി , 2018 ൽ രൂപീകരിച്ചിട്ടുണ്ട്. <u>സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ പ്രവർത്തനം പൂർണ്ണതോതിൽ നടത്തുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**</u>

103) പരിസ്ഥിതിനാശവും മലിനീകരണവും മൂലം വംശനാശം സംഭവിക്കുന്ന ജീവികളെയും സസ്യങ്ങളെയും സംരക്ഷിക്കുന്നതിന് നിരവധി

പ്രവർത്തനങ്ങൾ വകുപ്പ് നടപ്പാക്കി വരുന്നതായി സമിതി വിലയിരുത്തുന്നു. തനത് കാർഷികവിളയിനങ്ങളുടെയും കന്നുകാലികളുടെയും ജീവജാലങ്ങളുടെയും സംരക്ഷണത്തിനും പ്രചാരണത്തിനുമായി, ഇടവക ഗ്രാമപഞ്ചായത്ത് ബി.എം.സി. യുടെ മേൽനോട്ടത്തിൽ കാട്ടിൽനിന്നും കർഷകരുടെ ഇടയിൽ നിന്നും നടീൽവസ്തു ശേഖരിച്ച് കർഷകരുടെ കൃഷിയിടങ്ങളിലും പരമ്പരാഗത ഇനങ്ങളുടെ കൃഷി നടപ്പിലാക്കിയും ഇവിടെ നിന്നും നടീൽവസ്തുക്കൾ സംഭരിച്ച് മറ്റു ജില്ലകളിലേക്കും കൃഷി വ്യാപിപ്പിച്ചും വരുന്നുണ്ട്.

104) വെച്ചൂർ കൺസർവേഷൻ ട്രസ്റ്റിന്റെ നേതൃത്വത്തിൽ വെച്ചൂർ , ചെറുവള്ളി എന്നീ തനതു കന്നുകാലിയിനങ്ങളുടെ സംരക്ഷണവും വംശവർധനവും നടപ്പാക്കിവരുന്നു. പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ അവശേഷിക്കുന്ന നൂറോളം ഹൈറേഞ്ച് ഡ്വാർഫ് പശുക്കളെ സംരക്ഷിക്കുന്നതിനുള്ള ദ്വിവത്സരപദ്ധതി ബി.എം.സി. മുഖേന നടപ്പിലാക്കിവരുന്നുണ്ട്. അന്യംനിന്നുപോകുന്ന കടലാമകളുടെ വംശവർ ധനവിന് അവയുടെ പ്രജനന സംരക്ഷണപദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ വംശനാശം നേരിടുന്ന ജീവജാലങ്ങളുടെ സംരക്ഷണത്തിന്റെ ഭാഗമായുള്ള അവബോധപ്രവർത്തനങ്ങൾ ബോർഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. നഗരങ്ങളിലും മറ്റും ചെറുകാടുകൾ സൃഷ്ടിക്കുകയും അവയിൽ അപൂർവ്വമോ, അന്യംനിന്നുപോകാവുന്നതോ ആയ സസ്യങ്ങളെ വളർ ത്തി പരിപാലിക്കുന്ന 'ശാന്തിസ്ഥൽ' എന്ന പദ്ധതി ബോർഡ് നടപ്പിലാക്കിവരുന്നു. ഈ സാഹചര്യത്തിൽ, സംസ്ഥാനത്ത് ഓരോ പ്രാദേശിക ഇടങ്ങളിലും അന്യം നിന്ന് പോയേക്കാവുന്ന തനത് കാർഷിക വിഭവങ്ങളും ജീവജാലങ്ങളും സംബന്ധിച്ച് ഒരു രജിസ്റ്റർ തയ്യാറാക്കി ആയവയുടെ സംരക്ഷണപ്രവർത്തനങ്ങൾ നടത്തണമെന്ന് സമിതി **ശിപാർശ** ചെയ്യുന്നു.

105) കേരളത്തിലെ തീരപ്രദേശത്തെ സമുദ്ര ജൈവവൈവിധ്യവും

ബന്ധപ്പെട്ട നാട്ടറിവുകളും , പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അറിവും , ജൈവവൈവിധ്യ സംരക്ഷണത്തിന് അവർ പിൻതുടരുന്ന പരമ്പരാഗതരീതികളും ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ചാണ് 'സമുദ്ര ജൈവവൈവിധ്യ രജിസ്റ്റർ ' തയ്യാറാക്കുന്നത്. രജിസ്റ്റർ തയ്യാറാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തീരപ്രദേശത്തെ വിവരശേഖരണം പൂർത്തിയാക്കിയതായും ആലപ്പുഴ തീരപ്രദേശങ്ങളിലെ വിവരശേഖരണം തുടർന്നു വരുന്നതായും സമിതി മനസ്സിലാക്കുന്നു . ഈ സാഹചര്യത്തിൽ, സംസ്ഥാനത്തെ തീരപ്രദേശം ഉൾപ്പെടുന്ന എല്ലാ ജില്ലകളിലെയും സമുദ്ര ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി **ശിപാർശ** ചെയ്യുന്നു.

106) കയർഭൂവസ്ത്ര പദ്ധതി സംബന്ധിച്ച് , ജൈവവൈവിധ്യങ്ങളെ നശിപ്പിച്ചുകൊണ്ട് ഭൂവസ്ത്രം വിരിക്കുന്നത് മീനുകളും അപൂർവ്വയിനം സസ്യങ്ങളും നശിച്ചുപോകുന്നതിന് ഇടയാക്കുന്നതിനാൽ ജൈവവൈവിധ്യം ധാരാളമുള്ള പ്രദേശങ്ങളിൽ കയർഭൂവസ്ത്രം വിരിക്കേണ്ടതില്ലെന്ന് ബി.എം.സി.കൾക്ക് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മണ്ണൊലിപ്പുള്ള പ്രദേശങ്ങളിൽ മാത്രമായി ഇത് പരിമിതപ്പെടുത്തണമെന്നത് സംബന്ധിച്ചും ഗ്രാമീണതൊഴിലുറപ്പു പദ്ധതികൾ ഉൾപ്പെടുത്തി ഇത് നടപ്പിലാക്കുമ്പോൾ പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതുണ്ടെന്നുമുള്ള വിവരവും സമിതി പരിശോധിച്ചു.

107) കാർഷിക ജൈവവൈവിധ്യത്തിന് നാശം സംഭവിച്ചത് പരിഹരിക്കുന്നതിന് 100 കർഷകരെ ഓരോ ജില്ലയിൽ നിന്നും കണ്ടെത്തി 20 കർഷകരുടെ പുരയിടം ഫാം സ്കൂളായി മാറ്റുകയും ബാക്കിയുള്ളവരെ കസ്റ്റോഡിയൻ ഫാർമേഴ്സ് എന്ന രീതിയിൽ നിലനിർത്തുകയും ചെയ്യുകയാണെന്നും ജൈവവൈവിധ്യ നിയമത്തിലെ വരുമാന ഉത്പാദന മാർഗ്ഗത്തിൽ പറയുന്നതനുസരിച്ച് സംസ്ഥാനത്തു നിന്നും കമ്പനികളുടെ ടേൺ

ഓവറിന്റെ ഒരു നിശ്ചിത ശതമാനം സർക്കാരിലേക്ക് വരുമാനമായി വാങ്ങാമെന്നും എന്നാൽ ഇതിന് 400 കമ്പനികൾക്ക് നോട്ടീസ് നൽകിയതിൽ 4 കമ്പനികൾ മാത്രമാണ് എഗ്രിമെന്റുമായി മുന്നോട്ട് വന്നതെന്നും ഇതു സംബന്ധമായി ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വിഷയം രമ്യമായി പരിഹരിക്കുന്നതിന് പരിസ്ഥിതി വകുപ്പുമായി ചേർന്ന് പരിഹാരം കാണാൻ ശ്രമിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

108) കുട്ടികളിൽ ജൈവവൈവിധ്യ സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് വർഷംതോറും കുട്ടികളുടെ 'ജൈവവൈവിധ്യ കോൺഗ്രസ്' ബോർഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നതായും ഇതിന്റെ ഭാഗമായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സ്കൂൾ വിദ്യാർഥികളെ ഉൾ പ്പെടുത്തിക്കൊണ്ട് മത്സരപരിപാടികൾ സംഘടിപ്പിച്ചുവരുന്നുവെന്ന വിവരവും സമിതി പരിശോധിച്ചു. <u>ജൈവവൈവിധ്യ സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായുള്ള പരിപാടികൾ കോളേജ് തലത്തിലും സംഘടിപ്പിക്കുന്നതിന് ശ്രമമുണ്ടാകണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**</u>

109) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മാനദണ്ഡപ്രകാരമാണ് ജൈവവൈവിധ്യ പൈതൃകസ്ഥാനങ്ങൾ നിർണ്ണയിക്കുന്നതെന്നും ഇതിനായി അനുവദിക്കുന്ന തുക പ്രാദേശികതലത്തിൽ നടത്തുന്ന ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. <u>ജൈവവൈവിധ്യ പൈതൃകസ്ഥാനങ്ങളുടെ തുടർ സംരക്ഷണവും മേൽനോട്ടവും ഉറപ്പാക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**</u>

110) പരിസ്ഥിതിലോല മേഖലകൾ തരംതിരിച്ചിട്ടുള്ളതിൽ തോട്ടങ്ങൾ , കൃഷിയിടങ്ങൾ, ജനവാസമേഖലകൾ എന്നിവ പൂർണ്ണമായും ഒഴിവാക്കി മറ്റു സ്ഥലങ്ങളെയാണ് ഇ.എസ്.എ. ആയി നിശ്ചയിച്ചിട്ടുള്ളതെന്നും കൂടാതെ 20000

ചതുരശ്ര മീറ്ററിലേറെ വ്യാപ്തിയുള്ള കെട്ടിടങ്ങളും നിർമ്മാണപ്രവർത്തനങ്ങളും, 50 ഹെക്ടറും അതിലേറെയും വ്യാപ്തിയുള്ള ടൗൺഷിപ്പുകളും വികസന പ്രോജക്റ്റുകളും അഥവാ 150000 ചതുരശ്ര മീറ്ററും അതിലേറെയും വ്യാപ്തിയുള്ളവ, റെഡ് കാറ്റഗറി വ്യവസായങ്ങൾ, ഖനനം, താപോർജ്ജനിലയങ്ങൾ തുടങ്ങിയവയ്ക്ക് പരിസ്ഥിതിലോല മേഖലയിൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ജനവാസമേഖലയിൽ വലിയ നിയന്ത്രണങ്ങൾ വരുമെന്ന് ജനങ്ങളുടെയിടയിൽ ഭീതി നിലനിൽക്കുന്നതിനാൽ പട്ടയഭൂമിയായ പാർപ്പിടം , കൃഷിയിടങ്ങൾ, തോട്ടങ്ങൾ തുടങ്ങിയവ പൂർണ്ണമായും ഒഴിവാക്കിയാണ് നിരോധനം നടപ്പിലാക്കിയതെന്നുമുള്ള വിവരങ്ങൾ സമിതി പരിശോധിച്ചു.

111) സംസ്ഥാനത്ത് ഉപേക്ഷിക്കപ്പെട്ട നിലയിലുള്ള ക്വാറികളുടെ പുനരുദ്ധാരണം നടത്തുന്നതിന് എല്ലാ ബി.എം.സി-കൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം സമിതി പരിശോധിച്ചു. പ്രസ്തുത പദ്ധതി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നേരിട്ട് നടപ്പിലാക്കുന്നില്ലായെങ്കിലും ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പേരൂർക്കട വില്ലേജിൽ ഉൾപ്പെടുന്ന അട്ടപ്പുകുട്ടാൻ ക്വാറിയിലെ ജലാശയത്തിന്റെ പുനരുദ്ധാരണം, എറണാകുളം ജില്ലയിലെ തൃക്കാക്കര മുനിസിപ്പാലിറ്റിയിലുൾപ്പെടുന്ന അമ്പലപ്പാറ ക്വാറിയുടെ പുനരുദ്ധാരണ പ്രവർത്തനം എന്നിവ നടത്തിയതായും ഇത്തരം പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കാനുള്ള പ്രൊപ്പോസൽ ലഭിച്ചാൽ അവ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തികസഹായം നൽകാൻ ബോർഡ് തയ്യാറാണെന്ന വിവരവും സമിതി പരിശോധിച്ചു. ക്വാറികളുടെ പുനരുദ്ധാരണം സംബന്ധിച്ച് തദ്ദേശ സ്വയംഭരണം, റവന്യൂ തുടങ്ങി ഇതര വകുപ്പുകളുടെ സഹകരണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് അഭികാമ്യമാകുമെന്ന് സമിതി വിലയിരുത്തുന്നു.

112) അധിനിവേശ സസ്യങ്ങളും ജന്തുക്കളും നമ്മുടെ പരിസ്ഥിതിയെ

അപകടപ്പെടുത്തുന്ന സ്ഥിതിയാണുള്ളതെന്നും ചെടികൾ നട്ടുവളർത്തുന്ന നഴ്സറികളിലെ 75% ഇനങ്ങളും വിദേശത്തുനിന്നുള്ളവയാണെന്നും ഹൈവേകളുടെ വശങ്ങളിൽ വച്ചുപിടിപ്പിക്കുന്നവ സിംഗപ്പൂർ, ആസ്ട്രേലിയ എന്നിവിടങ്ങളിൽ നിന്നും വരുന്നതാണെന്നും പശ്ചിമഘട്ട മലനിരകളിൽ നിന്നുള്ള അലങ്കാരചെടികൾ വികസിപ്പിച്ചെടുത്തിട്ടുണ്ടെങ്കിലും നഴ്സറികൾക്ക് അത് ആവശ്യമില്ലാത്ത സ്ഥിതിയാണെന്നും ഇത്തരം തൈകൾ ആവശ്യത്തിന് നൽ കാൻ നിലവിലെ സംവിധാനങ്ങൾ അപര്യാപ്തമാണെന്നും ഇതുസംബന്ധിച്ച് ഒരു ദേശീയ ശില്പശാല നടത്തുകയുണ്ടായെന്നും ഇതിനായുള്ള നയരൂപീകരണ മാർ ഗ്ഗനിർദ്ദേശങ്ങൾ ആവിഷ്കരിച്ചു വരികയാണെന്നും ഇതിനായി എല്ലാ വകുപ്പുകളുടെയും ഏകോപനം സാധ്യമാക്കണമെന്നും ആയതിനായുള്ള നിയമനിർ മ്മാണവും സംഘാടനവും ഉണ്ടാവുകയാണെങ്കിൽ പദ്ധതി പ്രവർത്തനത്തിന് സഹായകരമാകുമെന്നുമുള്ള വിവരങ്ങൾ സമിതി പരിശോധിച്ചു. ഇതുസംബന്ധിച്ച് പരിസ്ഥിതി നയം പുതുക്കേണ്ടതുണ്ടെന്നും ആയതിൽ പ്രസ്തുത വിഷയം കൂടി ഉൾപ്പെടുത്തണമെന്നും എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനത്തിന് വകുപ്പ് നേതൃത്വം നൽ കേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇതുസംബന്ധിച്ച് ബന്ധപ്പെട്ടവർ ക്ക് നിർദ്ദേശം നൽകണമെന്നും ചെറിയതരം തൈകൾ വേഗത്തിൽ വളർച്ചയും വിളവും ലഭിക്കുന്നതിനുവേണ്ടി ഇറക്കുമതി ചെയ്യുന്നത് നമ്മുടെ ജൈവവൈവിധ്യത്തെ ഗൗരവമായി ബാധിക്കുന്നുണ്ടെന്നും ഇതുസംബന്ധിച്ച റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ശക്തമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും നിലവിൽ അനുവദിച്ച തുക അതിനായി വിനിയോഗിക്കണമെന്നും ആയതിനായി പ്രത്യേക നയം രൂപീകരിക്കണമെന്നും സമിതി **ശിപാർശ** ചെയ്യുന്നു.

113) എല്ലാ വകുപ്പുകളുടെയും ഏകോപനം സാധ്യമാക്കുന്നതിനായി ബയോഡൈവേഴ്സിറ്റി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ഇതു നടപ്പിലാക്കുന്നതിനായി ബി.എം.സി.-യെ ശാക്തീകരിച്ചിട്ടുണ്ടെന്നും അതിനായി

ജില്ലാതലത്തിൽ ബയോഡൈവേഴ്സിറ്റി കോ -ഓർഡിനേഷൻ കമ്മിറ്റി , ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻ അതിന്റെ അദ്ധ്യക്ഷനായും സെക്രട്ടറി , ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എന്നിവർ അംഗങ്ങളായും രൂപീകരിച്ചിട്ടുണ്ടെന്നും കമ്മിറ്റിയിൽ ജില്ലയിലെ മുഴുവൻ വികസനപദ്ധതികളെക്കുറിച്ചും , ജൈവവൈവിധ്യ ഘടകങ്ങളുടെ സാന്നിധ്യം പരിസ്ഥിതിക്ക് ദോഷകരമാകുന്ന സംഗതികളെക്കുറിച്ചും ചർച്ച ചെയ്യുമെന്നുമുള്ള വിവരങ്ങൾ സമിതി പരിശോധിച്ചു. കൂടാതെ, സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റി ഓരോ വകുപ്പിലും വകുപ്പിലെ രണ്ടുപേർ വീതം നിർദ്ദേശങ്ങൾ നടപ്പാക്കുന്ന രീതിയിലുള്ള വെർച്ച്വൽ കേഡർ സംവിധാനമുൾപ്പെടെ രണ്ട് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരവും സമിതി പരിശോധിച്ചു.

114) കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച്, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും എട്ടംഗ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റിയുണ്ടെന്നും 'Preparation of People's Biodiversity Register' ആണ് പ്രധാന നിർബന്ധിത ദൗത്യമെന്നും, ഇന്ത്യയിലാദ്യമായി 2019-ൽ കേരളത്തിലാണ് ഇത് നടപ്പാക്കിയതെന്നും ഇതിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും ഇതിന്റെ ഭാഗമായി ബി .എം.സി. പരിഷ്കരണവുമായി മുന്നോട്ടുപോകുകയാണെന്നും 2018-ലെ പ്രളയം ജൈവവൈവിധ്യത്തിനുണ്ടാക്കിയ നാശനഷ്ടങ്ങൾക്ക് പരിഹാരമായി റിവർബാങ്ക് ബയോഡൈവേഴ്സിറ്റി റിജുവനേഷൻ പ്രോഗ്രാമിലൂടെ അപൂർവ്വവും വംശനാശഭീഷണി നേരിടുന്നതും നശിപ്പിക്കപ്പെടാൻ സാധ്യതയുള്ളതുമായ സസ്യവർഗ്ഗങ്ങളെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പ്രത്യേകം തെരഞ്ഞെടുത്ത് മാതൃകാ പദ്ധതിയായി അവയുടെ സംരക്ഷണം നടപ്പിലാക്കിയിരുന്നുവെന്നും പ്രസ്തുത പദ്ധതി എല്ലായിടത്തും നടപ്പാക്കാൻ കഴിഞ്ഞില്ലെങ്കിലും പമ്പാതീരത്ത് 14 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പദ്ധതി വിജയകരമായി പൂർത്തിയാക്കാനായെന്നും സമിതി വിലയിരുത്തുന്നു.

# കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

## ബോർഡിന്റെ പ്രവർത്തനങ്ങൾ

115) 1974 – ൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിലവിൽവന്നു. മലിനീകരണ നിയന്ത്രണത്തിനായി ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം 1974, വായു മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം 1981, 1986 -ലെ പരിസ്ഥിതി സംരക്ഷണ നിയമം തുടങ്ങിയ നിയമങ്ങളും ഖര മാലിന്യ ചട്ടങ്ങൾ, പ്ലാസ്റ്റിക് പരിപാലന ചട്ടങ്ങൾ, ബയോമെഡിക്കൽ മാലിന്യ പരിപാലന ചട്ടങ്ങൾ തുടങ്ങിയ അനുബന്ധ ചട്ടങ്ങളും പ്രകാരം വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങി ജലം , വായു, മണ്ണ് എന്നിവ മലിനപ്പെടുത്താൻ സാധ്യതയുള്ള എല്ലാ പ്രവർത്തനങ്ങളും ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്ന് മലിനീകരണ നിയന്ത്രണത്തിനായുള്ള നടപടികൾ സ്വീകരിക്കുന്നു.

116) വ്യവസായശാലകൾ മറ്റ് മലിനീകരണ സാധ്യതയുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുമുമ്പായി ബോർഡിൽനിന്നും സ്ഥാപനാനുമതി കരസ്ഥമാക്കേണ്ടതും പ്രവർത്തിപ്പിക്കുന്നതിനുമുമ്പായി പ്രവർത്തനാനുമതി കരസ്ഥമാക്കേണ്ടതുമാണ്. സ്ഥാപനാനുമതി പരിഗണിക്കുന്ന വേളയിൽ അടുത്ത വീടുകളിൽനിന്നും അടുത്ത വിദ്യാഭ്യാസസ്ഥാപനം / കോടതി / പൊതു കാര്യാലയം / ആശുപത്രി / ആരാധനാലയം / കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയവയിൽനിന്നും പാലിക്കേണ്ട കുറഞ്ഞ ദൂരപരിധി നിഷ്കർഷിക്കുന്നതോടൊപ്പം ജല-വായു-മണ്ണ് എന്നിവയുടെ മലിനീകരണം നിയന്ത്രിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നിഷ്കർഷിക്കുന്നു. പ്രവർത്തനാനുമതി പരിഗണിക്കുന്ന വേളയിൽ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള ദൂരപരിധി പാലിച്ചിട്ടുണ്ടോ എന്നും തൃപ്തികരമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും ഉറപ്പുവരുത്തിയ

ശേഷമാണ് പ്രവർത്തനാനുമതി നൽകുന്നത്. ജലനിയമം, വായു നിയമം , പരിസ്ഥിതി നിയമത്തിൻകീഴിൽ വരുന്ന വിവിധ ചട്ടങ്ങൾ (ബയോമെഡിക്കൽ വേസ്റ്റ് ചട്ടങ്ങൾ, സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, ഹസാർഡസ് വേസ്റ്റ് ചട്ടങ്ങൾ, ബാറ്ററീസ് ചട്ടങ്ങൾ, പ്ലാസ്റ്റിക് വേസ്റ്റ് ചട്ടങ്ങൾ, ഇ-വേസ്റ്റ് ചട്ടങ്ങൾ) അനുശാസിക്കുന്നപ്രകാരമുള്ള അനുമതികൾ (കൺസന്റ് / ആതറൈസേഷൻ / രജിസ്ട്രേഷൻ എന്ന പേരുകളിൽ വിവിധ ചട്ടങ്ങളിൽ അനുശാസിക്കുന്ന പ്രകാരം) ബോർഡിൽനിന്നും നൽകിവരുന്നു.

117) ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി Online consent (അനുമതി) മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. അപേക്ഷകർക്ക് നേരിട്ട് Online ആയി അപേക്ഷകൾ സമർപ്പിക്കാവുന്നതും ഫീസ് ഉൾപ്പെടെ Online ആയിത്തന്നെ അപേക്ഷയുടെ തീർപ്പുകൽപ്പിക്കുന്നതിനുള്ള പുരോഗതി നിരീക്ഷിക്കാവുന്നതുമാണ്.

**ബോർഡിലൂടെ നടപ്പാക്കുന്ന പ്രധാന പാരിസ്ഥിതിക നിയമങ്ങൾ / ചട്ടങ്ങൾ**

1. ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974
2. വായു മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1981
3. പരിസ്ഥിതി (സംരക്ഷണ) നിയമം, 1986
4. പരിസ്ഥിതി (സംരക്ഷണ) ചട്ടങ്ങൾ, 1986
5. കേരളാ ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) ചട്ടങ്ങൾ, 1976
6. ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) സെസ് നിയമം, 1977
7. ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) സെസ് ചട്ടങ്ങൾ, 1978
8. വായു മലിനീകരണ (നിവാരണവും നിയന്ത്രണവും) ചട്ടങ്ങൾ, 1984
9. ബയോമെഡിക്കൽവേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016 (2016 -ൽ ഭേദഗതി വരുത്തിയത്)

10. മുനിസിപ്പൽ സോളിഡ്‌വേസ്റ്റ് മാനേജ്‌മെന്റ് ചട്ടങ്ങൾ, 2016 (2016 -ൽ ഭേദഗതി വരുത്തിയത്)

11. നോയിസ് പൊല്യൂഷൻ (റെഗുലേഷൻ & കൺട്രോൾ) ചട്ടങ്ങൾ, 2000

12. ബാറ്ററീസ് (മാനേജ്‌മെന്റ് & ഹാന്റ്‌ലിംഗ്) ചട്ടങ്ങൾ, 2001

13. ഹസാർഡസ് വേസ്റ്റ് (മാനേജ്‌മെന്റ് & ട്രാൻസ് ബൗണ്ടറി മൂവ്‌മെന്റ്സ്) ചട്ടങ്ങൾ, 2016 (2016 -ൽ ഭേദഗതി വരുത്തിയത്)

14. പ്ലാസ്റ്റിക്‌വേസ്റ്റ് മാനേജ്‌മെന്റ് ചട്ടങ്ങൾ, 2016 (2016 -ൽ ഭേദഗതി വരുത്തിയത്)

15. ഇ-വേസ്റ്റ് മാനേജ്‌മെന്റ് ചട്ടങ്ങൾ, 2016 (2016 -ൽ ഭേദഗതി വരുത്തിയത്)

118) മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിധിയിൽ വായു മലിനീകരണ നിയന്ത്രണം, ജല മലിനീകരണ നിയന്ത്രണം, ശബ്ദ മലിനീകരണ നിയന്ത്രണം, ബയോമെഡിക്കൽ മാലിന്യം , അപകടകാരികളായ മാലിന്യം, ഖരമാലിന്യം, പ്ലാസ്റ്റിക് മാലിന്യം, ഇ-വേസ്റ്റ് മാലിന്യം എന്നിവയുടെ മാനേജ്‌മെന്റ് സംബന്ധിച്ച നിയന്ത്രണം എന്നിവയാണ് പൊതുവായി വരുന്നത്.

119) തണ്ണീർത്തടങ്ങൾ, പുഴകൾ, കായൽ, കടൽ പ്രദേശങ്ങൾ എന്നിവയുടെ സംരക്ഷണത്തിനായി 363 സ്റ്റേഷനുകളും, 3 Continuous Monitoring Station-കളും മുഖേന ജല ഗുണനിലവാരം വിലയിരുത്തി വരുന്നുണ്ട്. മലിനീകരണപ്പെട്ട ഭാഗങ്ങൾക്കായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ കർമ്മപദ്ധതി തയ്യാറാക്കി ആയതിന്റെ പുരോഗതി വിലയിരുത്തിവരുന്നു . ജലസ്രോതസുകളിലെ ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് സംബന്ധിച്ചും ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് നീക്കം ചെയ്യുന്ന സംസ്കരണ യൂണിറ്റുകളുടെ ശേഷി സംബന്ധിച്ചും, ചിക്കൻ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ (rendering) മലിനീകരണ നിയന്ത്രണ സംവിധാനം സംബന്ധിച്ചും വിവിധ പദ്ധതികൾ ബോർഡിൽ നടന്നു വരുന്നുണ്ട് . ആരോഗ്യ പരിപാലന സ്ഥാപനങ്ങളിൽ

ഉണ്ടാകുന്ന മാലിന്യങ്ങളും ആയതിന്റെ സംസ്കരണവും സംബന്ധിച്ചുള്ള പദ്ധതി , മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന വണ്ടികളുടെ ട്രക്കിംങ് സംവിധാനം , മാലിന്യ സ്രോതസ്സുകളുടെയും സംസ്ഥാന വായു -ജല ഗുണനിലവാരം സംബന്ധിച്ചുള്ള വെബ് പോർട്ടൽ , ആപൽക്കര മാലിന്യങ്ങൾ സംബന്ധിച്ച പദ്ധതി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ബോർഡിന്റെ ഘടന**

120) ചെയർമാൻ, മെമ്പർ സെക്രട്ടറി , സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിക്കുന്ന ഉദ്യോഗസ്ഥർ (പരമാവധി 5 പേർ), ലോക്കൽ അതോറിറ്റീസിനെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ (പരമാവധി 5 പേർ), കൃഷി, മത്സ്യബന്ധനം, വ്യവസായം, കച്ചവടം, സർക്കാരിന്റെ താല്പര്യസംരക്ഷണത്തിന് ആവശ്യമായ മറ്റ് ഏതുമേഖലയും പ്രതിനിധീകരിക്കുന്ന അംഗങ്ങൾ (പരമാവധി 3 പേർ), സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങൾ / കോർപ്പറേഷനുകൾ പ്രതിനിധീകരിക്കുന്ന 2 അംഗങ്ങൾ (സർക്കാർ വഴി നോമിനേറ്റ് ചെയ്യപ്പെടേണ്ടവർ) എന്നിവരടങ്ങിയതാണ് ബോർഡിന്റെ ഘടന.

**ബോർഡിന്റെ കാര്യാലയങ്ങൾ**

121) മലിനീകരണ നിയന്ത്രണത്തിനായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കേന്ദ്രകാര്യാലയം തിരുവനന്തപുരത്തും ജില്ലാ കാര്യാലയങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു . എറണാകുളം ജില്ലയിൽ ബോർഡിന് 3 ജില്ലാതല കാര്യാലയങ്ങളാണുള്ളത്. സംസ്ഥാനത്തെ വ്യവസായകേന്ദ്രമായ എറണാകുളം ജില്ലയിലെ ഒരു കാര്യാലയം Environment Surveillance Centre എന്ന പേരിൽ ഏലൂരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ബോർഡിന്റെ മേഖലാതല കാര്യാലയങ്ങളും പ്രവർത്തിച്ചുവരുന്നു.

## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ബഡ്ജറ്റ് വിനിയോഗം സംബന്ധിച്ച വിവരം

122) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2019-2020, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതമായി പദ്ധതിയിനത്തിൽ 3435-04-103-96 (P) ശീർഷകത്തിൽ യഥാക്രമം 1350 ലക്ഷം രൂപ, 700 ലക്ഷം രൂപ, 700 ലക്ഷം രൂപ താഴെ പറയുന്ന പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്നു.

### പദ്ധതി വിഹിതം ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള വിവരം.

| ക്രമ നം. | പദ്ധതിയുടെ പേര് | 2019-20 (തുക ലക്ഷത്തിൽ) | | 2020-21 (തുക ലക്ഷത്തിൽ) | | 2021-22 (തുക ലക്ഷത്തിൽ) | |
|---|---|---|---|---|---|---|---|
| | | അനുവദിച്ചത് | ചിലവഴിച്ചത് | അനുവദിച്ചത് | ചിലവഴിച്ചത് | അനുവദിച്ചത് | ചിലവഴിച്ചത് |
| 1. | അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 292 | 182.95 | 104 | 38.57614 | 200 | 94.91339 |
| 2. | പൊതുജന ബോധവത്ക്കരണം | 125 | 37.64052 | 10 | 5.32107 | 10 | 4.23637 |
| 3. | പരിസ്ഥിതി നിരീക്ഷണവും നടത്തിപ്പും | 905.305 | 207.74 | 284.88264 | 261.1397 | 489 | 37.54373 |
| 4. | കഴിവ് വികസിപ്പിക്കൽ | - | - | 1 | 0.26550 | 1 | 0.81548 |
| 5. | ട്രഷറി ക്യൂ | 27.64971 | 27.64971 | 300.11736 | 300.11739 | - | - |
| | തുക | **1349.95471** | **455.9785** | **700** | **605.39004** | **700** | **137.51097** |

ബോർഡ് നടപ്പാക്കുന്ന വിവിധ പദ്ധതികളും ആയത് സംബന്ധിച്ച ബഡ്ജറ്റ് വിഹിത വിനിയോഗവും സമിതി പരിശോധിച്ചു.

## ബോർഡ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ

### ബോർഡിന്റെ ലബോറട്ടറികൾ ശക്തിപ്പെടുത്തുക

123) ബോർഡിന്റെ കേന്ദ്ര ലബോറട്ടറി എറണാകുളത്ത് ഗാന്ധിനഗറിൽ പ്രവർത്തിക്കുന്നു. റീജിയണൽ ലബോറട്ടറി കോഴിക്കോട് പ്രവർത്തിക്കുന്നു . ഇതുകൂടാതെ ബോർഡിന്റെ കീഴിൽ ജില്ലാ അടിസ്ഥാനത്തിൽ മറ്റു ജില്ലകളിൽ ഓരോന്നു വീതവും കൂടാതെ എറണാകുളം ജില്ലയിലെ പെരുമ്പാവൂരിലും ഏലൂരിലും ഓരോ ലബോറട്ടറികൾ ഉൾപ്പെടെ ആകെ 16 ലബോറട്ടറികൾ ഉണ്ട്. ഇവയിൽ എറണാകുളത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പരീക്ഷണശാലയ്ക്ക് എൻ .എ.ബി.എൽ. [National Accreditation Board for Testing and Calibration Laboratories (NABL)] അംഗീകാരമുണ്ട്. ഇതൊരു തുടർ പദ്ധതിയാണ്. ബോർഡിന്റെ ലബോറട്ടറികളെ NABL നിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ലബോറട്ടറി ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ്, ഉപകരണങ്ങളുടെ കാലിബ്രേഷൻ, ലബോറട്ടറി സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയവയാണ് ഈ പദ്ധതി പ്രകാരം നടപ്പിലാക്കിയത്.

124) കേന്ദ്രലാബിന് ലഭിച്ച NABL അംഗീകാരം നിലനിർത്താനുള്ള നടപടികൾ സ്വീകരിക്കുകയും തിരുവനന്തപുരം, കോഴിക്കോട്, കൊല്ലം, തൃശ്ശൂർ, കോട്ടയം, കണ്ണൂർ ജില്ലാ ലബോറട്ടറികളും NABL നിലവാരത്തിലേയ്ക്ക് ഉയർത്തുവാനുള്ള ഉപകരണങ്ങളും കാലിബ്രേഷൻ ലബോറട്ടറിയിലേയ്ക്കും മറ്റു ലബോറട്ടറികളിലേക്കുള്ള ആധുനിക ഉപകരണങ്ങളും കൂടാതെ വായു ഗുണനിലവാരം അളക്കുന്നതിന് ഉപയോഗിക്കുന്ന ഫിൽറ്റർ പേപ്പറിന്റെ ഭാരം നിർണ്ണയിക്കുന്നതിനായി 8 മൈക്രോബാലൻസും വാങ്ങി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, വയനാട്, കണ്ണൂർ, പെരുമ്പാവൂർ, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലാ ഓഫീസുകളിലേയ്ക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

125) 2020-21 ൽ ഇതിനായി 27.84034 ലക്ഷം ട്രഷറി വഴി അനുവദിച്ചു.

126) 2021-22 ൽ ഇതിനായി അനുവദിച്ച 100 ലക്ഷം രൂപയിൽ NABL അംഗീകാരം ലഭിക്കാൻ ലബോറട്ടറികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ 2021-22 വർഷത്തിലെ പ്രസ്തുത പദ്ധതി പ്രകാരം വാങ്ങിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി എറണാകുളം, മലപ്പുറം, തൃശ്ശൂർ, തിരുവനന്തപുരം ജില്ലാ ഓഫീസുകളിലേക്കും ഇ.എസ്.സി., എറണാകുളം ഓഫീസിലേക്കും ആവശ്യമായ ഉപകരണങ്ങൾ 7,52,568/- രൂപ (ഏഴ് ലക്ഷത്തി അൻപത്തി രണ്ടായിരത്തി അഞ്ഞൂറ്റി അറുപത്തിയെട്ട് രൂപ മാത്രം) ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്.

<u>**ബോർഡിന്റെ IT സെല്ലിനെ സ്റ്റേറ്റ് ലെവൽ ഡേറ്റാ സെന്ററായി ഉയർത്തുക**</u>

127) ഇത് ഒരു തുടർ പദ്ധതിയാണ് . ബോർഡിന്റെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർ വൽക്കരിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ബോർഡിൽ ഇ-ഗവേണൻസ് നടപ്പിലാക്കാനായി നാഷണൽ ഇൻഫർമാറ്റിക് സെന്ററുമായി (NIC) കരാറിലേർപ്പെട്ടിട്ടുണ്ട്. ഈ കരാർ അനുസരിച്ച് ഓൺ ലൈൻ കൺസെന്റ് മാനേജ്മെന്റ് മോണിറ്ററിംഗ് സിസ്റ്റം (OCMMS) സോഫ്റ്റ്വെയർ ഉപയോഗിച്ച് ബോർഡിന്റെ പ്രവർത്തനങ്ങൾ ഓൺലൈൻ ആക്കുക . വെബ്സൈറ്റ് ഡൈനാമിക് ആക്കുക എന്നിവയാണ് ഉദ്ദേശിക്കുന്നത്.

128) കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങൾ വാങ്ങുകയും അക്കൗണ്ട് സെക്ഷന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി Tally ERP-9 എന്ന സോഫ്റ്റ് വെയറിന്റെ ലൈസൻസ് ബോർഡിന്റെ എല്ലാ ഓഫീസുകളിലും

നടപ്പിലാക്കിയിട്ടുണ്ട്.

129) ബോർഡിന്റെ വെബ്സൈറ്റ് ഭാഗികമായി നവീകരിക്കുകയും സെൻട്രലൈസ്ഡ് ഡിജിറ്റൽ പ്ലാറ്റ്ഫോം നവീകരിക്കുന്നതിനായി പുതിയ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വാങ്ങുകയും ചെയ്തു. മേൽ പ്രവർത്തങ്ങൾക്കായി 2020-21 ൽ അനുവദിച്ച 60 ലക്ഷം രൂപയിൽ 10.73580 ലക്ഷം രൂപ ട്രഷറി വഴി അനുവദിച്ചിട്ടുണ്ട്.

**<u>2021-22</u>**

അനുവദിച്ച തുക : 100 ലക്ഷം

130) ബോർഡിന്റെ വെബ്സൈറ്റ് ഭാഗികമായി നവീകരിക്കുകയും സെൻട്രലൈസ്ഡ് ഡിജിറ്റൽ പ്ലാറ്റ്ഫോം നവീകരിക്കുന്നതിനായി പുതിയ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വാങ്ങുകയും ചെയ്തു . കൂടാതെ ഇ -ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ വിവിധ ഓഫീസുകളിലേയ്ക്കാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി മേൽ പ്രവർത്തനങ്ങൾക്കായി 2021-22 ൽ അനുവദിച്ച 100 ലക്ഷം രൂപയിൽ 87.38971 ലക്ഷം രൂപ (എൺപത്തിയേഴ് ലക്ഷത്തി മുപ്പത്തി എണ്ണായിരത്തി തൊള്ളായിരത്തി എഴുപത്തിയൊന്ന് രൂപ മാത്രം) ട്രഷറി വഴി അനുവദിച്ചിട്ടുണ്ട്.

**<u>കെട്ടിടങ്ങളുടെ നിർമ്മാണം</u>**

i. ഓഫീസ് കെട്ടിടനിർമ്മാണം

131) ഇതൊരു തുടർപദ്ധതിയാണ് . ബോർഡിന്റെ നിലവിലുള്ള ഓഫീസുകൾ

താഴെപ്പറയുന്നു.

1. തിരുവനന്തപുരം കേന്ദ്ര ഓഫീസ്.

2. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ജില്ലാ ഓഫീസുകൾ

3. എറണാകുളം ഒഴികെയുള്ള എല്ലാ ജില്ലകളിലുമായി 13 ജില്ലാ ഓഫീസുകൾ

4. എറണാകുളത്ത് 3 ജില്ല ഓഫീസുകൾ

5. സെൻട്രൽ ലബോറട്ടറി, എറണാകുളം

6. കോഴിക്കോട് ജില്ലയിൽ റീജിയണൽ ലബോറട്ടറി

ഇതിൽ എറണാകുളത്ത് മേഖലാ ഓഫീസും, സെൻട്രൽ ലബോറട്ടറിയും ജില്ലാ ഓഫീസ് - 1ഉം, പാലക്കാട് ജില്ലാ ഓഫീസും മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ബോർഡിന്റ മറ്റ് ഓഫീസുകളെല്ലാം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ബോർഡിന്റെ തിരുവനന്തപുരത്തുള്ള കേന്ദ്ര ഓഫീസും മേഖലാ ഓഫീസും ജില്ലാ ഓഫീസും നിർമ്മിക്കുന്നതിനായി ചെറുവക്കൽ വില്ലേജിൽ എനർജി മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള സർക്കാർ സ്ഥലത്തിൽ നിന്നും 25 സെന്റ് സ്ഥലം ബോർഡിന് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്.

133) 2020 – 21 ൽ, പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിയുന്നതിനായി ടെൻഡറിംഗ് നടത്തി ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള (3600.14 Sqm ആകെ 8 നിലകൾ) comprehensive consultancy-ക്കായി, M/s വാസ്തു ശില്പാലയ കൺസൾട്ടൻസിയുമായി 01.11.2018-ൽ കരാർ ഒപ്പിട്ടു . എഗ്രിമെന്റ് പ്രകാരം പ്രിലിമിനറി കൺസപ്ച്വൽ ഡ്രായിംഗ് ആൻഡ് പ്രിലിമിനറി എസ്റ്റിമേറ്റ് സമർപ്പിക്കുന്ന പക്ഷം പ്രിലിമിനറി എസ്റ്റിമേറ്റിന്റെ 0.5% ഒന്നാം ഗഡുവായും, ബിൽഡിംഗ് പെർമിറ്റ് ഡ്രോയിംഗ്സ്, ഡീറ്റൈൽഡ് ഡ്രോയിങ്സ്, ഡീറ്റൈൽഡ് എസ്റ്റിമേറ്റ്, ടെൻഡർ ഡോക്യുമെന്റസ് എന്നിവ സമർപ്പിക്കുന്ന പക്ഷം ഡീറ്റൈൽ

ഡ് എസ്റ്റിമേറ്റിന്റെ 0.65% രണ്ടാം ഗഡുവായും നൽകേണ്ടതായിട്ടുണ്ട്. ആയതിൽ 10,62,000/- രൂപ സ്റ്റേജ് 1 പേയ്മെന്റ് 26.11.2018-ലെ ഉത്തരവു മുഖേന നൽകി.

134) കെട്ടിടം പണിയുന്നതിന് കാലതാമസം വരുന്നതിനാൽ ഓഫീസുകൾക്കായി പണിത കെട്ടിടം വാങ്ങുന്നതിന് ബോർഡ് തീരുമാനിക്കുകയും M/s വാസ്തു ശില്പാലയ കൺസൾട്ടൻസിക്ക് നിയമാനുസൃതമായി നൽകാനുള്ള രണ്ടാം ഗഡു നൽകിയശേഷം അവരുമായുള്ള കരാർ അവസാനിപ്പിക്കുകയും പ്രസ്തുത വിവരം സർക്കാരിനെ അറിയിക്കുകയും ചെയ്തു.

135) 2021 – 22 ൽ, 08.11.2022-ൽ ബോർഡിന് സ്വന്തമായി കെട്ടിടം വാങ്ങുന്നത് സംബന്ധിച്ച്, ഗവൺമെന്റിൽ നിന്ന് അനുവാദം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രമുഖ ഇംഗ്ലീഷ് & മലയാളം പത്രങ്ങളിൽ (മലയാള മനോരമ, മാതൃഭൂമി, കേരള കൗമുദി, ദേശാഭിമാനി, ദ ന്യൂ ഇന്ത്യൻ എക്സ്പ്രസ്, ദ ഹിന്ദു) പരസ്യം നൽകിയിട്ടും തിരുവനന്തപുരം കാര്യാലയത്തിനായി താല്പര്യപത്രം ലഭിക്കാത്തതിനാൽ പ്രാദേശിക അന്വേഷണം നടത്തുകയും തിരുവനന്തപുരം മണക്കാട് BSNL ഓഫീസ് കെട്ടിടം വിൽക്കാൻ ഉള്ളതായി അറിയുകയും ടി സ്ഥലവും കെട്ടിടവും ബോർഡിന് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

136) <u>മലിനീകരണ നിയന്ത്രണ ബോർഡിന് സ്വന്തം ഉടമസ്ഥതയിൽ കെട്ടിടം സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി **ശിപാർശ** ചെയ്യുന്നു.</u>

**<u>പൊതുജന ബോധവത്ക്കരണം</u>**

**<u>2019-2020</u>**

അനുവദിച്ച തുക : 125 ലക്ഷം

മൊത്തം ചെലവ് : 37.64052 ലക്ഷം

137) ഇത് ഒരു തുടർ പദ്ധതിയാണ്. പൊതുജനങ്ങൾക്ക് പാരിസ്ഥിതിക വിഷയങ്ങളിൽ അവബോധം വളർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ബോർഡ് പത്രങ്ങൾ വഴിയും റേഡിയോ വഴിയും പരസ്യങ്ങളിലൂടെയും ബോധവൽക്കരണം നടത്തിയിട്ടുണ്ട്. സർവൈലൻസ് വാൻ മുഖേന ബോധവൽക്കരണം നടത്തുക, സ്കൂളുകളിലും കോളേജുകളിലും നടത്തുന്ന പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്നീ പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത് . വായു-ശബ്ദ മലിനീകരണം കുറയ്ക്കുക, ജലത്തിന്റെ ശരിയായ ഉപയോഗം , സംരക്ഷണം, ഖരമാലിന്യം കൈകാര്യം ചെയ്യുന്ന രീതികൾ , പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ പുനഃരുപയോഗവും, സംസ്കരണവും, എന്നിവ സംബന്ധിക്കുന്ന സന്ദേശങ്ങളും പ്രത്യേക ഉത്സവങ്ങളായ ഗണേശോത്സവം, ദീപാവലി, ആറ്റുകാൽ പൊങ്കാല, ശബരിമല സീസൺ എന്നിവയോടനുബന്ധിച്ച് നൽകേണ്ട പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങളും വിവിധ മാധ്യമങ്ങൾ മുഖേന നൽകിയിട്ടുണ്ട് . ഖരമാലിന്യം കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള 5 ഹ്രസ്വ ചിത്രം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പൊതുജനബോധവൽക്കരണത്തിന് വേണ്ടി പരസ്യങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2019-20 ൽ അനുവദിച്ച 125 ലക്ഷം രൂപയിൽ 37.64052 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

138) മേൽ പ്രവർത്തനങ്ങൾക്കായി 2020-21 ൽ അനുവദിച്ച 10 ലക്ഷം രൂപയിൽ 5.32107 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

139) മേൽ പ്രവർത്തനങ്ങൾക്കായി 2021-22 ൽ അനുവദിച്ച 10 ലക്ഷം രൂപയിൽ 4.23637 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

140) <u>പാരിസ്ഥിതിക അവബോധന പ്രവർത്തനങ്ങൾ കൊണ്ടുണ്ടാകുന്ന പരിസ്ഥിതി മെച്ചപ്പെടൽ സംബന്ധിച്ച് പൊതുജനങ്ങളുടെ പ്രതികരണം</u>

രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

**പരിസ്ഥിതി നിരീക്ഷണവും നടത്തിപ്പും**

141) ഈ പദ്ധതിയിൻകീഴിൽ ജല വായു ഗുണനിലവാര ഡയറക്ടറി സർവയലൻസ് സെന്റർ, അന്തരീക്ഷ ജല വായു ഗുണനിലവാര നിരീക്ഷണം , നദികളുടെ തരംതിരിക്കൽ , ശബ്ദനിലവാര മാപ്പിങ്, പൊതു മലിനജല സംസ്കരണപ്ലാന്റുകൾ നിർമ്മിക്കുന്നതിന് ധനസഹായം , ശബരിമലയിലെ പരിസ്ഥിതി സംരക്ഷണം, മലിനീകരണ മേഖലയിലെ പ്രശ്നപരിഹാരം , ബയോമെഡിക്കൽ മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾക്ക് ധനസഹായം നൽകൽ , പ്രാദേശിക പ്രാധാന്യമുള്ള വിഷയങ്ങൾക്കായുള്ള പദ്ധതികൾ, മലിനീകരണ മേഖലയിലെ പ്രശ്ന പരിഹാരത്തിനുള്ള സംസ്ഥാനവിഹിതം , വേളി-ആക്കുളം കായൽതീരത്തെ സാനിറ്റേഷൻ , സർവ്വേ എന്നീ ഉപപദ്ധതികൾ ഉൾ പ്പെടുത്തിയിരിക്കുന്നു.

142) മേൽ പ്രവർത്തനങ്ങൾക്കായി 2019-20 ൽ അനുവദിച്ച 905.35029 ലക്ഷം രൂപയിൽ 207.73716 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

143) മേൽ പ്രവർത്തനങ്ങൾക്കായി 2020-21 ൽ അനുവദിച്ച 284.88264 ലക്ഷം രൂപയിൽ 261.11397 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

144) മേൽ പ്രവർത്തനങ്ങൾക്കായി 2021-22 ൽ അനുവദിച്ച 489 ലക്ഷം രൂപയിൽ 37.54373 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>വായുവിന്റെയും ജലത്തിന്റെയും ഗുണ പരിശോധനാ നിരീക്ഷണ പരിപാടി</u>

145) സംസ്ഥാനത്തെ നദീജല ഗുണനിലവാരം ബോർഡ് ക്രമമായി നിരീക്ഷിച്ചുവരുന്നു. ബോർഡ് സംസ്ഥാനത്തെ ജലസ്രോതസുകളിലെ 363 സ്റ്റേഷനുകളിലും 3 Continuous water quality monitoring സ്റ്റേഷനുകൾ മുഖാന്തിരം ജലഗുണനിലവാരം നിർണ്ണയിച്ചു വരുന്നു. 2008 മുതൽ water and air quality directory-കളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

146) മേൽ പ്രവർത്തനങ്ങൾക്കായി 2020-21 ൽ അനുവദിച്ച 121.12744 ലക്ഷം രൂപയിൽ 159.71367 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

147) മേൽ പ്രവർത്തനങ്ങൾക്കായി 2020-21 ൽ അനുവദിച്ച 290 ലക്ഷം രൂപയിൽ 12.18267 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

148) കേരളത്തിലെ നദികളിലെയും കായലുകളിലെയും ജലഗുണനിലവാരം അളക്കുന്നതിന് മലിനീകരണ നിയന്ത്രണബോർഡിന് 360 സ്റ്റേഷനുകളുണ്ടെന്നും ഓരോ മാസവും സാമ്പിളുകൾ ശേഖരിച്ച് അവ പരിശോധിച്ച് ഫലം ലഭ്യമാക്കുന്നുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ജലസംരക്ഷണത്തിൽ ദേശീയ പദ്ധതികളും സംസ്ഥാന പദ്ധതികളും നടപ്പാക്കി വരുന്നുണ്ടെന്നുമുള്ള വിവരം സമിതി പരിഗണിച്ചു. ഇന്ത്യയിലെ മലിനമാക്കപ്പെട്ട 351 നദീഭാഗങ്ങളിൽ കേരളത്തിലെ 21 നദീഭാഗങ്ങൾ 2018-ൽ ഉൾ പ്പെട്ടിരുന്നുവെന്നും ഇതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു ഒരു കർമ്മപദ്ധതി തയ്യാറാക്കി നടപ്പാക്കിയതിനാൽ 2021-ൽ ഇതിന്റെ എണ്ണം 18 ആയി കുറയ്ക്കാനായി എന്നും ഇതിനായി മോണിറ്ററിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും പെരിയാർ നദിയിൽ ഒരെണ്ണം ഉണ്ടെന്നും കൂടാതെ വായുഗുണനിലവാരം അളക്കുന്നതിനായി എല്ലാ ജില്ലകളിലുമായി 34-ഓളം

മാന്വൽ സ്റ്റേഷനുകളും 9 കണ്ടിന്യുവൻസ് മോണിറ്ററിംഗ് സ്റ്റേഷനുകളുമുണ്ടെന്നും കൂടുതൽ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടെന്നും വായുവിന്റെ ഗുണനിലവാരം മെച്ചപ്പെടുന്നുണ്ടെന്നുള്ള വിവരങ്ങളും കൂടാതെ , ശബ്ദത്തിന്റെ തീവ്രത അളക്കുന്നതിനായി നിലവിൽ രണ്ട് സ്റ്റേഷനുകൾ ഉണ്ടെന്നുമുള്ള വിവരവും സമിതി പരിഗണിച്ചു.

**തത്സമയ നദീജല ഗുണനിലവാര മേൽനോട്ടം**

149) പെരിയാർ നദിയുടെ പര്യവേഷണത്തിനായി (സർവേലൻസ്) ഏലൂർ ഭാഗത്ത് ഒൻപത് ക്യാമറകളും ഇതിൽ രാത്രിയിലെ ദൃശ്യങ്ങൾ വ്യക്തമാക്കുന്നതിനായി 3 നൈറ്റ് വിഷൻ ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ബാക്കി തുകയായ രൂപ 6,49,649/- (ആറ് ലക്ഷത്തി നാൽപത്തി ഒൻപതിനായിരത്തി അറുന്നൂറ്റി നാൽപ്പത്തി ഒൻപത് രൂപ മാത്രം) M/s. Keltron-ന് 2019-20 ൽ നൽകിയിട്ടുണ്ട്. ഈ ക്യാമറകളിൽ നിന്നുള്ള വിവരങ്ങൾ കാണുന്നതിനായി ഏലൂർ സർവയലൻസ് സെന്ററിൽ ഒരു കൺട്രോൾ റൂം പ്രവർത്തിക്കുന്നു. 2019-20 വർഷത്തിലും സർവേലൻസ് ക്യാമറകളുടെയും കൺട്രോൾ റൂമിന്റേയും പ്രവർത്തനം ഉറപ്പുവരുത്തിട്ടുണ്ട്.

150) 2020-21 വർഷത്തിലും സർവേലൻസ് ക്യാമറകളുടേയും കൺട്രോൾ റൂമിന്റേയും പ്രവർത്തനം ഉറപ്പുവരുത്തിട്ടുണ്ട്.

151) കൂടാതെ തിരുവനന്തപുരത്തെ കരമനയാറിലും തുടർച്ചയായി ജലഗുണനിലവാരം അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള സ്റ്റേഷനും പരിശോധനാ ഫലങ്ങൾ ജനങ്ങൾക്ക് കാണുന്നതിനുള്ള പ്രദർശന ബോർഡും സ്ഥാപിക്കുന്നതിനുവേണ്ടി tender പ്രസിദ്ധീകരിക്കുകയും 29.02.2020-ന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിരുന്നു. ഇതിന്റെ വാങ്ങൽ നടപടി 2020-21 പൂർത്തിയായിട്ടുള്ളതാണ്. കൂടാതെ Portable Water Quality Monitor (4 nos), Grab Sampler (15 nos) and Depth Sampler (15 nos) എന്നിവ വാങ്ങിയിട്ടുണ്ട്.

152) ജലത്തിൽ അപകടകാരികളായ കോളിഫോം ബാക്ടീരിയ പോലെയുള്ള സൂക്ഷ്മാണുക്കളുടെ സാന്നിദ്ധ്യം കൂടിവരുന്നത് ആശങ്കാജനകമാണെന്നും ഇതുസംബന്ധിച്ച പ്രതിരോധ പ്രവൃത്തികൾ കൂടുതൽ ഊർജ്ജിതമാക്കണമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ പരിസ്ഥിതി വകുപ്പും ശാസ്ത്രസാങ്കേതിക വകുപ്പും സംയുക്തമായി മിഷൻ മോഡിൽ 5 വർഷത്തിനുള്ളിൽ ലക്ഷ്യം കൈവരിക്കേണ്ട പദ്ധതികൾ സംബന്ധിച്ച് വ്യക്തമായ ധാരണയോടെ കർമ്മ പദ്ധതി അടിയന്തരമായി തയ്യാറാക്കണമെന്നും പരിസ്ഥിതി പ്രശ്നങ്ങളിൽ എത്രത്തോളം പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാൻ കഴിയുന്ന തരത്തിൽ പദ്ധതി നടപ്പാക്കണമെന്നും സമിതി **ശിപാർശ** ചെയ്യുന്നു.

**വായു ഗുണനിലവാര മോണിട്ടറിംഗ്**

153) അന്തരീക്ഷവായു ഗുണനിലവാര വിലയിരുത്തൽ സ്റ്റേഷനുകൾ സംസ്ഥാനത്താകെ 30 എണ്ണം ഉണ്ട്. 24 സ്റ്റേഷനുകൾ കേന്ദ്ര മലിനീകരണ നിയന്ത്രണബോർഡിന്റെ സാമ്പത്തികസഹായത്തോടെയും 6 സ്റ്റേഷനുകൾ സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും നടപ്പാക്കുന്നു . ഈ സ്റ്റേഷനുകളിൽ അന്തരീക്ഷവായുവിലെ സൾഫർ ഡൈഓക്സൈഡ് , നൈട്രജൻ ഡൈഓക്സൈഡ്, പൊടിപടലങ്ങൾ (SPM), 10 മൈക്രോണിൽ ത്താഴെ വ്യാസമുള്ള പൊടിപടലങ്ങൾ എന്നിവയുടെ അളവ് High Volume Sampler എന്ന ഉപകരണം ഉപയോഗിച്ച് ശേഖരിച്ച് ബോർഡിന്റെ ലബോറട്ടറികളിൽ അപഗ്രഥനം നടത്തി നിർണ്ണയം ചെയ്യുന്നു. ഒരു സ്റ്റേഷനിലെ ഒരു മോണിറ്ററിംഗ് 24 മണിക്കൂർ സമയത്തേക്കാണ്. ആഴ്ചയിൽ രണ്ട് ദിവസം മോണിറ്ററിംഗ് നടത്തുന്നു. പൊടിപടലത്തിന്റെ അളവിനായി 8 മണിക്കൂർ ഇടവിട്ട് 3 സാംപ്ലിംഗും മറ്റ് ഘടകങ്ങൾക്ക് 4 മണിക്കൂർ ഇടവിട്ട് 3 സാംപ്ലിംഗും നടത്തുന്നു.

154) PM $_{2.5}$ മോണിട്ടറിംഗ് 2009- ൽ ഭേദഗതി വരുത്തിയ നാഷണൽ ആമ്പിയന്റ് എയർക്വാളിറ്റി സ്റ്റാൻഡേർഡ്സ് (NAAQS 2009) പ്രകാരം PM $_{10}$ (10 മൈക്രമീറ്ററോ അതിൽ താഴെയോ വലുപ്പമുള്ള പൊടിപടലങ്ങൾ ) PM $_{2.5}$ (2.5 മൈക്രോമീറ്ററോ അതിൽ താഴെയോ വലിപ്പമുള്ള നേർത്ത പൊടിപടലങ്ങൾ ) എന്നീ ഘടകങ്ങൾക്കായി പ്രത്യേകം സ്റ്റാൻഡേർഡുകളാണ് ആവിഷ്കരിച്ചിരുന്നത്. ശ്വാസകോശങ്ങളിലും രക്തധമനികളിലും കടന്ന് DNA യിൽ വ്യതിയാനങ്ങൾ വരുത്തുവാൻ വരെ ശേഷിയുള്ള മാരകമായ ഒരു മാലിന്യഘടകമാണ് $PM_{2.5.}$ 2016-17, 2017-18 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾ പ്പെടുത്തി ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷനുകളിൽ ഈ ഘടകം നിർണ്ണയിക്കുന്നതിനായി 19 ഉപകരണം വാങ്ങിയിരുന്നു. ഇത് കൂടാതെ 17 എണ്ണം $PM_{2.5}$ സാംപ്ലറുകൾ 2019-20-ൽ വാങ്ങിയിട്ടുണ്ട്.

155) സംസ്ഥാനത്തെ എല്ലാ പ്രധാന നഗരങ്ങളിലും ഓക്സിജൻ, കാർബൺ ഡൈ ഓക്സൈഡ് തുടങ്ങിയവയുടെ അളവ് രേഖപ്പെടുത്തി വായുവിന്റെ ഗുണനിലവാരം മനസ്സിലാക്കുന്നതിനുള്ള ബോർഡുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് പരിശോധിക്കണമെന്ന് സമിതി **ശിപാർശ** ചെയ്യുന്നു.

**Low cost sensor based വായു ഗുണനിലവാര മോണിറ്ററിംഗ്**

156) അന്തരീക്ഷ വായുഗുണ നിലവാരം നിർണ്ണയിക്കുന്നതിനു വേണ്ടി Low cost sensor based വായു ഗുണനിലവാര മോണിട്ടറിംഗ് നെറ്റ് വർക്ക് സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നു. ഇതിനുവേണ്ടി CPCB (Central Pollution Control Board) അംഗത്തെ ഉൾപ്പെടുത്തി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് . ഇതുമായി ബന്ധപ്പെട്ട വിദഗ്ധ ഏജൻസികളുടെ മീറ്റിംഗ് വിളിക്കുകയും CPCB യിലോ SPCB കളിലോ നേരത്തെ ഇത്തരത്തിലുള്ള ഉപകരണം

സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ഉപകരണങ്ങളുടെ ട്രയൽ റൺ ആരംഭിക്കുകയും ചെയ്തു.

**കണ്ടിന്യൂവസ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിട്ടറിംഗ് സ്റ്റേഷൻ**

157) മാനുവൽ രീതിയിൽ അന്തരീക്ഷ വായുവിന്റെ ഗുണ നിലവാരം ഹൈവോള്യം സാംബ്ലർ ഉപയോഗിച്ചാണ് അളന്നു വരുന്നത്. എന്നാൽ വായുഗുണ നിലവാരം തുടർച്ചയായി അളന്ന് പ്രദർശിപ്പിക്കാൻ കഴിയുന്ന കണ്ടിന്യുവസ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് ഡിസ്പ്ലേസ്റ്റേഷൻ എല്ലാ ജില്ലകളിലും ഘട്ടം ഘട്ടമായി ഏർപ്പെടുത്താൻ ബോർഡ് ഉദ്ദേശിക്കുന്നു. ഇത് വഴി ജനങ്ങൾക്ക് വായു ഗുണനിലവാരം തത്സമയം കാണുവാൻ കഴിയും . ഇത്തരത്തിലുള്ള ഓരോ സ്റ്റേഷൻ വീതം എറണാകുളത്ത് ഏലൂരിലും തിരുവനന്തപുരത്തും കോഴിക്കോടും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വ്യവസായിക പങ്കാളിത്തത്തോടു കൂടി രണ്ട് സ്റ്റേഷനുകൾ എറണാകുളം വൈറ്റിലയിലും എം.ജി. റോഡിലും 2017-18 സാമ്പത്തിക വർഷം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഓരോ സ്റ്റേഷനുകൾ 22.10.2019-ൽ കൊല്ലത്തും 13.12.2019-ൽ കണ്ണൂരും 07.03.2020-ൽ തിരുവനന്തപുരത്തും ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

158) 2020-21 ൽ പ്രസ്തുത സ്റ്റേഷൻ തൃശ്ശൂരിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു. കോവിഡിന്റെ സാഹചര്യമായതിനാൽ ഉദ്ഘാടനം ചെയ്യാൻ സാധിച്ചില്ല . അവസാന ഗഡുവായ 10% തുക 2021-22-ൽ നൽ കേണ്ടതുണ്ട്.

159) കൊല്ലം, കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിൽ സ്ഥാപിച്ച കണ്ടിന്യുവസ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിട്ടറിംഗ് സ്റ്റേഷന്റെ അവസാന ഗഡുവായ 10%

തുക Rs. 12,18,267/- (പന്ത്രണ്ട് ലക്ഷത്തി പതിനെട്ടായിരത്തി ഇരുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) 2021-22-ൽ ട്രഷറി വഴി അനുവദിച്ചിട്ടുണ്ട്.

160) വായു ഗുണനിലവാര നിരന്തര പരിശോധന സംവിധാനം വായു മലിനീകരണം തിരിച്ചറിയുന്നതിനും വായുജന്യ രോഗ നിയന്ത്രണം, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്ക് ഉതകുന്നതിനോടൊപ്പം വായുമലിനീകരണ മുന്നറിയിപ്പിനും വികസന പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും വായുഗുണനിലവാരം നിലനിർത്തി നിർവ്വഹിക്കുന്നതിനും ഉതകുന്ന ഒരു സംവിധാനമാകയാൽ <u>പ്രധാനപ്പെട്ടതും തിരക്കേറിയതുമായ എല്ലാ നഗരങ്ങളിലും ആമ്പിയന്റ് എയർ ക്വാളിറ്റി മോണിട്ടറിംഗ് സ്റ്റേഷനുകൾ (AAQMS) സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**</u>

<u>**സർവേയലൻസ് യൂണിറ്റ് സ്ഥാപിക്കൽ**</u>

161) 13-ാം പഞ്ചവത്സര വാർഷിക പദ്ധതിയിൻ കീഴിൽ 14 ജില്ലകളിലും ഓരോ മൊബൈൽ സർവയലൻസ് യൂണിറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു . വായു. ജല ഗുണനിലവാരവും പാഴ്ജല സാമ്പിളുകളുടെ നിലവാരവും ഏതു സമയത്തും മോണിട്ടർ ചെയ്യുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ സർവയലൻസ് യൂണിറ്റിൽ ഏർപ്പാടാക്കുന്നതാണ്. എല്ലാവിധ ആധുനിക അനലറ്റിക് ഉപകരണങ്ങൾ ടി യൂണിറ്റിൽ ലഭ്യമാക്കും . വ്യവസായങ്ങൾ, ആരോഗ്യ പരിപാലനകേന്ദ്രങ്ങൾ, എന്നിവയുൾപ്പെടെ അനധികൃതമായി മാലിന്യം പുറന്തള്ളുന്ന ഏതൊരു സ്ഥാപനത്തേയും മനസ്സിലാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഇത്തരത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സർവേയലൻസ് യൂണിറ്റുകൾ പ്രയോജനപ്പെടും. പരിസ്ഥിതി നിയമ ലംഘനം നടത്തുന്ന സ്ഥാപനങ്ങളെ കണ്ടുപിടിക്കുന്നതിനായി ജല -വായു ഗുണനിലവാരം

ഫീൽഡിൽ തത്സമയം അനാലിസിസ് (spot analysis)ചെയ്യാൻ സാധിക്കുന്ന ആധുനിക ഉപകരണങ്ങളും ടി യൂണിറ്റിൽ സജ്ജമാക്കും. എറണാകുളം ഏലൂരിലും പാലക്കാട് കഞ്ചിക്കോട്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എറണാകുളം കോഴിക്കോട് മേഖലാ ഓഫീസുകളിലും തിരുവനന്തപുരം ജില്ലാ ഓഫീസിലും സർവേയലൻസ് വാൻ നിലവിലുണ്ട്. 2019-20-ൽ ഇതിലേക്കായി toxic gas analyser, portable colorimeter, water quality monitoring kit ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

162) 2020-21-ൽ ഇതിലേക്കായി portable colorimeter വാങ്ങിയിട്ടുണ്ട്.

**Establishment of Night Vision Camera along Eloor – Edayar**

163) 2021-22 ൽ ഏലൂർ -ഇടയാർ ഇൻഡസ്ട്രിയൽ മേഖലയിൽ സർവേയലൻസ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 7 വർഷം മുൻപ് സ്ഥാപിച്ചിരുന്ന Ordinary camera കൾ ഒഴിവാക്കി High definition (Night Vision) ക്യാമറകൾ സ്ഥാപിക്കുന്നതിനായി 27 ലക്ഷം രൂപ വകയിരുത്തിയിരുന്നു. Keltron വഴി ക്യാമറകൾ വാങ്ങി സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു . MoU പ്രകാരം 40% തുക അഡ്വാൻസ് പേയ്മെന്റായി അനുവദിക്കേണ്ടതുണ്ട്. അഡ്വാൻസ് പേയ്മെന്റ് തുകയായ Rs.10,41,430/- (പത്ത് ലക്ഷത്തി നാൽപത്തി ഒന്നായിരത്തി നാന്നൂറ്റി മുപ്പത് രൂപ മാത്രം) ട്രഷറി വഴി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

164) <u>മാലിന്യം പുറന്തള്ളാൻ സാധ്യതയുള്ള സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി പ്രസ്തുത സ്ഥാപനങ്ങളിൽ ഇടവിട്ട് പരിശോധന നടത്തി ഫലം പ്രസിദ്ധീകരിക്കുകയും ചെയ്യണമെന്നും ക്യാമറകൾ സ്ഥാപിക്കാൻ ഇടങ്ങൾ സംബന്ധിച്ച് പരിശോധന നടത്തി പ്രസ്തുത സ്ഥലങ്ങളിൽ കൂടി ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി **ശിപാർശ** ചെയ്യുന്നു.</u>

**ശബരിമലയിലെ പരിസ്ഥിതി പരിപാലനം**

165) ഇത് ഒരു തുടർ പദ്ധതിയാണ്. ശബരിമല മണ്ഡലമകരവിളക്ക് തീർത്ഥാടനകാലത്ത് ഉണ്ടാകാനിടയുള്ള പാരിസ്ഥിതികപ്രശ്നങ്ങൾ വിലയിരുത്തുന്നതിനും പരിഹരിക്കുന്നതിനുമായി സന്നിധാനത്തും പമ്പയിലും ബോർഡിന്റെ ഓഫീസ് രൂപീകരിച്ച് പമ്പാനദിയുടെയും കുടിവെള്ളത്തിന്റെയും ഗുണനിലവാരം ദിനംപ്രതി പരിശോധിച്ച് സജീവമായി പ്രവർത്തിക്കുന്നുണ്ട്. പമ്പയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് (ഹോട്ടലുകൾക്ക്) അനുമതി നൽകുന്നത് ദേവസ്വം ബോർഡാണെങ്കിലും ഈ ഹോട്ടലുകളിൽനിന്നുള്ള മലിനജലം നേരിട്ട് പമ്പാനദിയിൽ എത്തിച്ചേരാതിരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബോർഡ് ഹോട്ടലുകൾക്ക് നൽകുകയും അവ നടപ്പിലാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും ചെയ്തുവരുന്നു. ഹോട്ടലുകളിൽനിന്നുള്ള ദ്രവമാലിന്യം കുഴികളിൽ ശേഖരിച്ച് അവിടെനിന്ന് സ്വീവേജ് കളക്ഷൻടാങ്കിൽ ശേഖരിച്ച് ചെറിയാനവട്ടത്തുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് വഴി നിർമ്മാർജ്ജനം ചെയ്യാനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. ആഹാരാവശിഷ്ടങ്ങൾ ശേഖരിക്കാൻ വഴിയോരങ്ങളിൽ ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട് . എന്നാൽ ഈ ബിന്നുകൾ അപര്യാപ്തമാണെന്ന് കാണുമ്പോൾ ഈ വിവരം ബോർഡ് ട്രാവൻകൂർ ദേവസ്വം ബോർഡിനെ അറിയിക്കാറുണ്ട്.

166) മാലിന്യനിർമ്മാർജ്ജനത്തെക്കുറിച്ച് ശരിയായ അവബോധം വളർത്തുന്നതിനായി പത്രത്തിൽ പരിസ്ഥിതി സംരക്ഷണസന്ദേശങ്ങൾ പ്രസിദ്ധീകരിക്കുകയും തീർത്ഥാടകർക്ക് വിതരണം ചെയ്യുകയും ചെയ്തു. കേരളത്തിലെ പ്രമുഖ റേഡിയോ ചാനലുകളിലൂടെ പരിസ്ഥിതി സംരക്ഷണസന്ദേശങ്ങൾ പ്രക്ഷേപണം ചെയ്തു . ദൂരദർശൻ വഴി കേരളം , തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടകം എന്നീ നാല് സംസ്ഥാനങ്ങളിൽ പ്രാദേശികഭാഷകളിൽ അവബോധസന്ദേശങ്ങൾ പ്രചരിപ്പിച്ചു.

167) ഘനലോഹങ്ങളും രാസവസ്തുക്കളും അടങ്ങിയ കളർപൊടികളും വ്യാപാരം ചെയ്യുന്നത് നിരോധിക്കുക, പ്രകൃതിദത്തമായ കളർപൊടികളും (ചെറിയ പേപ്പർ കവറിൽ) മാത്രം വിൽക്കാൻ അനുവദിക്കുക. കളർപൊടിയുടെ bulk / loose storage നിരോധിക്കുക, കളർപൊടികൾ വിൽപ്പന നടത്തുന്ന പേപ്പർ കവറിൽ നിർമ്മാതാവിന്റെ വിശദാംശങ്ങൾ ഉള്ളവമാത്രം വിൽക്കാൻ അനുവദിക്കുക, ഇതോടൊപ്പം ഇവയിൽ നിരോധിതവസ്തുക്കൾ അടങ്ങിയിട്ടില്ല എന്ന സത്യവാങ്മൂലം ഉൾപ്പെടുത്തുക എന്നീ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രം വർണപൊടികളുടെ വിൽപ്പന അനുവദിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ബോർഡ് എരുമേലി ഗ്രാമപഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകി. കുങ്കുമം മുതലായ വർണപൊടികൾ കോസ്മെറ്റിക് വിഭാഗത്തിൽപ്പെടുന്നതിനാൽ അവയുടെ വിൽപ്പന നിരോധിക്കേണ്ടത് Drugs Controller ആണ്. ആയതിനാൽ ഇതിനുവേണ്ട നടപടി സ്വീകരിക്കാൻ ബോർഡ് , ഡ്രഗ്സ് കൺട്രോളറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

168) നിലവിൽ തരംതിരിച്ച ഖരമാലിന്യങ്ങൾ കത്തിക്കുന്നതിനായി പമ്പയിൽ മൂന്നും സന്നിധാനത്ത് മൂന്നും നിലയ്ക്കലിൽ രണ്ടുവീതവും ഇൻ സിനറേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. എങ്കിൽത്തന്നെയും പീക്ക് സീസണിൽ മുഴുവൻ മാലിന്യങ്ങളും അപ്പപ്പോൾ ഇൻസിനറേറ്റർ വഴി നിർമ്മാർജ്ജനം ചെയ്യാൻ കഴിയാറില്ല. കൂടാതെ മാലിന്യങ്ങൾ തരംതിരിച്ച് നിർമ്മാർജ്ജനം ചെയ്യാനും ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. മാലിന്യങ്ങൾ തരംതിരിച്ച് നിർമ്മാർ ജ്ജനം ചെയ്യണമെന്ന നിർദ്ദേശം ബോർഡ് ദേവസ്വം ബോർഡിന് നല്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് ട്രാവൻകൂർ ദേവസ്വം ബോർഡാണ്.

169) ശബരിമല സിസൺ കാലത്ത് നിരവധി പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കാൻ കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെയായി ബോർഡ് പ്രവർത്തിച്ചു വരുന്നു . താഴെപ്പറയുന്ന നടപടികളാണ് ബോർഡ്

കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്.

1. പമ്പ, മണിമലയാർ, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവയുടെ മോണിറ്ററിംഗ്.
2. ചോറ്റാനിക്കര അമ്പല പരിസരം, കുളത്തുപ്പുഴ കൊല്ലം ജില്ല, എരുമേലി കോട്ടയം ജില്ല എന്നിവിടങ്ങളിലെ വെള്ളത്തിന്റെ മോണിറ്ററിംഗ് സംവിധാനം.
3. പമ്പയിലെ വായുഗുണനിലവാര മോണിറ്ററിംഗ്
4. പമ്പ, സന്നിധാനം, എരുമേലി, നിലയ്ക്കൽ എന്നീ സ്ഥലങ്ങളുടെ സാനിട്ടറി മോണിറ്ററിംഗ്.
5. പമ്പ, സന്നിധാനം, എരുമേലി എന്നിവിടങ്ങളിൽ കുടിവെള്ളം പരിശോധിക്കുന്നതിനുള്ള ലബോറട്ടറികൾ സ്ഥാപിക്കുക.
6. ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

170) സന്നിധാനം, പമ്പ, ചാലക്കയം, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗവും വില്പനയും നിരോധിച്ചുകൊണ്ടും PET bottles, Sachets / Pouches തുടങ്ങിയ പ്ലാസ്റ്റിക് വസ്തുക്കൾ ജലാശയങ്ങളിലും മറ്റ് തുറസായ സ്ഥലങ്ങളിലും നിക്ഷേപിക്കുന്നത് നിരോധിച്ചുകൊണ്ടും ബോർഡ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കേണ്ടുന്ന ചുമതല തിരുവിതാംകൂർ ദേവസ്വം ബോർഡിനും പോലീസ് വകുപ്പ്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർക്കുമാണ് . പമ്പയിൽ കുപ്പിവെള്ളം വിതരണം ചെയ്യുന്ന കൺസ്യൂമർഫെഡിന് ഉപയോഗശേഷമുള്ള പ്ലാസ്റ്റിക് കുപ്പികൾ തിരികെ എടുക്കണമെന്ന നിർദ്ദേശം നൽകി നടപ്പാക്കിവരുന്നു.

171) ശബരിമല തീർത്ഥാടന കേന്ദ്രങ്ങളിൽ പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ സന്ദേശങ്ങൾ പ്രദർശിപ്പിക്കുവാനും റെയിൽവേ സ്റ്റേഷനുകൾ,

ബസ് സ്റ്റാൻഡുകൾ എന്നിവിടങ്ങളിൽ വിഷ്വൽ മീഡിയകൾ മുഖേനയും എഫ്.എം. റേഡിയോ മുഖേനയും സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കാനുള്ള പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട് . എൻ.എസ്.എസ്. വോളണ്ടിയർമാർ മുഖേനയും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. പമ്പ, സന്നിധാനം, എരുമേലി എന്നിവിടങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കുകയും സാംബ്ലിംഗ്, അനാലിസിസ് നടത്തുകയും ചെയ്തു. ഇതിന്റെ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. 2020-21 ൽ ഇതിനായി അനുവദിച്ച 10 ലക്ഷം രൂപയിൽ 8.86590 ലക്ഷം രൂപ ട്രഷറി വഴി അനുവദിച്ചിട്ടുണ്ട്.

172) പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാനായി സീസൺ കാലത്ത് ഒരു camp office cum ലബോറട്ടറി 2021-22 സാമ്പത്തിക വർഷം സ്ഥാപിക്കുകയുണ്ടായി.

173) ഈ പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷം അനുവദിച്ച 10 ലക്ഷം രൂപയിൽ 9,94,676/- ലക്ഷം (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അറുന്നൂറ്റി എഴുപത്തി ആറ് രൂപ മാത്രം) ചെലവഴിച്ചു.

174) ഓരോ മണ്ഡലകാലത്തുമുള്ള തീർത്ഥാടകരുടെ എണ്ണത്തിൽ വർദ്ധനവ് വരുന്നു എന്നതിനാൽ വലിയ അളവിലുള്ള മാലിന്യം സംസ്കരിക്കുക എന്നത് എപ്പോഴും ഒരു വെല്ലുവിളിയായി നിലനിൽക്കുന്നു എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, ശബരിമലയിലെ ഖരമാലിന്യ സംസ്കരണത്തിനായി നിലവിലുള്ള സംവിധാനങ്ങൾക്കു പുറമേ പ്രത്യേകമായി സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

**അഷ്ടമുടിക്കായലിന്റെ സാനിറ്റേഷൻ സർവ്വേ**

175) അഷ്ടമുടിക്കായലിന്റെ വൃഷ്ടി പ്രദേശത്തെ മലിനീകരണ സ്രോതസ്സുകൾ സംബന്ധിച്ചും ജലഗുണനിലവാരം സംബന്ധിച്ചും പഠനം

നടത്താനാണ് ഉദ്ദേശിച്ചിരുന്നത്. ബോർഡിന്റെ 2019-20 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 9 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു. മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് സാനിട്ടേഷൻ സർവ്വേ നടത്തുന്നതിനായി Socio Economic Unit Foundation (SEUF) നെയും mobile app വികസിപ്പിക്കുന്നതിനായി Kerala State Remote Sensing & Environment Center (KSREC) നെയുമാണ് ചുമതലപ്പെടുത്തിയത്. Mobile App വികസനം പൂർത്തിയായി സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു . സർവ്വെയുടെ പ്രാരംഭ ഘട്ടത്തിനുള്ള ആദ്യ ഗഡുവായ 84,480/- രൂപ SEUF ന് നൽകിയിട്ടുണ്ട്. KSREC നുള്ള ആദ്യ ഗഡുവായ 1,80,000/- രൂപയും പ്രൊഫഷണൽ ഫീസായ 1,20,000/- നൽകിയിട്ടുണ്ട്.

176) സർവ്വേയുടെ പ്രാരംഭ ഘട്ടത്തിനുള്ള ആദ്യ ഗഡവായ Rs.84,480/- രൂപ SEUF -ന് 2019-20 നൽകിയിരുന്നതു കൂടാതെ രണ്ടും മൂന്നും നാലും ഗഡുക്കളായി 2,53,440/- രൂപ SEUF-ന് 2020-21 ൽ നൽകിയിട്ടുണ്ട്. മേൽ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 5,15,520 ലക്ഷം രൂപയിൽ 2,53,440 രൂപ ചെലവഴിച്ചിട്ടുണ്ട്.

177) അഷ്ടമുടി കായലിന്റെ പാരിസ്ഥിതികാരോഗ്യം പുനഃസ്ഥാപിക്കുന്നതിനായി മലിനജല പുറന്തള്ളൽ തടയുക, ഖര മാലിന്യങ്ങൾ നീക്കം ചെയ്യുക, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുക എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ആയതിനാൽ, അഷ്ടമുടി കായലിന്റെ സാനിറ്റേഷൻ സർവ്വേ പൂർത്തീകരിച്ച് കായലിന്റെ ശുചീകരണ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് സമിതി **ശിപാർശ** ചെയ്യുന്നു.

**CBMWTDF (Common Bio-Medical Waste Treatment and Disposal Facility) -ന് ധനസഹായം നൽകൽ**

178) ബയോമെഡിക്കൽവേസ്റ്റ് ചട്ടങ്ങൾപ്രകാരം ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യാൻ പൊതുസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ് അഭികാമ്യം. ബയോമെഡിക്കൽ മാലിന്യം BMW Rules പ്രകാരം വേർതിരിച്ച് ശേഖരിച്ച് റൂൾസ് അനുശാസിക്കുന്ന സംസ്കരണപ്രക്രിയയിലൂടെ നിർമ്മാർജ്ജനം ചെയ്യുന്നതിന് ബോർഡ് നൽകുന്ന അനുമതികളിൽ നിഷ്കർഷിക്കുന്നു. സ്വന്തമായി ബയോമെഡിക്കൽ മാലിന്യം നിർമ്മാർജ്ജനസൗകര്യമില്ലാത്ത എല്ലാ ആശുപത്രികളും ബയോമെഡിക്കൽ മാലിന്യം, പൊതു ബയോമെഡിക്കൽ നിർമ്മാർജ്ജന സംവിധാനംവഴി നൽകുവാൻ അനുശാസിക്കുന്നു.

179) ബയോമെഡിക്കൽ വേസ്റ്റ് റൂൾസ്, 2016 പ്രകാരം Health Care Facilities (HCF) ന്റെ ഉടമസ്ഥന്റെയും Common Bio Medical Waste Treatment Facility (CBWTD) യുടെ ഓപ്പറേറ്ററിന്റെയും ചുമതലയാണ് ബയോമെഡിക്കൽ വേസ്റ്റ് കൈകാര്യം ചെയ്യുക എന്നുള്ളത്. ഷെഡ്യൂൾ 1-ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ഡിസ്പോസിബിൾ ഐറ്റം ആയ സിറിഞ്ച് (സൂചി ഇല്ലാത്തതും ഫിക്സഡ് സൂചിയോട് കൂടിയതും) വേർതിരിച്ച് ചുവപ്പ് നിറമുള്ള പ്ലാസ്റ്റിക് ബാഗിലോ കണ്ടൈനേഴ്സിലോ സൂക്ഷിക്കേണ്ടതും മ്യൂട്ടിലേഷൻ/ഷ്രേഡിംഗ് വഴി അണുനശീകരണം നടത്തേണ്ടതും ശേഷം CDWTDF നോ Registered recyclers നോ കൈമാറേണ്ടതുമാണ്. അനധികൃത പുന:രുപയോഗം തടയുന്നതിന് മ്യൂട്ടിലേഷൻ/ഷ്രേഡിംഗ് പരമാവധി ചെയ്തു എന്ന് ഉറപ്പിക്കേണ്ടത് HCF ന്റെ ഉടമസ്ഥന്റെ ഉത്തരവാദിത്തം ആണ്. ഇതു പ്രകാരമുള്ള Training Health Care Facilities ഉം CBWTDF ഉം സ്റ്റാഫുകൾക്ക് നൽകേണ്ടതാണ്. ബോർഡും ഈ വിഷയത്തിൽ HCF ഉം CBWTDF ഉം ട്രെയിനിംഗ് നൽകുന്നുണ്ട്.

180) ഡിസ്പോസിബിൾ സിറിഞ്ച് BMW Rules പ്രകാരം Disinfection (Chemical treatment / Autoclaving / Micro waving and mutilation / Shredding എന്ന treatment വഴി നിർമ്മാർജ്ജനം ചെയ്യുന്നതിന് BMW Rules 1998 പ്രകാരം അനുശാസിക്കുന്നു. ബോർഡ് നൽകുന്ന അനുമതിയിൽ ഈ നിബന്ധന ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിബന്ധനകളുടെ പാലനം പരിശോധന നടത്തി ഉറപ്പാക്കുന്നു. 2016 -ലെ നിയമപ്രകാരം ഓട്ടോക്ലേവിംഗ് / ഡ്രൈഹീറ്റ് സ്റ്റെറിലൈസേഷനുശേഷം Shredding / mutilation നടത്തുകയോ ഇരുമ്പിന്റെയോ സിമന്റ് കോൺക്രീറ്റ് കണ്ടെയ്നറുകളിലോ ശേഖരിച്ച് ഇരുമ്പ് ഫാക്ടറികളിൽ നിർമ്മാർജ്ജനത്തിനായി നൽകണം. ഇത് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

181) പൊതുവായ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്ന സ്ഥാപനങ്ങൾക്ക് ധനസഹായം നൽകാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട് . ഇപ്പോൾ കേരളത്തിൽ ഇപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ IMAGE-ന്റെ കീഴിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോടും KEIL ന്റെ CBMTA കൊച്ചിയിലുമാണ് പ്രവർത്തിക്കുന്നത്. മലബാർ എൻവിറോ വിഷൻ പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് കിനലൂർ എസ്റ്റേറ്റിലും പൊതു ബയോമെഡിക്കൽ വേസ്റ്റ് സംസ്കരണ സംവിധാനം ഏർപ്പെടുത്താൻ ബോർഡിൽനിന്നും സ്ഥാപനാനുമതി നേടിയിട്ടുണ്ട്.

182) നിലവിൽ സംസ്കരിക്കാൻ സാധിക്കുന്നതിലധികം മാലിന്യങ്ങളാണ് വരുന്നത്. ഇത് പരിഹരിക്കുവാൻ കേന്ദ്ര സർക്കാറിന്റ ധന സഹായത്തിന് ആനുപാതികമായി സംസ്ഥാന സർക്കാറിന്റെ വിഹിതമായ പ്രോജക്ട് മൂലധനത്തിന്റെ 25% (പരമാവധി രൂപ 1 കോടി) വരെ ധനസഹായമായി നൽകി കുറഞ്ഞ പക്ഷം ഒരു സ്ഥാപനമെങ്കിലും 2 ജില്ലകളിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

183) 2020-21 ൽ അനുവദിച്ച 90 ലക്ഷം രൂപയിൽ M/s കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡുമായി ഏർപ്പെട്ട MoU പ്രകാരം ആദ്യ ഗഡുവായ 36 ലക്ഷം രൂപ 2020-21 ൽ അനുവദിച്ചിട്ടുണ്ട്.

184) നിലവിൽ ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള രണ്ട് പൊതുമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ മുഖാന്തിരം IMAGE, പാലക്കാട് & KEIL, എറണാകുളം 2022 വർഷത്തെ കാലയളവിൽ പ്രതിദിനം 62122 ടൺ ബയോമെഡിക്കൽ മാലിന്യം നിർമ്മാർ ജ്ജനം ചെയ്യപ്പെട്ടു. ബയോമെഡിക്കൽ മാലിന്യത്തിലെ ഉൽപ്പാദനം , സംസ്കരണം ഇവയിലെ വിടവ് ആരോഗ്യ പരിപാലന സ്ഥാപനങ്ങളിലെ (AYUSH) ഉൾപ്പെടെയുള്ള ഖര ദ്രവ മാലിന്യങ്ങളുടെ സംസ്കരണത്തിലെ പര്യാപ്തത എന്നിവയിന്മേലുള്ള പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ CSIR – NIIST-നെ ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനങ്ങളിലെ പൊതു ബയോമെഡിക്കൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് ഒരു കേന്ദ്രീകൃത ബാർകോഡ് ട്രാക്കിംഗ് സിസ്റ്റം കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കി വരുന്നു. ആയതിൽ കേരളത്തിലെ നിലവിലെ രണ്ട് പൊതു സംസ്കരണ സംവിധാനങ്ങളും 17000-ത്തോളം ആരോഗ്യ പരിപാലന സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട് . ബയോമെഡിക്കൽ മാലിന്യം ഉൾ പ്പെടെയുള്ള മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന വാഹനങ്ങളുടെ GPS Tracking-നുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

185) ഈ ഉപപദ്ധതിയിൻകീഴിൽത്തന്നെ കാസർഗോഡ്, മലപ്പുറം എന്നീ ജില്ലയിലെ (200 കിടക്കകൾക്കു മുകളിൽ വരുന്ന ) ആശുപത്രികളിലെ മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങളുടെ ഒരു പഠനം നടത്തിയിട്ടുണ്ട്.

186) <u>പൊതുവായി ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്ന സ്ഥാപനങ്ങൾ പൂർണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനൊപ്പം എല്ലാ</u>

പ്രധാനപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിലും സ്വന്തമായി ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും സമിതി **ശിപാർശ** ചെയ്യുന്നു.

**ആന്റി മൈക്രോബിയൽ റെസിഡ്യു സാന്നിദ്ധ്യം കണ്ടെത്തുന്നതിനുള്ള പഠനം**

187) ആന്റി ബയോട്ടിക് മരുന്നുകളുടെ അമിത ഉപയോഗം മൂലമുണ്ടാകുന്ന ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് ഒരു ആഗോള ആരോഗ്യ പ്രശ്നമാണ് . വിവിധ ഇനം ഫാമുകളിൽ പക്ഷിമൃഗാദികളിലും സസ്യങ്ങളിലും (മൃഗസംരക്ഷണം, സസ്യപരിപാലനം, ഫിഷറീസ്) അവയുടെ വളർച്ചയ്ക്കും രോഗനിയന്ത്രണത്തിനും പ്രതിരോധത്തിനും അമിതമായി ആന്റിബയോട്ടിക് മരുന്നുകൾ ഉപയോഗിക്കുന്നതിനാൽ ഇവയിൽ ആന്റി മൈക്രോബിയൽ റെസിഡ്യുവിന്റെ സാന്നിദ്ധ്യം കുടുതലായി ഉണ്ടാകുന്നു.

188) ആന്റി മൈക്രോബിയൽ പ്രതിരോധ പ്രശ്നങ്ങൾ ചെറുക്കുന്നതിനായുള്ള വിവിധ വകുപ്പുകളെ ചേർത്തുകൊണ്ടുള്ള ആക്ഷൻ പ്ലാൻ , കേരള സർക്കാർ രൂപീകരിച്ചുവരുന്നു. ഇത് കേന്ദ്ര സർക്കാരിന്റെ നാഷണൽ ആക്ഷൻ പ്ലാൻ, ഗ്ലോബൽ ആക്ഷൻ പ്ലാൻ എന്നിവയോട് ചേർന്ന് പ്രവർത്തിക്കുന്ന വിധമായിരിക്കും ഇതിന്റെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് വരുന്ന കാര്യങ്ങൾ ബോർഡാണ് കൈകാര്യം ചെയ്യുന്നത്. ആന്റി മൈക്രോബിയൽ റസിഡ്യുവിന്റെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിനു മാത്രമായി ഒരു ലബോറട്ടറി എറണാകുളത്തുള്ള സെൻട്രൽ ലാബിൽ സ്ഥാപിക്കാൻ ബോർഡ് തീരുമാനിച്ചിരുന്നു. ഇതിനായുള്ള അവശ്യ ഉപകരണങ്ങൾ വാങ്ങുകയും മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് വേണ്ടിയുള്ള ടെൻഡർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2019 – 20 ൽ അനുവദിച്ച 295 ലക്ഷം രൂപയിൽ 15,47,242 രൂപ ചെലവഴിച്ചിട്ടുണ്ട്.

189) 2020 – 21 ൽ 58.6 ലക്ഷം രൂപ അനുവദിച്ചു. ജലസ്രോതസ്സുകളിലെ ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് സംബന്ധിച്ച് പഠനം നടത്തുന്നത് സംബന്ധിച്ച വിശദാംശം സമിതി വിലയിരുത്തി . ഇതിനായി പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിൽ എറണാകുളത്ത് ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് ലാബ് പ്രവർത്തിക്കുന്നുണ്ടെന്നും ഇതിന്റെ ആദ്യഘട്ടത്തിൽത്തന്നെ ആശുപത്രികളിൽ നിന്നുള്ള മലിനജലത്തിന്റെ ഒഴുക്ക് തടയുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കുന്നതിനായുള്ള പ്രോജക്ടും തിരുവനന്തപുരത്തെ ജലാശയങ്ങളിലെ ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് സാന്നിദ്ധ്യത്തിന്റെ അളവ് നിർണ്ണയിക്കുന്നതിനായുള്ള പ്രോജക്ടും യഥാക്രമം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനും കേരള സർവ്വകലാശാലക്കും നൽകിയിരുന്നുവെന്നും ഇവ പൂർത്തിയാക്കി പ്രോജക്ട് റിപ്പോർട്ടുകൾ ആരോഗ്യവകുപ്പിന് അയച്ചിട്ടുണ്ടെന്നും കൂടാതെ നദികളിലെ മലിനീകരണത്തിന്റെ ഉറവിടം കണ്ടെത്തി അതിന് പ്രതിവിധി കണ്ടെത്തുന്നതിനായി എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർഥികളും എൻ.എസ്.എസ്. വോളന്റിയർമാരുമായി ചേർന്ന് സാനിറ്റേഷൻ സർവ്വേ ആരംഭിച്ചിട്ടുണ്ടെന്ന വിവരവും സമിതി പരിശോധിച്ചു.

190) കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (KARSAP) ആന്റിബയോട്ടിക് പ്രതിരോധത്തിനെതിരെ പോരാടുന്നതിനുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ സംസ്ഥാനതല പദ്ധതിയാണ് . ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് ഒഴിവാക്കുന്നതിനായുള്ള ആന്റി മൈക്രോബിയൽ റസിഡ്യൂ സാന്നിധ്യം കണ്ടെത്തുന്നത് സംബന്ധിച്ച പഠന വിവരങ്ങൾ സംസ്ഥാന ആരോഗ്യ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് തുടങ്ങി ഇതുമായി ബന്ധപ്പെട്ട ഇതര വകുപ്പുകളുമായി പങ്കുവച്ച്കൊണ്ട് സംസ്ഥാനതലത്തിൽ ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി **ശിപാർശ**

ചെയ്യുന്നു.

**കണ്ടിന്യുവസ് ആമ്പിയന്റ് നോയിസ് ക്വാളിറ്റി മോണിട്ടറിംഗ് സ്റ്റേഷൻ**

191) നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ സതേൺ സോണിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശബ്ദമലിനീകരണ നിയമം - 2000 സർക്കാർ പാലിക്കേണ്ടതുണ്ട്. ശബ്ദമലിനീകരണം കുറയ്ക്കുന്നതിനു വേണ്ടി നടപടികൾ വിവിധ വകുപ്പുകളുടെ സഹായത്തോടുകൂടി സർക്കാർ സ്വീകരിച്ചു വരുന്നു.

192) ഇതിന്റെ ഭാഗമായി കണ്ടിന്യുവസ് ആമ്പിയന്റ് നോയിസ് ക്വാളിറ്റി മോണിട്ടറിംഗും ആക്ഷൻ പ്ലാനിന്റെ ഭാഗമാണ് . ആയതിനായി രണ്ട് കണ്ടിന്യുവസ് ആമ്പിയന്റ് നോയിസ് ക്വാളിറ്റി മോണിട്ടറിംഗ് ഉപകരണം എം.ജി. റോഡ് എറണാകുളത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതുപയോഗിച്ച് അളക്കുന്ന പരാമീറ്റേഴ്സ് ഓൺലൈൻ മോണിട്ടേഴ്സ് മുഖേന LED സ്ക്രീനിൽ പ്രദർ ശിപ്പിക്കും. കൂടാതെ ഈ വിവരങ്ങൾ ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുകയും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിലേക്ക് ഓൺലൈൻ മുഖേന അറിയിക്കുകയും ചെയ്യും. ഇതിനുവേണ്ടി CPCB member-നെ ഉൾ പ്പെടുത്തി technical committee രൂപീകരിച്ചിട്ടുണ്ട്. 27.08.2019-ന് ടെക്നിക്കൽ കമ്മിറ്റി കൂടുകയും 20.01.2020-തീയതിയിൽ ടെൻഡർ നോട്ടീസ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

193) ശബ്ദമലിനീകരണം ഒഴിവാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ പ്രധാന നഗരങ്ങളിലും 'കണ്ടിന്യുവസ് ആമ്പിയന്റ് നോയിസ് ക്വാളിറ്റി മോണിട്ടറിംഗ് ഉപകരണം സ്ഥാപിക്കണമെന്ന് സമിതി **ശിപാർശ** ചെയ്യുന്നു.

**ഇരുമ്പുരുക്ക് വ്യവസായങ്ങളുടെ മലിനീകരണ നിയന്ത്രണോപാധികൾക്ക് ഒരു നവീന മാതൃക തയ്യാറാക്കൽ**

194) പാലക്കാട് ജില്ലയിൽ 30-ഓളം ഇരുമ്പുരുക്ക് വ്യവസായങ്ങളുണ്ട്. ഇവയിൽ കൂടുതൽ കഞ്ചിക്കോട് വ്യവസായ മേഖലയിലാണ് സ്ഥിതിചെയ്യുന്നത്. നിലവിൽ മലിനീകരണ നിയന്ത്രണോപാധികൾ (Air Pollution Control Devices) പത്ത് കൊല്ലങ്ങൾക്ക് മുമ്പ് പഠനം നടത്തി തീരുമാനിക്കപ്പെട്ട ഒരു മാതൃകയിലാണ് നടന്നു വരുന്നത്. ഇതിൽ ഒരു പാട് പോരായ്മകൾ ഉള്ളതിനാൽ അസംസ്കൃത വസ്തുവായ സ്ക്രാപ്പ് (scrap) ഇരുമ്പിന്റെ വൃത്തി കുറയുമ്പോൾ മലിനീകരണം നിയന്ത്രണാധീതമാകുന്നു. ഫുജിറ്റീവ് എമിഷൻ തടയപ്പെടുന്നില്ല. ഉണ്ടാകുന്ന ചാരം, സ്ക്രബ്ബർ സോളിഡ്സ് (scrubber solids) എന്നിവയുടെ നിർമ്മാർജ്ജനത്തിന് തൃപ്തികരമായ മാർഗങ്ങളില്ലാത്തത് ഇവയിൽ ചിലതാണ്. ഇവ പരിഹരിക്കുന്നതിനും മലിനീകരണ നിയന്ത്രണത്തിൽ ആധുനികമായി ലഭ്യമായ മാർഗ്ഗങ്ങളുപയോഗിക്കുന്നതുമായ ഒരു മാതൃകാ വ്യവസ്ഥ തയ്യാറാക്കുന്നതിനുള്ള ഒരു ശാസ്ത്രീയ പഠനം നടത്തുന്നതിനായി NIT kozhikode മായി MoU ഒപ്പുവയ്ക്കുകയും ആദ്യ ഗഡുവായ 50% തുക Rs.5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) ട്രഷറി വഴി 2020-21 ൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുക രണ്ട് ഘട്ടമായി പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് MoU പ്രകാരം നൽകുന്നതാണ്. <u>വ്യവസായ മേഖലയിലെ മലിനീകരണം നിയന്ത്രണാധീനമാക്കുന്നതിനും മലിനീകരണ നിയന്ത്രണത്തിൽ ആധുനികമായി ലഭ്യമായ മാർഗ്ഗങ്ങളുപയോഗിക്കുന്നതുമായ ഒരു മാതൃകാ വ്യവസ്ഥ തയ്യാറാക്കുന്നതിനുള്ള ശാസ്ത്രീയ പഠനം നടത്തുന്നതിനായുള്ള പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി **ശിപാർശ ചെയ്യുന്നു.**</u>

**<u>കഴിവ് വികസിപ്പിക്കൽ</u>**

195) ഇതൊരു തുടർ പദ്ധതിയാണ് . നിയമങ്ങളും ചട്ടങ്ങളും കൂടുതൽ നന്നായി മനസ്സിലാക്കാനും ശാസ്ത്ര സാങ്കേതിക വിദ്യകളിലെ നൂതന

പുരോഗതികളെക്കുറിച്ച് അറിവ് നൽകുക, ഇതിനായി തുടർച്ചയായി പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കേന്ദ്ര മലിനീകരണ നിയന്ത്രണബോർഡും പരിസ്ഥിതി മന്ത്രാലയവും നടത്തുന്ന ട്രെയിനിംഗുകൾക്ക് ബോർഡ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നു. നൂതന സാങ്കേതിക വിദ്യകളിൽ പരിജ്ഞാനം നേടുന്നതിന് ഇത് സഹായകമാകും. കൂടാതെ പുതിയ സംസ്കരണ പ്രക്രിയകളെക്കുറിച്ചും കാര്യക്ഷമത സംബന്ധിക്കുന്ന വിഷയങ്ങളിലും , സാംപ്ലിംഗ് രീതികളിലും മോണിറ്ററിംഗ് ടെക്നിക്കുകളെക്കുറിച്ചുമെല്ലാം ഉദ്യോഗസ്ഥർക്ക് ബോർഡ് ട്രെയിനിംഗ് നടത്തി വരുന്നു. 2020-21 ൽ ഇതിനായി അനുവദിച്ച 1 ലക്ഷം രൂപയിൽ 26,550 രൂപ ട്രഷറി വഴി അനുവദിച്ചിട്ടുണ്ട്.

196) 2021- 22 ൽ ഇതിനായി അനുവദിച്ച 1 ലക്ഷം രൂയിൽ ₹81,548/- (എൺപത്തി ഒന്നായിരത്തി അഞ്ഞൂറ്റി നാൽപ്പത്തിയെട്ട് രൂപ മാത്രം) ട്രഷറി വഴി അനുവദിച്ചിട്ടുണ്ട്.

197) <u>കഴിവ് വികസിപ്പിക്കൽ പദ്ധതിയിൻകീഴിൽ ട്രെയിനിങ് ലഭിച്ച ഉദ്യോഗസ്ഥരിൽ നിന്നും നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പ്രതികരണം ലഭ്യമാക്കി മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി **ശിപാർശ** ചെയ്യുന്നു.</u>

**<u>ഖരമാലിന്യ സംസ്കരണം</u>**

198) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഇടപെടൽ മൂലം ഖരമാലിന്യ സംസ്കരണത്തിൽ പുരോഗതി വന്നിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുകയും ബോർഡ് നിലവിൽ വന്നതിനുശേഷമുള്ള വിവിധതരത്തിലുള്ള മലിനീകരണ തോത് സംബന്ധിച്ച സ്ഥിതിവിവരകണക്ക് പരിശോധിക്കുകയും ചെയ്തു. ഖരമാലിന്യ ചട്ടങ്ങൾ പ്രകാരമുള്ള വാർഷിക റിപ്പോർട്ട് പ്രകാരം നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഖരമാലിന്യ സംസ്കരണം

സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | ഖര മാലിന്യം (t/day) | |
|---|---|---|
| | ഉൽപാദനം | സംസ്കരിച്ചത് |
| 2019-20 | 3521 | 1837 |
| 2020-21 | 3543 | 2550 |
| 2021-22 | 3472 | 2691 |
| 2022-23 | 3472 | 3231 |

199) ഖര മാലിന്യ സംസ്കരണത്തിനായി നവീന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ലഭിക്കുന്ന മുഴുവൻ ഖരമാലിന്യങ്ങളും സംസ്കരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി **ശിപാർശ** ചെയ്യുന്നു.

**നിയന്ത്രണ സംവിധാനം**

200) 'നിയന്ത്രണ സംവിധാനം' എന്ന പദ്ധതിയിൻകീഴിൽ മലിനീകരണ നിയന്ത്രണത്തിനുള്ള പ്രോത്സാഹനം നൽകൽ, പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും ചട്ടങ്ങളെക്കുറിച്ചും സ്റ്റേക് ഹോൾഡേഴ്സിനുള്ള ട്രെയിനിംഗ് , പൊതുജന ബോധവൽക്കരണം എന്നീ ഉപപദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നതായും തുടർ പദ്ധതികളായി , മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ നല്ല രീതിയിൽ ഏർപ്പെടുത്തി പ്രവർത്തിപ്പിക്കുന്ന വ്യവസായശാലകൾക്കും, ആശുപത്രികൾക്കും, ഹോട്ടലുകൾക്കും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പരിസ്ഥിതി സംരക്ഷണം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ചെയ്യുന്നതിനും സംരംഭകർക്ക് മെച്ചപ്പെട്ട പരിസ്ഥിതി സംരക്ഷണം കാഴ്ചവയ്ക്കാൻ പ്രചോദനമാകുന്നതിനും എല്ലാ വർഷവും പ്രോത്സഹനമായി മലിനീകരണ നിയന്ത്രണ അവാർഡുകൾ നൽ കിവരുന്നതായും സമിതി മനസ്സിലാക്കുന്നു. കൂടാതെ, പുതുതായി വിജ്ഞാപനം ചെയ്യുന്ന ചട്ടങ്ങളെക്കുറിച്ചും ബോർഡ് അവലംബിക്കുന്ന മാർഗ്ഗരേഖകളെക്കുറിച്ചും മറ്റും പൊതുജനങ്ങൾക്കും ഇതുമായി ബന്ധപ്പെട്ടവർക്കും അറിവ് നൽകാൻ വർ

ക്ക്ഷോപ്പുകളും പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ്, ഹസാർഡ്സ് വേസ്റ്റ് മാനേജ് മെന്റ്, ഈ-വേസ്റ്റ് മാനേജ്മെന്റ്, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് , അറവുശാലകൾ എന്നീ വിഷയങ്ങളിൽ ട്രെയിനിംഗും നൽകുന്നുണ്ട് . ആയതിനാൽ, ഈ രീതിയിൽ മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുവായി അവബോധം നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുകയും ചെയ്യുന്ന തരത്തിലുള്ള പദ്ധതികൾ തുടർന്നും ഉണ്ടാകണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

201) പരിസ്ഥിതി സംരക്ഷണത്തിനും മലിനീകരണ നിയന്ത്രണത്തിനും പൊതുജന ബോധവൽക്കരണം അത്യന്താപേക്ഷിതമായതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങി ഇതര വകുപ്പുകളുടെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തിക്കൊണ്ട് ഇത് സംബന്ധമായ പബ്ലിക് ഹിയറിങ് ഉൾപ്പെടെയുള്ള തുടർ പ്രവർത്തനങ്ങൾ നടത്തണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

**ജല – വായു ഗുണനിലവാര ഡയറക്ടറി**

202) സംസ്ഥാനത്തെ നദീജല ഗുണ നിലവാരവും അന്തരീക്ഷ വായുവിന്റെ ഗുണനിലവാരവും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ഡയറക്ടറി പ്രസിദ്ധീകരിക്കുന്ന പദ്ധതി നിലവിൽ ഉണ്ടായിരുന്നതായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തെ നദീജല ഗുണനിലവാരവും അന്തരീക്ഷവായുവിന്റെ ഗുണനിലവാരവും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് എല്ലാ വർഷവും ഡയറക്ടറി പ്രസിദ്ധപ്പെടുത്തണമെന്നും ആയത് പൊതുജനങ്ങൾക്ക് ലഭ്യമാക്കണമെന്നും സമിതി **ശിപാർശ** ചെയ്യുന്നു.

**പാരിസ്ഥിതിക സ്ഥിതി വിവര റിപ്പോർട്ട്**

203) കോട്ടയം ജില്ലയുടെയും എറണാകുളത്തെ ഗ്രേറ്റർ കൊച്ചിൻ ഏരിയായിൽ ഉൾപ്പെട്ട ഏലൂർ എടയാർ ഏരിയയുടേയും തുടങ്ങി ഓരോ പ്രദേശത്തെയും തെരഞ്ഞെടുത്ത് പദ്ധതി വിവരങ്ങൾ ഉൾക്കൊള്ളിച്ച് പ്രസ്തുത

പ്രദേശത്തെ പാരിസ്ഥിതിക സ്ഥിതി വിവര റിപ്പോർട്ട് തയ്യാറാക്കുന്ന പദ്ധതി നിലവിൽ ഉണ്ടായിരുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പാരിസ്ഥിതിക സ്ഥിതി വിവര റിപ്പോർട്ട് തയ്യാറാക്കേണ്ട സ്ഥലങ്ങളുടെ പട്ടിക തയ്യാറാക്കി മുൻഗണനാക്രമം നിശ്ചയിച്ച് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടത്തണമെന്ന് സമിതി **ശിപാർശ** ചെയ്യുന്നു.

**സംസ്ഥാനത്തെ നദികളുടെ തരംതിരിക്കൽ**

204) സംസ്ഥാനത്തെ നദികളുടെ തരംതിരിക്കൽ എന്ന പദ്ധതിയിൻ കീഴിൽ ജല ഉപയോഗം അടിസ്ഥാനമാക്കി മൂവാറ്റുപുഴ, ചാലക്കുടി, ഭാരതപ്പുഴ, വളപട്ടണം, ചാലിയാർ തുടങ്ങി സംസ്ഥാനത്തെ വിവിധ നദികളെ പഠനം നടത്തിയിരുന്നതായി സമിതി മനസ്സിലാക്കുന്നു. നദികളുടെ തരംതിരിക്കൽ അനുസരിച്ച് ജലഉപയോഗം, സംരക്ഷണം, തുടർ നിരീക്ഷണം എന്നിവ ഉണ്ടാകണമെന്നും മറ്റ് നദികളിലും സമാനമായ പഠനം നടത്തി തുടർ നിരീക്ഷണം ഉറപ്പാക്കണമെന്നും സമിതി **ശിപാർശ** ചെയ്യുന്നു.

**അന്തരീക്ഷ ശബ്ദ നിലവാര മാപ്പിംഗ്**

205) നഗരങ്ങളിലെ നിലവിലെ ശബ്ദനിലവാരം തിട്ടപ്പെടുത്തി വരുംവർഷങ്ങളിൽ വിവിധ ഭാഗങ്ങളിൽ വാഹനങ്ങൾകൊണ്ടും നഗരവത്കരണപ്രവർത്തനങ്ങൾകൊണ്ടും ഉണ്ടായേക്കാവുന്ന ശബ്ദമലിനീകരണത്തിനുള്ള വർദ്ധനവ് മനസ്സിലാക്കി ഇതിനെ അടിസ്ഥാനമാക്കി ശബ്ദനിലവാരമാപ്പ് തയ്യാറാക്കുക , ആവശ്യമായ നിയന്ത്രണസംവിധാനങ്ങൾ നിർദ്ദേശിക്കുക എന്നിവ ഉദ്ദേശിച്ചുകൊണ്ട് അന്തരീക്ഷ ശബ്ദനിലവാര മാപ്പിംഗ് പദ്ധതി നടപ്പാക്കിയിരുന്നതായും തിരുവനന്തപുരം നഗരത്തിലെ ശബ്ദ നിലവാരം സംബന്ധിച്ചുള്ള Noise mapping Study 2016-ൽ ആണ് നടത്തിയിരിക്കുന്നതെന്നുമുള്ള വിവരം സമിതി മനസ്സിലാക്കുന്നു. ആയതിനാൽ,

അന്തരീക്ഷ ശബ്ദനിലവാര മാപ്പിംഗ് പദ്ധതി തുടർന്നും നടപ്പാക്കണമെന്ന് സമിതി **ശിപാർശ** ചെയ്യുന്നു.

**സർക്കാർ ആരോഗ്യ പരിപാലന കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണത്തിന് സഹായം**

206) ഗവൺമെന്റ് ആശുപത്രികളിൽ മാലിന്യ സംസ്കരണത്തിന് ധനസഹായം നൽകാനാണ് സർക്കാർ ആരോഗ്യ പരിപാലന കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണത്തിന് സഹായം നൽകൽ പദ്ധതി ആരംഭിച്ചതെന്നും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും ഗാർബേജ് സംസ്കരണത്തിനും സാമ്പത്തിക സഹായം നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നതെന്നും സമിതി മനസ്സിലാക്കുന്നു. സർക്കാർ ആരോഗ്യ പരിപാലന കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണത്തിന് സഹായം നൽകൽ തുടർന്നും നടപ്പാക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

**പൊതു മലിനജല സംസ്കരണപ്ലാന്റുകൾ നിർമ്മിക്കുന്നതിന് ധനസഹായം**

207) ഗവൺമെന്റ് ആശുപത്രികളിൽ മോഡൽ മാലിന്യ സംസ്കാരണപ്ലാന്റ് സ്ഥാപിക്കുന്നതിന് ധനസഹായം നൽകാനാണ് പൊതു മലിനജല സംസ്കരണപ്ലാന്റുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകൽ പദ്ധതി ആരംഭിച്ചതെന്നും ഈ പദ്ധതിയിൽ കൊല്ലം ജില്ലാ ആശുപത്രിക്കും, വിക്ടോറിയ ആശുപത്രിക്കുമായി ഒരു പൊതു സംസ്കരണപ്ലാന്റ് നിർമ്മിക്കുന്നതിനും കോട്ടയം ജില്ലയിലെ പാമ്പാടി താലൂക്ക് ആശുപത്രിക്ക് ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനും ധനസഹായം നൽകിയതായും സമിതി മനസ്സിലാക്കുന്നു. ഗവൺമെന്റ് ആശുപത്രികളിൽ നിന്നും പൊതു മലിനജല പ്ലാന്റുകൾ നിർമിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ലഭ്യമാക്കി ആവശ്യമുള്ള പക്ഷം ധനസഹായം നൽകുന്ന പദ്ധതി തുടർന്നും നടപ്പാക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

**<u>മുനിസിപ്പൽ സോളിഡ് വേസ്റ്റ് നിർമ്മാർജ്ജന സ്ഥലങ്ങളിലെ ഇംപാക്റ്റ് മോണിറ്ററിംഗ്</u>**

208) പ്രസ്തുത പദ്ധതി പ്രകാരം തൃശ്ശൂരിലെ ചാലക്കുടി, എറണാകുളത്തെ നോർത്ത് പറവൂർ, കോട്ടയം, കണ്ണൂർ എന്നീ മുനിസിപ്പാലിറ്റികളിലെ ഡംപിങ് യാർഡിന് ചുറ്റുമുള്ള ഭൂഗർഭജലഗുണനിലവാര പഠനം നടത്തിയതായി സമിതി മനസ്സിലാക്കുന്നു. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ഖര മാലിന്യ ചട്ടങ്ങൾ പ്രകാരമുള്ള ഓതറൈസേഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കരസ്ഥമാക്കേണ്ടതാണെന്നതും കൂടാതെ ചട്ടപ്രകാരമുള്ള വാർഷിക റിപ്പോർട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബോർഡിൽ സമർപ്പിക്കേണ്ടതും , ബോർഡ് പരിശോധന നടത്തിയും, മീറ്റിംഗുകൾ, ഹിയറിംഗുകൾ എന്നിവ നടത്തിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിലവിൽ വിലയിരുത്തി വരുന്നുണ്ടെന്ന വിവരവും സമിതി പരിശോധിച്ചു.

209) ചുരുക്കം ഖരമാലിന്യ സംസ്കരണപ്ലാന്റുകൾ മാത്രമേ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുള്ളുവെന്നും ഇവയുടെ അറ്റകുറ്റപ്പണികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണെന്നതും തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയിലെ ഖരമാലിന്യ സംസ്കരണപ്ലാന്റും കണ്ണൂർ ചേലോറയിലെ ട്രഞ്ചിംഗ് ഗ്രൗണ്ടും പഠനവിധേയമാക്കിയതായും പ്രസ്തുത സ്ഥലങ്ങളിലെ ഭൂജലഗുണനിലവാര വ്യതിയാനങ്ങൾ മനസ്സിലാക്കുന്നതിനായി പഠനം തുടരുകയുണ്ടായെന്ന വിവരവും ഇതുകൂടാതെ എറണാകുളം നോർത്ത് പറവൂരും കോട്ടയത്ത് വടവാതൂർ ഡംപിംഗ് യാഡിലും പഠനം നടത്തിയെന്നതും ബോർഡ് നടത്തിയ ഇംപാക്ട് മോണിറ്ററിംഗ് പ്രകാരം മാലിന്യ സംസ്കരണപ്ലാന്റുകളുടെ കാര്യക്ഷമത ഇനിയും ഉയർത്തേണ്ടതുണ്ടെന്നുമുള്ള വിവരങ്ങളും സമിതി വിലയിരുത്തി. ഈ സാഹചര്യത്തിൽ, <u>മുനിസിപ്പൽ സോളിഡ് വേസ്റ്റ് നിർമ്മാർജ്ജന സ്ഥലങ്ങളിലെ ഇംപാക്റ്റ് മോണിറ്ററിംഗ് തുടർച്ചയായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി **ശിപാർശ** ചെയ്യുന്നു.</u>

**<u>ഇലക്ട്രോണിക് മാലിന്യ നിർമ്മാർജ്ജനം</u>**

210) ഇലക്ട്രോണിക് മാലിന്യം കേന്ദ്രസർക്കാരിന്റെ ഇ -വേസ്റ്റ് റൂൾസ് പ്രകാരം നിർമ്മാർജ്ജനം ചെയ്യുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന വിവരം സമിതി പരിശോധിച്ചു.

211) ഇലക്ട്രോണിക് മാലിന്യം (ഇ-മാലിന്യം) ശേഖരിക്കുന്നതിന് സ്ഥാപനങ്ങൾക്ക് ബോർഡ് e-waste Rules പ്രകാരമുള്ള ഓതറൈസേഷൻ നൽകുന്നു. അത്തരം സ്ഥാപനങ്ങൾ സംസ്ഥാനത്തിന് പുറത്തുള്ള അംഗീകൃത e-waste recycling / disposal facility-ൽ ഇ-മാലിന്യം recycling / disposal -ന് അയയ്ക്കുന്നു. കേരളത്തിൽ അംഗീകൃത e-waste recycling / dismantling / disposal facility നിലവിലില്ല. സംസ്ഥാന സർക്കാർ Clean Kerala Company രൂപീകരിക്കുകയും ടി കമ്പനിയുടെ ഏകോപനത്തിൽ ഇൻസ്റ്റിറ്റ്യൂഷനുകളിൽ നിന്നും മറ്റും ഇ-മാലിന്യം അംഗീകൃത കളക്ഷൻ സെന്റർ വഴി ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് പുറമേ informal sector ൽ നിന്നും ഇ -മാലിന്യം ശേഖരിച്ച് PRO മുഖേന recyclers ന് കൈമാറുകയും ചെയ്യുന്നു.

212) 2016-ലെ ഇ -വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം ഇ -വേസ്റ്റ് രജിസ്റ്റേഡ് റീസൈക്ലേഴ്സിന് നൽകേണ്ടതാണ്. ഇലക്ട്രോണിക് മാലിന്യ സംസ്കരണം നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ പൂർണ്ണമായും നടപ്പിലാക്കണമെങ്കിൽ EPR (Extended Producer Responsibility) നിർബന്ധമായും നടപ്പിലാക്കേണ്ടതുണ്ട്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം ഇലക്ട്രോണിക്ക് നിർമ്മാതാക്കൾ, പ്രൊഡ്യൂസർ, റിഫർബിഷർ, ഡിസ്മാന്റലർ, റീസൈക്ലർ എന്നിവർക്ക് EPR ബാധകമാണ്. 2022-ലെ ഇ -വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം EPR നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ നിലവിൽ വരുകയും സെൻട്രൽ പോർട്ടൽ മുഖേന രജിസ്ട്രേഷൻ കരസ്ഥമാക്കേണ്ടതുമാണ് . ഇപ്രകാരം കേരളത്തിൽ ഒരു റീസൈക്ലറും 59 ബ്രാൻഡ് ഓണേഴ്സും EPR രജിസ്ട്രേഷൻ കരസ്ഥമാക്കിയിട്ടുണ്ട്. ആയതിലേയ്ക്ക് കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡിന്റെ സെൻട്രൽ പോർട്ടലിൽ രജിസ്ട്രേഷൻ ചെയ്യേണ്ടതുണ്ട് . എല്ലാ

പ്രൊഡ്യൂസേഴ്സും ഇലക്ട്രോണിക് ഉത്പന്നം ഉപയോഗ ശേഷം തിരികെ ശേഖരിച്ച് ആതറൈസ്ഡ് റീസൈക്ലർ/Dismantler മുഖേന കൈമാറ്റം ചെയ്യേണ്ടതാണ്. ഇതിന് മാർക്കറ്റ് സർവ്വേ നടത്തിയും State GST യുടെ സഹായത്തോടെയും മാത്രമേ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂവെന്ന് സമിതി മനസ്സിലാക്കുന്നു.

213) സംസ്ഥാന സർക്കാർ BULK CONSUMERS-ൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 59 ഓളം Collection Centres Producers-നുവേണ്ടി സംസ്ഥാനത്ത് ബോർഡിന്റെ അനുമതിയോടെ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ അംഗീകൃത റീസൈക്ലിൻ യൂണിറ്റായി സഹ്യ സൊല്യൂഷൻസ് EPR കരസ്ഥമാക്കിയിട്ടുണ്ട്. M/s. KEIL, e-Waste Collection cum Dismantler Unit. എറണാകുളത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ക്ലീൻ കേരള കമ്പനി മലപ്പുറത്ത് ഒരു dismantling unit സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു . Inventorisation നടത്തുവാനായി ബോർഡ്, NIIST ( National Institute for Interdisciplinary Science and Technology) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ ഇ-വേസ്റ്റ് ഇൻവെന്ററി ബോർഡ് NIIST മുഖേന പഠനം നടത്തി ആയത് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 01.04.2022 മുതൽ 31.03.2023 വരെ ഇത്തരത്തിൽ ഏകദേശം 471.55 ടൺ ഇ-മാലിന്യം സംസ്ഥാനത്ത് റീസൈക്ലിൻ ചെയ്തിട്ടുണ്ട്. കൂടാതെ 1465.27 ടൺ ഇ-മാലിന്യം ശേഖരിച്ചിട്ടുമുണ്ട്.

214) ഇ-മാലിന്യം ഉത്പാദകരിൽ തന്നെ തിരികെ എത്തിക്കുന്നതിനായി ഉപഭോക്താക്കൾക്ക് പ്രോത്സാഹനം നൽകുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ടെന്നും എന്നാൽ സംസ്ഥാനത്തെ മൊത്തം ഇ -മാലിന്യം ഇപ്രകാരം ശേഖരിക്കാൻ സാധ്യമല്ലായെന്നും ഇ വേസ്റ്റ് കളക്ഷൻ സംബന്ധിച്ച് ബോർഡ് scientific awareness programme നടത്തിയിട്ടുണ്ടെന്നുള്ള വിവരങ്ങളും സമിതി പരിശോധിച്ചു. ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനം സംസ്ഥാനത്തെ നിലവിലെ ഇ - മാലിന്യ നിർമാർജനം ഫലപ്രദമായി നടപ്പിലാക്കാൻ

പര്യാപ്തമാണോ എന്ന് പരിശോധിക്കണമെന്നും കമ്പനിയുടെ പ്രവർത്തനം എല്ലാ സ്ഥാപനങ്ങളിലും ലഭിക്കുന്നുവെന്ന് ഉറപ്പാക്കണം എന്നും സമിതി **നിർദ്ദേശിക്കുന്നു.**

215) ആശുപത്രികൾ, ഫാക്ടറികൾ തുടങ്ങിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് നൽകുമ്പോൾ അവിടെ മാലിന്യ സംസ്കരണമാർഗ്ഗങ്ങൾ ബോർഡ് പരിശോധിക്കാറുണ്ടെന്നും ഫാക്ടറികൾ , ആശുപത്രികൾ എന്നിവ ആരംഭിക്കുന്നതിന് ബോർഡിന്റെ സ്ഥാപനാനുമതിയും പ്രവർത്തനാനുമതിയും നിർബന്ധമാണെന്നും സ്ഥാപനാനുമതി അപേക്ഷയോടൊപ്പം മാലിന്യ സംസ്കരണത്തിനായുള്ള പദ്ധതികളും സമർ പ്പിക്കണമെന്നുമുള്ള വസ്തുത സമിതി മനസ്സിലാക്കുന്നു. ജില്ലാ ഓഫീസുകളിൽ നിന്നും ഫീൽഡ് പരിശോധന നടത്തി മാലിന്യസംസ്കരണ സംവിധാനങ്ങളുടെ പ്രവർത്തനം ഉറപ്പുവരുത്തി തൃപ്തികരമായ പദ്ധതി സമർപ്പിക്കുന്നവർക്കും ദൂരപരിധി പാലിക്കുന്നവർക്കുമാണ് സ്ഥാപനാനുമതി നൽകുന്നതെന്നും മലിനീകരണം നിയന്ത്രിക്കുന്നതിനായുള്ള നിർദ്ദേശങ്ങളും അനുമതിയിൽ ഉൾ പ്പെടുത്തിയിരിക്കുന്നുവെന്നും തുടർന്ന് പ്രവർത്തനത്തിനായി പ്രവർത്തനാനുമതി അപേക്ഷ സമർപ്പിക്കുമ്പോൾ പരിശോധന നടത്തി സ്ഥാപനാനുമതിയിലെ മാലിന്യസംസ്കരണത്തിനുള്ള നിബന്ധനകൾ പാലിക്കുന്നവർക്കാണ് പ്രവർ ത്തനാനുമതി നൽകുന്നതെന്നുമുള്ള വസ്തുതകൾ സമിതി മനസ്സിലാക്കുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ നിർമ്മാർജ്ജനത്തിന് ധന സഹായം**

216) മാലിന്യനിർമ്മാർജ്ജനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി മലിനീകരണ നിയന്ത്രണബോർഡ് പദ്ധതികളൊന്നും നടപ്പാക്കിവരുന്നില്ലായെന്ന വിവരം സമിതി പരിശോധിച്ചു. ഇ- വേസ്റ്റ് നിർമ്മാർജ്ജനം ക്ലീൻ കേരള കമ്പനി മുഖേന നടപ്പാക്കി വരുന്നെങ്കിലും ആയതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേരിട്ടുള്ള പ്രവർത്തനം/ പങ്കാളിത്തം ഉറപ്പാക്കുന്നതിന് കർമ്മ

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത് പരിഗണിക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സെപ്റ്റേജ് ഉൾപ്പെടെയുള്ള മാലിന്യ നിർമ്മാർജ്ജനത്തിന് ധനസഹായം**

217) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ നിർമ്മാർജ്ജനത്തിന് ധനസഹായം നൽകുക എന്ന ഉദ്ദേശത്തോടെ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ ആയതിന് സാമ്പത്തികസഹായം നൽകാൻ കഴിഞ്ഞില്ലായെന്ന വിവരം സമിതി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സെപ്റ്റേജ് ഉൾപ്പെടെയുള്ള മാലിന്യ നിർമ്മാർജ്ജനത്തിന് ധനസഹായം നൽകുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് ബോർഡ് പരിശോധന നടത്തണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

**പ്രാദേശിക പ്രാധാന്യമുള്ള വിഷയങ്ങൾക്കായുള്ള പദ്ധതികൾ**

218) തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട് ജില്ലകളിലെ ഒരു വൻകിട വ്യവസായത്തിന്റേയും ഒരു ആശുപത്രിയുടേയും മലിനജല പ്ലാന്റുകളുടെയും മാലിന്യ സംസ്കരണ സംവിധാനത്തിന്റെയും പഠനവും വേമ്പനാട് കായലിൽ മലിനീകരണം സംബന്ധിച്ച് കൊച്ചിൻ യൂണിവേഴ്സിറ്റി വഴി മൂന്ന് വർഷം നീളുന്ന ഒരു പഠനവും ഈ പദ്ധതി പ്രകാരം നടത്തിയിരുന്നു. കൂടാതെ മാവേലിക്കര മുനിസിപ്പാലിറ്റിയിലെ കോട്ടത്തോട് ശുചീകരണത്തിനും പാർശ്വഭിത്തി സംരക്ഷണത്തിനായും ധനസഹായം നൽകിയതായും കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ പഞ്ചായത്തിന്റെ പാരിസ്ഥിതിക സ്ഥിതിവിവര റിപ്പോർട്ട് തയ്യാറാക്കിയതായും സമിതി മനസ്സിലാക്കുന്നു. പ്രാദേശിക പ്രാധാന്യമുള്ള വിഷയങ്ങൾക്കായുള്ള പദ്ധതി പ്രകാരമുള്ള കണ്ടെത്തലുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണം, ആരോഗ്യം, വ്യവസായം തുടങ്ങി ഇതര വകുപ്പുകളെ അറിയിക്കണമെന്നും മലിനീകരണ നിയന്ത്രണ സംവിധാനം

മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടി ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ സ്വീകരിച്ചുവെന്ന് ഉറപ്പാക്കണമെന്നും സമിതി **നിർദ്ദേശിക്കുന്നു.**

**വേളി, ആക്കുളം കായൽതീരത്തെ സാനിട്ടേഷൻ സർവ്വേ**

219) പാർവ്വതീപുത്തനാർ, ആമയിഴഞ്ചൻ തോട് എന്നിവയുടെ തീരത്തുനിന്നും 50 മീറ്റർ ദൂരംവരെയുള്ള വീടുകളിൽ സാനിട്ടേഷൻ സർവ്വേ നടത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ മുഖേന പഠനം നടത്തിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ മുഖേനയുള്ള കണ്ടെത്തലിൽ നിർദ്ദേശിച്ചിട്ടുള്ള പരിഹാരമാർഗ്ഗങ്ങൾ എത്രത്തോളം ഫലപ്രദമായി നടപ്പാക്കപ്പെടുന്നുണ്ടെന്ന് കൃത്യമായ ഇടവേളകളിൽ പരിശോധിക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

**മലിനീകരണം (ഹസാർഡസ്സ് വേസ്റ്റ്) നേരിടുന്ന സ്ഥലങ്ങളിലെ പ്രശ്ന പരിഹാരത്തിനുള്ള പദ്ധതിയുടെ സംസ്ഥാന വിഹിതം**

220) ഹസാർഡസ് വേസ്റ്റ് ഡംപ് സൈറ്റായി സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റി കണ്ടെത്തിയ കുഴിക്കണ്ടം തോട് പുനരുജ്ജീവിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ഒരു പദ്ധതി ഉദ്ദേശിച്ചിരുന്നതായും ടി പദ്ധതിക്കായി കേന്ദ്ര ബോർഡ് ഡി .പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി ഇ.ആർ.എം. കൺസൾട്ടൻസ് എന്ന ഏജൻസിയെ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ഏല്പിച്ച് പഠനം നടന്നുവരുന്നതായുമുള്ള വിവരങ്ങൾ സമിതി പരിശോധിച്ചു . മലിനീകരണം (ഹസാർഡസ്സ് വേസ്റ്റ്) നേരിടുന്ന സ്ഥലങ്ങൾ സംബന്ധിച്ച പട്ടിക തയ്യാറാക്കി അവയിൽ പുനരുജ്ജീവിപ്പിക്കേണ്ടതായ ഇടങ്ങൾ കണ്ടെത്തി അയവ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

221) Recycle ചെയ്യാവുന്ന Hazardous waste, authorized recyclers വഴി

നിർമ്മാർജ്ജനം ചെയ്യാൻ ഉള്ള വ്യവസ്ഥ സ്ഥാപനങ്ങൾക്കുള്ള പ്രവർത്തനാനുമതിയിൽ ഉൾക്കൊള്ളിക്കുന്നതായും സംസ്ഥാനത്തെ അപകടകരമായ ഖരമാലിന്യം (ഹസാർഡസ് വേസ്റ്റ്) സംസ്കരിക്കുന്നതിന് ഒരു പൊതു ഹസാർഡസ് വേസ്റ്റ് സംസ്കരണ സംവിധാനം Kerala Enviro Infrastructure Limited -ന്റെ ഉടമസ്ഥതയിൽ എറണാകുളം ജില്ലയിലെ അമ്പലമുഗളിൽ പ്രവർത്തിച്ചുവരുന്നതായും സ്ഥാപനങ്ങൾ ടി ഫെസിലിറ്റിയിൽ അപകടകരമായ ഖരമാലിന്യം (ഹസാർഡസ് വേസ്റ്റ്) കൈമാറുന്നതിന് അംഗത്വം കരസ്ഥമാക്കേണ്ടതുണ്ടെന്നുമുള്ള വിവരം സമിതി പരിശോധിച്ചു. <u>പൊതു ഹസാർഡസ് വേസ്റ്റ് സംസ്കരണ സംവിധാനം ഉപയോഗപ്പെടുത്തുന്നതിൽ നിന്ന് ഏതെങ്കിലും സ്ഥാപനം ഒഴിവായിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും അപകടകരമായ മാലിന്യം ഉണ്ടാക്കുന്ന എല്ലാ സ്ഥാപനങ്ങളും അത് ശരിയായ രീതിയിൽ നിർമാർജ്ജനം ചെയ്യുന്നുവെന്ന് ഉറപ്പാക്കണമെന്നും സമിതി **നിർദ്ദേശിക്കുന്നു.**</u>

**<u>മലിനീകരണ മേഖലയിലെ പരിസ്ഥിതി പരിപാലനം</u>**

222) എറണാകുളത്ത് അമ്പലമേട്ടിലുള്ള പൊതു ഹസാർഡ്സ് വേസ്റ്റ് നിർമ്മാർജ്ജന സംവിധാനത്തിനു (TSDF) ചുറ്റുമുള്ള ഭൂഗർഭ ജല ഗുണ നിലവാരത്തിലെ വ്യതിയാനങ്ങളുടെ പഠനം, ചാലക്കുടി, കണ്ണൂർ എന്നിവിടങ്ങളിലെ മുനിസിപ്പൽ ഡംപ് സൈറ്റ് എന്നിവയ്ക്കുചുറ്റും ഭൂജല ഗുണനിലവാരപഠനം എന്നിവ നടത്തിയതായും കൊല്ലം ചവറ KMML ന് സമീപം NEERI (National Environmental Engineering Research Institute) പഠനം ആരംഭിച്ചതിനാൽ ബോർഡ് പഠനം തുടർന്നില്ലായെന്നുമുള്ള വിവരങ്ങൾ സമിതി വിലയിരുത്തി. <u>മലിനീകരണ മേഖലകൾ കൃത്യമായി രേഖപ്പെടുത്തി പഠനം നടത്തണമെന്നും പഠനറിപ്പോർട്ട് പ്രകാരമുള്ള പരിഹാരമാർഗ്ഗങ്ങൾ അവലംബിച്ച് മലിനീകരണം ഒഴിവാക്കി പ്രസ്തുത പ്രദേശങ്ങളിലെ പരിസ്ഥിതി പരിപാലനം ഉറപ്പാക്കണമെന്നും സമിതി **നിർദ്ദേശിക്കുന്നു.**</u>

## മറ്റ് ശിപാർശകളും നിർദ്ദേശങ്ങളും

223) മുൻവർഷങ്ങളിൽ ലഭിച്ച അപേക്ഷകളിന്മേൽ എൺവയോൺമെന്റൽ ക്ലിയറൻസ് നൽകുന്നതിൽ കാലതാമസം ഉണ്ടായിരുന്നുവെന്നും അപേക്ഷകളുടെ ബാഹുല്യവും അവയിലെ പോരായ്മകളും സ്ഥലപരിശോധന നടത്തുന്നതിലുള്ള കാലതാമസവും പര്യാപ്തമായ ഉദ്യോഗസ്ഥരുടെ അഭാവവും ഇതിനു കാരണമായിരുന്നുവെന്നും നിലവിൽ അപേക്ഷകളിന്മേൽ കുറഞ്ഞ കാലയളവിൽത്തന്നെ തീരുമാനങ്ങളെടുക്കുകയും യോഗ്യതയുള്ള കേസുകളിൽ എൺവയോൺമെന്റൽ ക്ലിയറൻസ് നൽകുകയും ചെയ്തുവരുന്നുണ്ടെന്നുമുള്ള വിവരങ്ങൾ സമിതി പരിശോധിച്ചു. പാർപ്പിടം, വ്യവസായം, ടൂറിസം തുടങ്ങി വിവിധ ആവശ്യങ്ങൾക്ക് എൺവയോൺമെന്റൽ ക്ലിയറൻസ് അത്യന്താപേക്ഷിതമായതിനാൽ ആയത് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. സ്വന്തമായി പാർപ്പിടം നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് അനുമതി ലഭിക്കുന്നതിനായി പാരിസ്ഥിതിക അനുമതി സംബന്ധിച്ച വ്യവസ്ഥകൾ ലഘൂകരിക്കാനാകുമോയെന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നത് പ്രായോഗികമായിരിക്കണമെന്നും സമിതി **നിർദ്ദേശിക്കുന്നു.**

224) പരിസ്ഥിതി വകുപ്പിന് പുതിയൊരു കെട്ടിടം പണിയുന്നതിന് ഫണ്ട് അനുവദിച്ചുണ്ടായിരുന്നെന്നും എന്നാൽ പരിസ്ഥിതി സൗഹൃദസ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ ഇ -ഓഫീസ് സംവിധാനത്തിനും കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുമുള്ള അടിസ്ഥാനസൗകര്യ വികസനത്തിനുമായി നിശ്ചിത ശതമാനം തുക ചെലവഴിക്കുകയും ബാക്കി തുക ലാപ്സായിപ്പോകുന്ന സാഹചര്യമുണ്ടായെന്നും നിലവിൽ മലിനീകരണ നിയന്ത്രണബോർഡിന്റെ കൈവശമുള്ള സ്ഥലം കൈമാറുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വസ്തുത സമിതി പരിശോധിച്ചു. പരിസ്ഥിതി

വകുപ്പിന് കെട്ടിട നിർമ്മാണത്തിനായി അനുവദിക്കുന്ന തുക പാഴായിപ്പോകാതെ കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

225) പരിസ്ഥിതി വകുപ്പിന്റെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

226) പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ SPIPA (Strategic Partnership for the Implementation of Paris Agreement)-ന്റെ ഭാഗമായിട്ടാണ് SAPCC (സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച്) നടപ്പിലാക്കുന്നതെന്നും പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ മറ്റൊരു പദ്ധതി നടപ്പിലാക്കുന്നുണ്ടെന്നും കൂടാതെ പുറമേ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് ഇടുക്കി, തൃശ്ശൂർ ജില്ലകളിലെ 9 പഞ്ചായത്തുകളിലെ ഭൂപ്രകൃതി എങ്ങനെ മെച്ചപ്പെടുത്താമെന്നുള്ള യു .എൻ.ഡി.പി.യുടെ പ്രോഗ്രാം , സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി സ്ട്രാറ്റജി ആന്റ് ആക്ഷൻ പ്ലാൻ എന്ന രണ്ടു പദ്ധതികളുടെയും പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കിയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ സമിതി പരിശോധിച്ചു. യു.എൻ, മറ്റ് അന്താരാഷ്ട്ര പരിസ്ഥിതി ഏജൻസികൾ എന്നിവരുമായി ബന്ധപ്പെട്ട പരിപാടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

227) പരിസ്ഥിതി സംരക്ഷണ നിയമപ്രകാരമുള്ള വിവിധ ചട്ടങ്ങൾ പാലിക്കാതെ വരുന്നിടത്ത് ഹരിത ട്രൈബ്യൂണൽ ഇടപെടേണ്ടി വരുന്നത് ഒഴിവാക്കണമെന്നും ഇതുസംബന്ധിച്ച പരാതികൾ ഒഴിവാക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ കൃത്യനിർവ്വഹണം നടത്തണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

228) ജല-വായു മലിനീകരണം, ഭൂമിയുടെ കിടപ്പ് മൂലമുള്ള പ്രശ്നങ്ങൾ

എന്നിവ സംബന്ധിച്ച് വ്യക്തമായ പഠനവും ഗവേഷണവും പരിസ്ഥിതി വകുപ്പ് നടത്തണമെന്നും വനാതിർത്തികൾ സംസ്ഥാന അതിർത്തി പ്രദേശങ്ങളായി വരുന്നതുകൊണ്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പഠിക്കണമെന്നും വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കണമെന്ന് സമിതി **നിർദ്ദേശിക്കുന്നു.**

229) പരിസ്ഥിതി വകുപ്പിൽ ഹെഡ് ക്വാർട്ടേഴ്സ് മാത്രമാണുള്ളതെന്നും ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ് പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ടെന്നും തീരദേശ പരിപാലന അതോറിറ്റി, പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി, സംസ്ഥാന തണ്ണീർത്തട അതോറിറ്റി തുടങ്ങിയവയുടെ റഗുലേറ്ററി വർക്കിൽ കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടെന്നുമുള്ള വിവരങ്ങൾ സമിതി പരിശോധിച്ചു . വിഭവങ്ങളുടെ അഭാവം എന്ന കാരണം പറഞ്ഞ് പദ്ധതികൾ ഉപേക്ഷിക്കുന്ന അവസ്ഥയുണ്ടാകരുതെന്നും ലഭിക്കുന്ന ഫണ്ട് കൃത്യമായ വീക്ഷണത്തോടെ വിനിയോഗിക്കുകയാണ് വേണ്ടതെന്നും സമിതി വിലയിരുത്തുന്നു.. 'നെതർലാൻഡ് മോഡൽ' പരിസ്ഥിതി പ്രശ്നവുമായി ബന്ധപ്പെട്ടതായതിനാൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് ഇതുസംബന്ധിച്ച പ്രവർത്തനങ്ങളിൽ സഹകരിക്കണമെന്നും പരിസ്ഥിതി വകുപ്പിന് കീഴിലുള്ള വിവിധ ബോർഡുകളിലെ ജില്ലാതല ഉദ്യോഗസ്ഥർക്കടക്കം ജോലി നിർണ്ണയിച്ച് നൽകി ജീവനക്കാരുടെ അഭാവം പരിഹരിക്കണമെന്നും സമിതി **നിർദ്ദേശിക്കുന്നു.**

230) പരിസ്ഥിതി വകുപ്പ് ഇതര വകുപ്പുകളുടെ സഹകരണത്തോടെ മാലിന്യനിർമ്മാർജ്ജനം ശരിയായ വിധത്തിൽ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് പ്രധാനമായും 'ഭൂമിമിത്ര ക്ലബ്ബുകൾ' രൂപീകരിച്ച് ബോധവൽക്കരണം നടത്തുന്നുണ്ടെന്നും ഖരമാലിന്യമലിനീകരണം, ജലസ്രോതസ്സുകളുടെ മലിനീകരണം എന്നിവ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഹരിതട്രൈബ്യൂണലിന്റെ ഉത്തരവിനനുസരിച്ചുള്ള

സംസ്ഥാന/ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടെന്നും കൂടാതെ ചീഫ് സെക്രട്ടറി തലത്തിലും പതിവായി അവലോകനം നടത്തുന്നുണ്ടെന്നുമുള്ള വിവരങ്ങൾ സമിതി പരിശോധിച്ചു.

231) പരിസ്ഥിതി വകുപ്പ് നിരവധി പ്രവൃത്തികൾ വിവിധ മേഖലകളിൽ ഏറ്റെടുക്കുന്നുവെങ്കിലും ഒരു പ്രവൃത്തി തന്നെ പലപ്പോഴായി വ്യത്യസ്ത ഏജൻസികൾ വഴി നടപ്പാക്കുന്നതായി സമിതി മനസ്സിലാക്കുന്നു . പ്രവൃത്തികളുടെ ക്രോഡീകരണം വകുപ്പ് നടത്തി അനുവദിക്കുന്ന ഫണ്ട് കൃത്യമായും ശരിയായും വിനിയോഗിക്കണമെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും ഇക്കാര്യങ്ങൾ കാലികമാക്കാൻ ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായി സംയുക്തമായി ചർച്ച ചെയ്ത് നടപ്പാക്കേണ്ട കാര്യങ്ങളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു..

232) പരിസ്ഥിതി വകുപ്പിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയും തമ്മിൽ അന്തരമുണ്ടാകരുതെന്നും അനുവദിച്ച തുക ശരിയായവിധം ചെലവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും പുതിയ പദ്ധതികൾക്ക് കൃത്യമായി തുക ചെലവഴിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും ഓഫീസുകൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്നില്ലെങ്കിൽ ആയത് കണ്ടെത്തി നൽകുന്നതിനും സർക്കാരിൽ നിന്നും ലഭിക്കുന്ന തുക പാഴാക്കാതെ കൃത്യമായും പ്രായോഗികമായും ചെലവഴിക്കണമെന്നും സമിതി **നിർദ്ദേശിക്കുന്നു.**

233) പരിസ്ഥിതി വകുപ്പിന്റെ പദ്ധതി വിവരങ്ങൾ പരിശോധിച്ചതിൽ പല പദ്ധതികളിലും 40 മുതൽ 75 ശതമാനം വരെയും ഏതാനും ചിലതിൽ 90 ശതമാനം വരെയും തുക ചെലവഴിച്ചതായി കാണുന്നുവെന്നും പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു..

234) പരിസ്ഥിതി വകുപ്പിനുള്ള ബഡ്ജറ്റ് വിഹിതം കാലികമായി വർദ്ധിപ്പിക്കണമെന്നും ആയതിനനുസൃതമായുള്ള പദ്ധതികൾ തയ്യാറാക്കണമെന്നും സമിതി വിലയിരുത്തുന്നു. വകുപ്പ് മറ്റു മേഖലകളിൽ നിന്നും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ സംഭാവന സ്വീകരിച്ചുകൊണ്ട് അവരെ സഹകരിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണമെന്നും ഇത് സാമൂഹ്യ ഉത്തരവാദിത്ത പദ്ധതിയായി വിഭാവനംചെയ്തുകൊണ്ട് ആയത് നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി **ശിപാർശ** ചെയ്യുന്നു.

235) 2050 ആകുമ്പോഴേക്കും 'നെറ്റ്-സീറോ കാർബൺ ബഹിർഗമനം' കൈവരിക്കുക എന്നതാണ് കേരളം ലക്ഷ്യമിടുന്നത്. ഇന്ന് സമൂഹത്തിലുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളെല്ലാം പരിശോധിക്കേണ്ട ഉന്നത സ്ഥാപനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പരിസ്ഥിതി വകുപ്പാണെന്നും ഇക്കാര്യത്തിൽ മറ്റെല്ലാ വകുപ്പുകളെയും നിരീക്ഷിക്കാനും വിലയിരുത്താനും അധികാരമുള്ള ഒരു വകുപ്പായി പരിസ്ഥിതി വകുപ്പ് മാറേണ്ടതുണ്ടെന്നും പരിസ്ഥിതി നയം കാലാനുസൃതമായി പുതുക്കുന്നത് ഇതിന് ഗുണകരമാകുമെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ, പരിസ്ഥിതി നയം കാലതാമസം കൂടാതെ പുതുക്കുന്നതിന് സമിതി **ശിപാർശ** ചെയ്യുന്നു.

236) മാറുന്ന കാലാവസ്ഥയെ എങ്ങനെ നേരിടുമെന്നതാണ് നിലവിലും വരുംകാലത്തും ലോകരാജ്യങ്ങൾ നേരിടേണ്ടിവരുന്ന വലിയ വെല്ലുവിളി . ഇതിനെ മറികടക്കാൻ കൃത്യമായ മുന്നൊരുക്കങ്ങൾ അത്യന്താപേക്ഷിതമാണ്. ഭരണകൂടം, ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ, സാധാരണ ജനങ്ങൾ തുടങ്ങി എല്ലാവരുടെയും പങ്കാളിത്തമുറപ്പാക്കി കൂട്ടായ പ്രവർത്തനങ്ങൾ അനിവാര്യമാണ്. ഇച്ഛാശക്തിയോടെയും നിശ്ചയദാർഢ്യത്തോടേയും വരും തലമുറയ്ക്കായുള്ള

കരുതലിനായുള്ള പരിസ്ഥിതി പ്രവർത്തനങ്ങൾ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലങ്ങൾ ചെറുത്തുനിൽക്കാൻ മനുഷ്യരാശിയെ പ്രാപ്തരാക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

തിരുവനന്തപുരം കെ. കെ. ശൈലജ ടീച്ചർ, എം.എൽ.എ.,

2026 ഫെബ്രുവരി 24 ചെയർപേഴ്സൺ,

എസ്റ്റിമേറ്റ്സ് കമ്മിറ്റി.

# അനുബന്ധം

## കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

## ബഡ്ജറ്റ് വിനിയോഗം സംബന്ധിച്ച റിപ്പോർട്ട്

## 2019-20

| ക്രമ നം. | പദ്ധതി ഘടകം | ചെലവ് | ഭൗതിക നേട്ടം |
|---|---|---|---|
| 1. | ജൈവവൈവിധ്യ പരിപാലനം സമിതികളുടെ ശാക്തീകരണവും പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ സംരക്ഷണ കർമ്മ പരിപാടികളും | 1,06,22,939 | മാതൃക ബി.എം.സി.കളായി 28 ബി.എം.സി.കളെ തിരഞ്ഞെടുത്തിരുന്നു. അവ നടപ്പാക്കുന്ന പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾക്കായി എഗ്രിമെന്റിലേർപ്പെടുകയും ആദ്യ ഗഡുവായി 3 ലക്ഷം രൂപ വീതം അനുവദിക്കുകയും ചെയ്തു. |
| 2. | ജില്ലാതലത്തിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിനെയും മറ്റ് ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളെയും അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ | 84,00,000 | 2019-20-ൽ 75 പി.ബി.ആർ. തയ്യാറാക്കി. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പി.ബി.ആർ. തയ്യാറാക്കൽ പൂർത്തീകരിച്ചു. (ആകെ 1034). 14 ജില്ലാ പഞ്ചായത്തുകളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലും ഈ കാലയളവിൽ ബി.എം.സി.കൾ രൂപീകരിച്ചു. (ആകെ 1200) 14 ജില്ലകളിലെയും പി.ബി.ആർ. അപ്ഡേഷൻ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| 3. | കേരള ജൈവവൈവിധ്യ വിവര സാങ്കേതിക സംവിധാനം | 0 | പി.ബി.ആറിൽ ഉൾപ്പെട്ട ജൈവവൈവിധ്യത്തിന്റെ മുഴവൻ വിവരങ്ങൾ ഉൾ ക്കൊള്ളിച്ച് കൊണ്ടുള്ള ഒരു ഡാറ്റാബേസ് നിർമ്മാണം പുരോഗമിക്കുന്നു. |
| 4. | ആവാസ വ്യവസ്ഥകളുടെ വിവരശേഖരണവും ജൈവവൈവിധ്യ സ്ഥിത വിവരങ്ങളുടെ വിശദീകരണവും | 10,80,000 | ടി.ബി.ജെ.ആർ.ഐ., സി.എം.എഫ്.ആർ.ഐ., ZSI എന്നീ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടു. |
| 5. | വിഷയാടിസ്ഥാനത്തിലുള്ള ജൈവവൈവിധ്യ സംരക്ഷണ മേഖലകൾ | 10,00,000 | ചടയമംഗലം (കൊല്ലം), മാരനെല്ലൂർ (തിരുവനന്തപുരം), ഏഴോം (കണ്ണൂർ) എന്നിവിടങ്ങളിൽ ജൈവൈവിധ്യ മാതൃകകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചു. ആദ്യ ഗഡു അനുവദിച്ചു. |
| 6. | കേരള ജൈവവൈവിധ്യ മ്യൂസിയം | 27,58,367 | 2018 ജൂൺ 5 ന് പ്രവർത്തനം ആരംഭിച്ചു. കേരള ജൈവവൈവിധ്യ മ്യൂസിയത്തിലെ ജീവനക്കാരുടെ വേതനം , നിലവിലെ അടിസ്ഥാന സൗകര്യ വികസനം , പ്രവർ ത്തന ക്ഷമത വർ ദ്ധിപ്പിക്കുന്നതിനുമുള്ള ചെലവുകൾ. |
| 7. | മലബാർ ജൈവവൈവിധ്യ മ്യൂസിയം | | ധനലഭ്യത കുറവായതിനാൽ ആരംഭിക്കാൻ സാധിച്ചില്ല. |
| 8. | ജൈവവൈവിധ്യ ഗവേഷണ കേന്ദ്രവും ഗവേഷണ പദ്ധതികൾക്കുള്ള ഫെലോഷിപ്പുകളും | 22,59,812 | ജൈവവൈവിധ്യ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ ക്ക് 9 ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകി |

| | | | |
|---|---|---|---|
| | | | (2016-17, 2017-18) |
| 9. | കേരള ജൈവവൈവിധ്യ അവാർഡുകൾ | 5,75,122 | 2018-19-ലെ ജൈവവൈവിധ്യ പുരസ്കാരങ്ങൾ 2019 ജൂൺ 5, പരിസ്ഥിതി ദിനത്തിൽ വിതരണം നടത്തി. |
| 10. | കേരള സംസ്ഥാന ജൈവവൈവിധ്യ കോൺ ഗ്രസ്സ് | 7,84,990 | ധനലഭ്യത കുറവായതിനാൽ കേരള സംസ്ഥാന ജൈവവൈവിധ്യ കോൺ ഗ്രസ്സ് നടത്താൻ സാധിച്ചില്ല . എന്നാൽ ജില്ലാതലത്തിലും , സംസ്ഥാന തലത്തിലും കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സ് സംഘടിപ്പിച്ചു. |

**2020-21**

| ക്രമ നം. | പദ്ധതി ഘടകം | ചെലവ് | ഭൗതിക നേട്ടം |
|---|---|---|---|
| 1. | **വികേന്ദ്രീകൃത ജൈവവൈവിധ്യ സംരക്ഷണം** | | ഭൗതിക നേട്ടം |
| | a. ജൈവവൈവിധ്യ പരിപാലന സമിതികളുടെ ശാക്തീകരണവും പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ സംരക്ഷണ കർ മ്മ പരിപാടികളും | 2,00,000 | മലപ്പുറം ജില്ലയിലെ ഉർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ മാതൃക ബി.എം.സി. പദ്ധതി നടപ്പിലാക്കുന്ന- തിനായുള്ള രണ്ടാംഗഡു ധനസഹായം നൽകി. ബി.എം.സി.കളുടെ പുനർരൂപീകരണം 48 ശതമാനം പൂർത്തീകരിച്ചു. |
| | b.ജില്ലാതലത്തിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിനെയും മറ്റ് ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളെയും അടിസ്ഥാന പെടുത്തിയുള്ള പ്രവർത്തനങ്ങൾ | 1,16,86,411 | തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ മുനിസിപ്പാലിറ്റി , മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ പി .ബി.ആർ. ഡിജിറ്റലൈസേഷൻ പ്രവർത്തികൾ പൂർ ത്തീകരിച്ചിട്ടുണ്ട്. മറ്റു ബിഎംസികളിൽ പ്രസ്തുത ജോലികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | c. സംരക്ഷിത മേഖലകൾക്ക് പുറമെയുള്ള ജൈവവൈവിധ്യ സമ്പന്നമായ പ്രദേശങ്ങൾ കണ്ടെത്തി ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായി അവയെ സംരക്ഷിക്കൽ | 9,38,079 | കേരളത്തിലെ പ്രഥമ ജൈവവൈവിധ്യ കേന്ദ്രമായ കൊല്ലം ജില്ലയിലെ ആശ്രാമം കണ്ടൽപ്രദേശത്ത് സൈൻ ബോർഡുകൾ സ്ഥാപിച്ച മിയാവാക്കി ഫോറസ്റ്റ്, ബട്ടർ ഫ്ലൈ ഗാർഡൻ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണ മേഖലകളുടെ തുടർ പ്രവർത്തനങ്ങൾക്കായുള്ള വിശദമായ പദ്ധതിരൂപരേഖ തയ്യാറാക്കി പന്തളം മുനിസിപ്പാലിറ്റിയിലെ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷസംരക്ഷണ പദ്ധതിക്കായി പന്തളം മുനിസിപ്പാലിറ്റി ബി.എം.സി.ക്ക് ധനസഹായം നൽകി. |
| **2.** | **ജൈവവൈവിധ്യ ഗവേഷണം** | | |
| | a.പൊതുജനപങ്കാളിത്തത്തോടുയുള്ള ജൈവവൈവിധ്യ സംരക്ഷണത്തിന്റെ സുസ്ഥിര മാതൃകകൾ നിർമ്മിക്കുക , എ.ബി.എസ്. | 76,00,000 | 4 ബി.എം.സി.കളിൽ മിയാവാക്കി മാതൃകയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യ ഗഡു നൽകി. 13 ബിഎം.സി.കളിൽ ബയോ ഡൈവേഴ്സിറ്റി പാർക്ക് തയ്യാറാക്കുന്നതിനുള്ള ആദ്യ ഗഡു നൽകി. |
| | d. ജൈവവൈവിധ്യ ഗവേഷണ പദ്ധതികൾക്കുള്ള ഫെലോഷിപ്പുകൾ (നീക്കിയിരിപ്പ്) | 8,61,379 | ജൈവവൈവിധ്യ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾക്ക് 9 ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകി. |
| 3. | ജൈവവൈവിധ്യ ബോധവൽക്കരണ പരിപാടികൾ | | |
| | a. കേരള ജൈവവൈവിധ്യ മ്യൂസിയം | 29,83,193 | 2018 ജൂൺ 5 ന് പ്രവർത്തനം ആരംഭിച്ചു. കേരള ജൈവവൈവിധ്യ മ്യൂസിയത്തിലെ ജീവനക്കാരുടെ വേതനം , നിലവിലെ അടിസ്ഥാന സൗകര്യ വികസനം, പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള ചെലവുകൾ |
| | b. മലബാർ ജൈവവൈവിധ്യ മ്യൂസിയം | 15,301 | പദ്ധതി പ്രദേശത്ത് വിദഗ്ധ സമിതി സ്ഥലസന്ദർശനം നടത്തുകയും തുടർ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടന്നു വരുകയും ചെയ്യുന്നു. |
| | c. കേരള ജൈവവൈവിധ്യ അവാർഡുകൾ | 1,81,486 | ജൈവവൈവിധ്യ അവാർഡുകൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി. എന്നാൽ ലോക്ഡൗൺ സാഹചര്യത്തിൽ അവാർഡ് പ്രഖ്യാപിച്ചിട്ടില്ല. |
| | d.കേരള സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ്സ് | 73,354 | കോവിഡ് സാഹചര്യത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യ കോണ്നമുക്ക് ഗ്രസ്സ് നടത്താൻ സാധിച്ചില്ല. പകരം കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സ് ഓൺലൈനായി നടത്തി. |
| | e. സെമിനാറുകൾ, ശിൽപ്പശാലകൾ, പ്രദർശനങ്ങൾ എന്നിവ മുഖേനയുള്ള അവബോധ പ്രവർത്തനങ്ങൾ | 54,740 | ജൈവവൈവിധ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി വിവിധ വെബിനാറുകൾ സംഘടിപ്പിച്ചു . 'വൈഗ 2021' പ്രദർശനത്തിൽ പങ്കാളിയായി . കൈപുസ്തകങ്ങളും ലഘുലേഖകളും തയ്യാറാക്കി. |
| 4. | സംസ്ഥാന ജൈവവൈവിധ്യ ഫണ്ട് | 25,00,000 | 24.02.2012-ലെ ജി .ഒ. (എം.എസ ്)3/12/പരി. എന്ന സർക്കാർ ഉത്തരവ് പ്രകാരം ദീർഘകാല ജൈവവൈവിധ്യ പ്രവർത്തനങ്ങൾക്കുള്ള കോർപ്പസ് ഫണ്ട്. |
| 5. | അടിസ്ഥാന സൗകര്യവികസനം/ ഓപ്പറേഷണൽ ചാർജ്ജസ് | 52,73,085 | വിവിധ പദ്ധതികളുടെ നടത്തിപ്പിനായുള്ള ചെലവുകളും ദൈനംദിന ഓഫീസ് ചെലവുകളും (ശമ്പളം, കാർ വാടക , ടെലഫോൺ, യാത്രാബത്ത മുതലായവ) |
| 6. | 2018-19, 2019-20-ൽ പൂർത്തീകരിച്ചതും തുക അനുവദിക്കാൻ ബാക്കിയുള്ളമായ പദ്ധതികൾ | 1,42,15,560 | 2018-19, 2019-20-ൽ പദ്ധതി പൂർത്തീകരിച്ചതും, തുക നൽകാത്തതുമായ പദ്ധതികൾ, ആ കാലയളവിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് ദൈനംദിന പ്രവർത്തനങ്ങൾ തുടങ്ങിയവ |
| | **ആകെ** | **4,65,82,588** | |

* 2020-21ൽ പദ്ധതി വിഹിതമായി 9 കോടി രൂപയുടെ ബഡ്ജറ്റ് അംഗീകരിച്ചുവെങ്കിലും 5 കോടി രൂപ മാത്രമാണ് റിലീസ് ചെയ്ത് ലഭിച്ചത്.

## 2021-22

| ക്രമ നം. | പദ്ധതി | ചെലവ് | ഭൗതിക നേട്ടം |
|---|---|---|---|
| | **ജൈവവൈവിധ്യ സംരക്ഷണം** | | |
| A | **വികേന്ദ്രീകൃത ജൈവവൈവിധ്യ സംരക്ഷണം** | | |
| 1. | സംരക്ഷിത മേഖലകൾക്ക് പുറമെയുള്ള ജൈവവൈവിധ്യ സമ്പന്നമായ പ്രദേശങ്ങളുടെ കണ്ടെത്തലും അവയെ ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ/പ്രാദേശിക ജൈവവൈവിധ്യ സ്ഥാനങ്ങളായി സംരക്ഷിക്കലും | 7,81,500 | തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ലയിലെ അയർകുന്നം ഗ്രാമപഞ്ചായത്ത് എന്നീ ബി.എം.സി.കൾ പ്രമേയം പാസാക്കി പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ/ വൃക്ഷങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളതും, ബോർഡ് അംഗീകരിച്ചിട്ടുള്ളതുമായ പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ / വൃക്ഷങ്ങളുടെ സംരക്ഷണത്തിനായി , ബി.എം.സി.കൾ സമർപ്പിച്ച പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ 2021-22-ലെ പ്ലാൻ സ്കീമിലുൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| 2. | ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിനെ ആധാരമാക്കിയുള്ള കർമ്മപദ്ധതികളും മറ്റ് ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളും<br>a. തരിശ്ശുഭൂമിയിലെ ജൈവവൈവിധ്യ പ്രോത്സാഹനം<br>b. പൊതുസ്ഥലങ്ങളിലെ കുളങ്ങളുടെ സംരക്ഷണം<br>c. കാവുകളുടെയും കണ്ടൽ ക്കാടുകളുടെയും സംരക്ഷണം<br>d. ഫ്ലാഗ്ഷിപ്പ് സ്പീഷീസുകളെ കണ്ടെത്തുകയും അവയുടെ വംശസംരക്ഷണം പ്രോത്സാഹിപ്പിക്കുകയും ചെയ്യൽ | 82,21,026 | • ജൈവവൈവിധ്യ പാർക്ക് തയ്യാറാക്കൽ പദ്ധതിയുടെ രണ്ടാം ഗഡു 4 ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചു.<br>• കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന് (ആലപ്പുഴ ജില്ല) ഓണാട്ടുകരയുടെ ഭാഗമായി കണ്ടല്ലൂരിൽ കൃഷി ചെയ്തുവന്നിരുന്നതും , നിലവിൽ അന്യമായിക്കൊണ്ടിരി - ക്കുന്നതുമായ ആലപ്പി സുപ്രീം എന്നറിയപ്പെടുന്ന ആലപ്പി മഞ്ഞൾ സംരക്ഷണ പദ്ധതിക്കായി 5,00,000/- രൂപ അനുവദിച്ചു. വെളിയങ്കോട് ഗ്രാമപഞ്ചായത്തിന് (മലപ്പുറം ജില്ല), പുതുമുറി പ്രദേശത്തെ കടൽത്തീരത്ത് പ്രജനനത്തിനായി എത്തുന്ന കടലാമകളുടെ സംരക്ഷണത്തിനായുള്ള പദ്ധതിക്കായി 5,00,000/- രൂപ അനുവദിച്ചു. അഴിയൂർ ഗ്രാമപഞ്ചായത്തിന് (കോഴിക്കോട് |

| | | | |
|---|---|---|---|
| | e. വീട്ടുവളപ്പിൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കലും അതിന്റെ ഉപയോഗവും<br>f. വിവിധ ജൈവവൈവിധ്യ അധിഷ്ഠിത ഉപജീവനമാർഗ്ഗ പദ്ധതികളുടെ പ്രോത്സാഹനം<br>g. മാതൃക ബി.എം.സി. പദ്ധതികൾക്കായുള്ള നീക്കിയിരിപ്പ് (2019-20) | | ജില്ല), 7 തീരദേശ വാർഡുകളിലെ മണ്ണൊലിപ്പ് തടഞ്ഞ്, കടലാക്രമണത്തെ പ്രതിരോധിച്ച്, ജൈവവൈവിധ്യ ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുന്ന പദ്ധതിക്കായി 3,02,500/- രൂപ അനുവദിച്ചു. എലപ്പുള്ളി (പാലക്കാട് ജില്ല) പഞ്ചായത്തിന്റെ അധീനതയിലുള്ള പോക്കാന്തോട് പ്രദേശത്തെ എൽ.പി. സ്കൂളിലെ 1 ഏക്കർ സ്ഥലത്ത് ഫലവൃക്ഷത്തോട്ടം തയ്യാറാക്കുന്ന പദ്ധതിക്കായി 3,00,000/- രൂപ അനുവദിച്ചു.<br>• സംസ്ഥാന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2021-ൽ പുനർ രൂപീകരിച്ച ബി .എം.സി.കൾക്കുള്ള ജില്ലാതല പരിശീലന പരിപാടികൾ 2021 ഡിസംബർ 21-ന് തിരുവനന്തപുരം ജില്ലയിലെ പരിശീലന പരിപാടിയിലൂടെ തുടക്കം കുറിച്ചു. 2022 ജനുവരി 4, 5, 12 എന്നീ തീയതികളിൽ യഥാക്രമം കൊല്ലം, പത്തനംതിട്ട, കണ്ണൂർ ജില്ലകളൽ ബി.എം.സി. പരിശീലനങ്ങൾ സംഘടിപ്പിച്ചു. തുടർന്ന്, കോവിഡ് മൂന്നാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ താൽക്കാലികമായി നിർത്തിവച്ചിരുന്ന പരിശീലന പരിപാടികൾ പുതുക്കിയ ഷെഡ്യൂൾ പ്രകാരം പുനരാരംഭിക്കുകയും 28.02.2022-ന് കോഴിക്കോട്, 02.03.2022-ന് കാസർഗോഡ്, 04.03.2022-ന് തൃശ്ശൂർ, 05.03.2022-ന് പാലക്കാട്, 09.03.2022-ന് ആലപ്പുഴ എന്നീ ജില്ലകളിൽ പരിശീലനം നടത്തി.<br>• പ്രാദേശികതല ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി അപ്പോളോ ടയേഴ്സുമായി സഹകരിച്ച് ജൈവവൈവിധ്യ പാർക്ക് തയ്യാറാക്കുന്നതിന് തൃശ്ശൂർ ജില്ലയിലെ കൊടകര ഗ്രാമപഞ്ചായത്ത് ബി.എം.സി.യ്ക്ക് ഫണ്ട് അനുവദിച്ചു.<br>• കേന്ദ്ര ജൈവവൈവിധ്യ അതോറിറ്റിയുടെ |

| | | | |
|---|---|---|---|
| | | | നിർദ്ദേശപ്രകാരം 8 അംഗ സംസ്ഥാന തല ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ ക്വാളിറ്റി ഇവാല്യവേഷൻ മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ ആദ്യ യോഗം 2311.2021-ന് കെ.എസ്.ബി.ബി. ചെയർമാന്റെ അധ്യക്ഷതയിൽ ഓൺലൈനായി നടത്തുകയുണ്ടായി.<br>• കോഴിക്കോട് ജില്ലയിലെ അഴിയൂർ , കടലുണ്ടി, കണ്ണൂർ ജില്ലയിലെ ചെങ്ങളായി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഇ - പി.ബി.ആറിന്റെ ഡാറ്റാ എൻട്രി ബി.എം.സി. തലത്തിൽ പൂർത്തിയാക്കി.<br>• കോഴിക്കോട് ജില്ലയിലെ കടലുണ്ടി , അഴിയൂർ, കോട്ടയം ജില്ലയിലെ തീക്കോയി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി ഓൺ ലൈനായി പരിശീലന പരിപാടി സംഘടിപ്പിച്ചു. |
| B | ജൈവവൈവിധ്യ ഗവേഷണവും എ.ബി.എസും | | |
| 1. | ജൈവവൈവിധ്യ ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള RET സസ്യങ്ങളുടെയും ജീവജാതികളുടെയും പ്രജനന രീതികൾ വികസിപ്പിക്കൽ, നഴ്സറികളുടെ രൂപീകരണം, ഗവേഷണ സ്ഥാപനങ്ങൾ, കുടുംബശ്രീ, മാഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് മിഷൻ എന്നിവയിലൂടെ ഇവയുടെ കൃഷി പ്രോത്സാഹനം | 4,49,350 | • ഗവേഷണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയുടെ പിന്തുണയോടെ തദ്ദേശീയമായ വംശനാശഭീഷണി നേരിടുന്ന സസ്യങ്ങൾക്കായി നഴ്സറികൾ സ്ഥാപിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായിട്ടുള്ള പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ഇതിനായി പാലോട് JNTBGRI യുമായി ചർച്ച ചെയ്യുകയും പ്രസ്തുത പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ 10 കുടുംബശ്രീ യൂണിറ്റുകളിലെ 500 ജീവനക്കാർക്ക് (1 യൂണിറ്റിൽ നിന്നും 25 ജീവനക്കാർക്ക്) 20 പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ |

| | | | |
|---|---|---|---|
| | | | ധാരണയായിട്ടുണ്ട്. ട്രെയിനികൾക്ക് ഭക്ഷണവും പഠന/പരിശീലന സാമഗ്രികൾ നൽകുകയും കൂടാതെ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 3500 തൈകൾ/നടീൽ വസ്തുക്കൾ എന്നിവ നൽകാമെന്നും സാങ്കേതികവും നടപടിക്രമപരവുമായ പിന്തുണ നൽ കാനും JNTBGRI സന്നദ്ധത പ്രകടിപ്പിക്കുകയും ഇതിന്റെ ഭാഗമായി "Development of nurseries and propagation of RET species/species notified under biological diversity act"എന്ന തലക്കെട്ടിൽ ഒരു പ്രോജക്റ്റ് പ്രൊപ്പോസൽ സമർപ്പിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിന് ആദ്യ ഗഡുവായി 2021-22-ലെ പ്ലാൻ ഫണ്ടിൽ നിന്നും 4,49,350/- രൂപ അനുവദിക്കുകയും ചെയ്തു.<br>• JNTBGRI, ZSI, CMFRI എന്നിവരുടെ സാങ്കേതിക സഹായത്തോടെ വംശനാശ ഭീഷണി നേരിടുന്ന കേരളത്തിലെ സസ്യജന്തുജാലങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുന്ന റെഡ് ഡാറ്റാ ബുക്ക് തയ്യാറാക്കി.<br>• |
| 2. | റിസോഴ്സ് ഗ്രൂപ്പുകളുടെ കാര്യശേഷി വികസനത്തിലൂടെ എ.ബി.എസ്. സെല്ലിന്റെ ശാക്തീകരണം/ നിയമവിദഗ്ധരുമായി കൂടിയാലോചന / പ്രാദേശിക അറിവുദായകർ ലെവി കളക്ഷൻ ഫീസ് ഈടാക്കാൻ ബി.എം.സി.യെ ശാക്തീകരിക്കലും. | 5,000 | എ.ബി.എസ്. സംബന്ധിച്ച് ഒരു വീഡിയോ നിർ മ്മിച്ചു. |
| 3. | മനുഷ്യർ/മൃഗങ്ങൾ/സസ്യങ്ങൾ എന്നിവയുടെ ഇടപെടൽമൂലമുള്ള ജൈവവൈവിധ്യ ശോഷണത്തെക്കുറിച്ചുള്ള ജൈവവൈവിധ്യ പഠനങ്ങളും നിരീക്ഷണവും | 7,88,410 | • കടൽത്തീരം നഷ്ടപ്പെടുന്നത് മൂലം തീരവുമായി ബന്ധപ്പെട്ട ജൈവവൈവിധ്യവും, മത്സ്യബന്ധന രീതികളും ജനവാസവും നഷ്ടപ്പെടുന്നു. തീരദേശത്തു കോൺക്രീറ്റ് ഭിത്തി നിർ മ്മിച്ചു സംരക്ഷിക്കുന്നതിനുള്ള നിരവധി |

| | | | |
|---|---|---|---|
| | | | ശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ,പലതും വിഫലമായിട്ടാണുള്ളത്. ഈ സാഹചര്യത്തിലാണ് പരീക്ഷണാടിസ്ഥാനത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കേരളത്തിലെ കടൽത്തീരങ്ങളുടെ സംരക്ഷണത്തിനായി ഈ പദ്ധതി നടപ്പിലാക്കുന്നത്. ലക്ഷ്യം വെച്ച്കൊണ്ട് പൂവാർ ബി .എം.സി.യുടെ സഹകരണത്തോടെ പൂവാർ തീരത്ത് കൈതക്കൊണ്ടുള്ള ബയോഷീൽഡ് നിർമ്മിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുള്ളത് . മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പുമായി ചേർന്ന് നിർവ്വഹിക്കുന്ന ടി പദ്ധതിക്കായി ബി.എം.സി.ക്ക് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം 03.03.2022-ന് രാവിലെ 10.30 ന് ബഹു. കോവളം നിയോജക മണ്ഡലം എം.എൽ.എ. അഡ്വ. എം. വിൻസെന്റ് അവർകൾ പൂവാർ കടൽത്തീരത്ത് കൈതതൈകൾ നട്ട് നിർവ്വഹിച്ചു.<br>• സ്ഥാനീയമായി നിലകൊള്ളുന്ന ജൈവവൈവിധ്യ സമ്പന്നയിടങ്ങളും/വൃക്ഷങ്ങളും ഭരണ നിർവ്വഹണത്തിലൂടെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഓരോ ജില്ലയിലും ജൈവവൈവിധ്യ സമ്പന്ന പ്രദേശങ്ങളെ കണ്ടെത്തി TSG അംഗങ്ങളുടെ/കോളേജ് അദ്ധ്യാപകർ/സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ ശാസ്ത്രീയമായ രീതിയിൽ ജൈവവൈവിധ്യ നിരീക്ഷണ പഠനങ്ങൾ നടന്നു വരുന്നു . ഇതിനായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങൾ തിരുവനന്തപുരം ജില്ലയിലെ പഴഞ്ചിറകുളം (ചിറയിൻകീഴ് പഞ്ചായത്ത്) കഠിനംകുളം കായൽ (കഠിനംകുളം പഞ്ചായത്ത്) കരിച്ചൽ |

| | | | |
|---|---|---|---|
| | | | കായലും കോട്ടകാൽ കണ്ടൽകാടും (കാഞ്ഞിരംകുളം, കരുംകുളം പഞ്ചായത്തുകൾ), ആലപ്പുഴ ജില്ലയില് പെരുമ്പളം ദ്വീപ് (ജില്ലയിലെ വടക്കുകിഴക്കൻ പ്രദേശം ), പള്ളിപ്പുറം കണ്ടൽ പ്രദേശം (പള്ളിപ്പുറം തൈക്കാട്ടുശ്ശേരി അരൂക്കുറ്റി പ്രദേശം), എറണാകുളം ജില്ലയിലെ പൊന്നുംകുടംകാവ് (കളമശ്ശേരി മുനിസിപ്പാലിറ്റി), പാലക്കാട് ജില്ലയിലെ രാമശ്ശേരി പൈതൃക കുന്നുകൾ, കോട്ടയം ജില്ലയിലെ തേവർമല (ഭരണങ്ങാനം പഞ്ചായത്ത്) കല്ലറമുടക്കാലി, കല്ലുകടവ് പ്രദേശങ്ങൾ (കല്ലറ പഞ്ചായത്ത്) |
| C | **ജൈവവൈവിധ്യ വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികൾ** | | |
| 1. | കേരള ജൈവവൈവിധ്യ മ്യൂസിയം | 26,93,971 | വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾ കോഴ്സിന്റെ ഭാഗമായി ഇന്റേൺഷിപ്പും കേസ് സ്റ്റഡിയും ജൈവവൈവിധ്യ മ്യൂസിയത്തിൽ ചെയ്തു. കോവിഡ് മഹാമാരിയ്ക്ക് ശേഷം മ്യൂസിയം പൊതുജനങ്ങൾക്കായി തുറന്നു. സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നും വിദ്യാർത്ഥികൾ സന്ദർശിച്ചു. പബ്ലിസിറ്റിക്കുള്ള മീഡിയ കവറേജ് 4 ദൃശ്യമാധ്യമങ്ങളിലൂടെ നടത്തി (മീഡിയ വൺ, ബി.ലൈവ്, ട്രിവാൻഡ്രം വ്ലോഗേഴ്സ്, മാതൃഭൂമി) വിക്ടേഴ്സ് ചാനൽ പഠനാവശ്യങ്ങൾക്കായി സമ്പൂർണ്ണ വീഡിയോ കവറേജ് നടത്തി. |
| 2. | മലബാർ ജൈവവൈവിധ്യ മ്യൂസിയം | | |
| 3. | ജൈവൈവിധ്യ വിദ്യാഭ്യാസ, ബോധവൽക്കരണ പരിപാടികൾ | 9,99,846 | • 'എന്റെ തൈ ' മൊബൈൽ ആപ്പ് - സംസ്ഥാനത്ത് വിവിധ പരിപാടികളുടെ ഭാഗമായി നട്ടുപിടിപ്പിക്കുന്ന തൈകളുടെ പരിപാലനത്തിന്റെ മോണിട്ടറിംഗിനായി ജ്ഞൂൺ 5 ന് പ്രഖ്യാപിച്ച 'എന്റെ തൈ' മൊബൈൽ ആപ്പ് ഗൂഗിൾ പ്ലേസ്റ്റോറിൽ ലഭ്യമാക്കി.<br>• 2021 മാർച്ച് മുതൽ നവംബർ വരെ ന്യൂസ് ലെറ്റർ പുറത്തിറക്കി<br>• 13-ാമത് കുട്ടികളുടെ ജൈവവൈവിധ്യ |

| | | | |
|---|---|---|---|
| | | | കോൺഗ്രസ് നടത്തി.<br>• ജൈവവൈവിധ്യ ബോർഡുമായി ബന്ധപ്പെട്ട പ്രധാനദിനങ്ങൾ (ലോക ജൈവൈവിധ്യ ദിനം , ലോക പരിസ്ഥിതി ദിനം, ദേശീയ പക്ഷിനിരീക്ഷണ ദിനം, ലോക തണ്ണീർത്തട ദിനം തുടങ്ങിയവ) ആചരിച്ചു. ഇതുമായി ബന്ധപ്പെട്ട് വിവിധ ഓൺ ലൈൻ മത്സരങ്ങൾ സംഘടിപ്പിക്കുകയും തെരഞ്ഞെടുക്കപ്പെട്ട വർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.<br>• ജൈവവൈവിധ്യ പുരസ്കാര വിതരണം നടത്തി. |
| D | **സംസ്ഥാന ജൈവവൈവിധ്യ ഫണ്ട്** | 25,00,000 | 24.02.2012-ലെ ജി .ഒ.(എം.എസ്) 3/12/പരി. എന്ന സർക്കാർ ഉത്തരവ് പ്രകാരം ദീർഘകാല ജൈവവൈവിധ്യ പ്രവർത്തനങ്ങൾക്കുള്ള കോർപ്പസ് ഫണ്ട് |
| E | **കെ.എസ്.ബി.ബി. ആസ്ഥാന മന്ദിരത്തിലെ അടിസ്ഥാന സൗകര്യ വികസനം/ ഓപ്പറേഷണൽ ചാർജ്ജസ്** | 88,88,396 | വിവിധ പദ്ധതികളുടെ നടത്തിപ്പിനായുള്ള ചെലവുകളും ദൈനംദിന ഓഫീസ് ചെലവുകളും (ശമ്പളം, കാർ വാടക , ടെലഫോൺ, യാത്രാബത്ത മുതലായവ) |
| | **ആകെ** | **2,90,00,000** | |

* 2021-22-ൽ പദ്ധതി വിഹിതമായി 8 കോടി രൂപയുടെ ബഡ്ജറ്റ് അംഗീകരിച്ചുവെങ്കിലും 2.9 കോടി രൂപ മാത്രമാണ് റിലീസ് ചെയ്തു ലഭിച്ചത്.